# ഗിരിദീപം

നവംബർ 2024



നവംബർ 24

മിശിഹായുടെ രാജത്വതിരുനാൾ



നവംബർ എട്ടാം തീയതി
മെത്രാഭിഷേകത്തിന്റെ
ഏഴാം വാർഷികം ആഘോഷിക്കുന്ന
തലശേരി അതിരൂപതയുടെ ഇടയൻ
അഭിവന്ദ്യ
മാർ ജോസഫ് പാംപ്ലാനി
പിതാവിന്
പ്രാർത്ഥനാശംസകൾ

നവംബർ 2024

വാല്യം 07
ലക്കം 11

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 575 /2024, Circular No. 13/2024 ........ 05
2. Prot. No. 576 /2024, Circular No. 14/2024 ........ 08
3. കച്ചേരിക്കാര്യം ........ 11
4. സെമിനാരി വാർത്തകൾ ........ 26
5. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 27
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........ 35
7. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 38
   തിരുബാലസഖ്യം ........ 46
8. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 49
9. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 53
10. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 62
   നിർമലഗിരി കോളേജ് ........ 64
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 67
   സാൻജോസ് അക്കാദമി ........ 69
11. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
   എകെസിസി ........ 70
   കുടുംബക്കൂട്ടായ്മ ........ 75
   ADAM ........ 77
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 79
12. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 81
   എയ്ഞ്ചൽ ട്രസ്റ്റ് ........ 89
   ബയോ മൗണ്ടൻ ഫാർമേഴ്സ് ........ 90
13. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 92
14. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 93
15. Engagements - November (Archbishop Mar Joseph Pamplany) ........ 94
16. Engagements - November (Archbishop Mar George Njaralakatt) ........ 96
17. Engagements - November (Archbishop Mar George Valiamattam) ........ 97
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 98

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 575 /2024, Circular No. 13/2024

## ദിവ്യകാരുണ്യ കോൺഗ്രസ്

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

നമ്മുടെ അതിരൂപത 2024-ാമാണ്ട് ദിവ്യകാരുണ്യവർഷമായി ആചരിക്കുകയാണല്ലോ. ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ച് നമ്മുടെ അതിരൂപതയിൽ ആദ്യമായി ദിവ്യകാരുണ്യകോൺഗ്രസ് നടത്തുകയാണ്. 2024 ഡിസംബർ 11 മുതൽ 14 വരെയുള്ള തീയതികളിൽ തോമാപുരം ഫൊറോനാ പള്ളിയോടനുബന്ധിച്ചു ക്രമീകരിക്കുന്ന ദിവ്യകാരുണ്യനഗറിലാണ് ദിവ്യകാരുണ്യ കോൺഗ്രസ് നടത്തുന്നത്. പരിശുദ്ധ കുർബാനയെന്ന ദൈവികരഹസ്യത്തെ ആഴത്തിൽ ധ്യാനിക്കാനും പഠിക്കാനുമുള്ള അവസരമായി ലെയോ പതിമൂന്നാമൻ മാർപാപ്പായുടെ അനുഗ്രഹാശ്ശിസുകളോടെ ഫ്രാൻസിലാണ് ദിവ്യകാരുണ്യകോൺഗ്രസ് ആരംഭിച്ചത്. ഇതിനെ കൂടുതൽ ജനകീയമാക്കിയത് 'ദിവ്യകാരുണ്യത്തിന്റെ പാപ്പ' എന്നറിയപ്പെടുന്ന വിശുദ്ധ പത്താം പീയൂസ് മാർപാപ്പായാണ്. ആഗോളതലത്തിലും ദേശീയതലത്തിലും രൂപതാതലങ്ങളിലും പ്രാദേശികതലങ്ങളിലും ദിവ്യകാരുണ്യ കോൺഗ്രസുകൾ സംഘടിപ്പിക്കാറുണ്ട്.

യുഗാന്തംവരെ നമ്മോടൊത്തു നിത്യമായി വസിക്കാൻ ആഗ്രഹിക്കുന്ന ഈശോ സത്യമായും സന്നിഹിതമായിരിക്കുന്ന ദൈവിക കൂദാശയാണ് വിശുദ്ധ കുർബാന. പരിശുദ്ധ കുർബാനയിലെ അപ്പത്തിലും വീഞ്ഞിലും നമ്മുടെ കർത്താവീശോമിശിഹായുടെ ആത്മാവും ദൈവത്വവും യഥാർത്ഥമായും സത്യമാ

യും പൂർണമായും സന്നിഹിതമാണെന്നത് സഭയുടെ ഏറ്റവും അടിസ്ഥാനപരമായ വിശ്വസമാണ്. ഈ സത്യം പഠിപ്പിക്കുന്നതിലും കൈമാറുന്നതിലും വരുത്തുന്ന വീഴ്ച സഭയെ ദുർബലമാക്കും. വിശുദ്ധ കുർബാനയില്ലെങ്കിൽ സഭയ്ക്കു നിലനിൽക്കാനാവില്ല. ഇരുപതു നൂറ്റാണ്ടുകളായി ക്രൂരമായ മതമർദ്ദനങ്ങളേയും പീഡാനുഭവങ്ങളേയും സഭ അതിജീവിച്ചത് പരിശുദ്ധ കുർബാനയുടെ ശക്തിയാലാണ്. സഭയുടെ അഭിമാനമായ ധീരരക്തസാക്ഷികളും വിശ്രുതരായ വിശുദ്ധാത്മാക്കളും പരിശുദ്ധ കുർബാനയിൽ നിന്നാണ് നിരന്തരം ശക്തിസംഭരിച്ചിരുന്നത്.

ഈശോ നമ്മെ പഠിപ്പിച്ച പല സത്യങ്ങളും നമുക്കു നൽകിയ പല കല്പനകളും പാലിക്കുന്നതിൽ സഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. എന്നാൽ 'ഇത് എന്റെ ഓർമക്കായി ചെയ്യുക' എന്ന കല്പനയനുസരിച്ച് പരിശുദ്ധ കുർബാന അർപ്പിക്കുന്നതിൽ ഒരിക്കലും സഭയ്ക്ക് വീഴ്ചയുണ്ടായിട്ടില്ല. ഈശോയുടെ ജനനവും പീഢാസഹനവും മരണവും സംസ്കാരവും ഉത്ഥാനവും സ്വാർഗാരോഹണവും അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്ന പരിശുദ്ധ കുർബാനയിലാണ് രക്ഷയുടെ വരപ്രസാദം നമുക്കു ലഭിക്കുന്നത്.

കുടിയേറ്റത്തിന്റെ കനൽ വഴികളിൽ നമ്മുടെ പൂർവ്വികരുടെ കരുത്ത് പരിശുദ്ധ കുർബാനയായിരുന്നു. വീട് പണിയും മുൻപേ പള്ളി പണിത് പരിശുദ്ധ കുർബാനയിൽ പങ്കുചേരാൻ നമ്മുടെ കാർന്നോൻമാര് കാണിച്ച നിഷ്ഠയാണ് മലബാറിന്റെ നാനാവിധമായ പുരോഗതിക്കു വെളിച്ചമായത്. ഞായറാഴ്ച കുർബാനയിൽ പങ്കുചേരാൻ ചൂട്ടും കത്തിച്ച് ഇരുപതു കിലോമീറ്ററുകളിലധികം കാട്ടിലൂടെ നടന്ന നമ്മുടെ പൂർവ്വികരുടെ ദിവ്യകാരുണ്യ ഭക്തിയാണ് നമുക്ക് കരുത്തായത്. വിശുദ്ധ കുർബാനയിലുള്ള വിശ്വാസം കുറയുമ്പോൾ ഇടവകകളും കുടുംബങ്ങളും ഭിന്നതയുടെ വേദികളാകും എന്ന സത്യം മറക്കാതിരിക്കാം.

ദിവ്യകാരുണ്യകോൺഗ്രസിൽ ഏറ്റവും ആഘോഷമായ ദിവ്യബലിയർപ്പണത്തോടൊപ്പം പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള പഠനങ്ങളും ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരിക്കും. സമാപനദിനത്തിൽ നഗരം ചുറ്റിയുള്ള ഭക്തി സാന്ദ്രമായ ദിവ്യകാരുണ്യപ്രദക്ഷിണവും ഉണ്ടായിരിക്കും. ദിവ്യകാരുണ്യകോൺഗ്രസിന്റെ ആദ്യ മൂന്നു ദിനങ്ങളിൽ പ്രശസ്ത വചനപ്രഘോഷകനായ ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ ദിവ്യകാരുണ്യവിചിന്തനങ്ങൾ പങ്കുവയ്ക്കുന്ന

താണ്. ദിവ്യകാരുണ്യ ഈശോയുമായുള്ള ആത്മബന്ധത്തിൽ ആഴപ്പെടാനുള്ള ഈ അപൂർവ അവസരത്തിലേക്ക് നിങ്ങൾ എല്ലാവരെയും ഞാൻ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു. ദിവ്യകാരുണ്യ കോൺഗ്രസിന് ഒരുക്കമായി ഡിസംബർ 10 നു മുമ്പായി അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും 13 മണിക്കൂർ ആരാധന നടത്താൻ ബഹു. വികാരിയച്ചന്മാരും ഉത്തരവാദിത്തപ്പെട്ടവരും ശ്രദ്ധിക്കണം.

ദിവ്യകാരുണ്യവർഷത്തിൽ നാം ആരംഭിച്ച നല്ല പതിവുകൾ മുടക്കം കൂടാതെ വരും വർഷങ്ങളിലും തുടരണമെന്ന് സ്നേഹപൂർവം ഓർമിപ്പിക്കുന്നു. നമ്മുടെ ശക്തി പരിശുദ്ധ കുർബാനയാണെന്ന് തിരിച്ചറിയാനും ദിവ്യകാരുണ്യഭക്തിയിൽ വളരാനും ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ എന്ന പ്രാർഥനയോടെ നിങ്ങളെ എല്ലാവരേയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*2024 ഒക്ടോബർ 18 ന് സുവിശേഷകനായ വി. ലൂക്കായുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2024 നവംബർ 10-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 576 /2024, Circular No. 14/2024

## മരിയൻ തീർത്ഥാടനം

ഈശോയിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

സ്വർഗത്തെ ലക്ഷ്യമാക്കി ഈ ലോകത്ത് യാത്ര ചെയ്യുന്ന തീർത്ഥാടക സമൂഹമാണ് സഭ. പഴയനിയമത്തിൽ ഇസ്രായേൽ ജനം വാഗ്ദാനനാട്ടിലേക്ക് യാത്ര നടത്തിയെങ്കിൽ പുതിയ ഇസ്രായേലായ തിരുസഭ നിത്യജീവനെ ലക്ഷ്യംവച്ചുകൊണ്ടുള്ള യാത്രയാണ് നടത്തുന്നത്. ആദ്യനൂറ്റാണ്ടുമുതൽ സഭയിൽ തീർത്ഥാടനങ്ങൾക്ക് പ്രാധാന്യമുണ്ടായിരുന്നു. ആദ്ധ്യാത്മിക ഉണർവും വളർച്ചയും ലക്ഷ്യംവച്ചാണ് തീർത്ഥാടനങ്ങൾ നടത്തുന്നത്. ദൈവത്തോടും വിശുദ്ധരോടുമുള്ള ഭക്തി പ്രകടിപ്പിക്കുവാനുള്ള ഉത്തമമായ മാർഗമായാണ് സഭ തീർത്ഥാടനങ്ങളെ കാണുന്നത്. വ്യക്തിപരമായ നേർച്ചകൾ നിറവേറ്റാനും ശാരീരികവും മാനസികവുമായ രോഗസൗഖ്യങ്ങൾക്കും കൂട്ടായ ക്രിസ്തീയ സാക്ഷ്യം നല്കുവാനും ദൈവജനം തീർത്ഥാടനങ്ങൾ നടത്താറുണ്ട്.

പാരമ്പര്യം അനുസരിച്ച് എല്ലാ 25-ാം വർഷത്തിലും പരിശുദ്ധ പിതാവ് സഭയിൽ ജൂബിലി വർഷം പ്രഖ്യാപിക്കാറുണ്ട്. അതിൻപ്രകാരം ഫ്രാൻസീസ് മാർപാപ്പ 2025 ജൂബിലി വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള പരിശുദ്ധ പിതാവിന്റെ അപ്പസ്തോലികാഹ്വാനത്തിൽ ഇപ്രകാരം പറയുന്നു. 'ജൂബിലി നമ്മുടെ രക്ഷയുടെ കവാടമായ (cf യോഹ 10:7-9), കർത്താവായ ഈശോമിശിഹായുമായുള്ള യഥാർഥവും വ്യക്തിപരവുമായ കണ്ടുമുട്ടലിന്റെ അവസരമാണ്'. റോമിലേക്കും മറ്റ് വിശുദ്ധ സ്ഥലങ്ങളിലേക്കും യാത്ര ചെയ്യുന്ന ദൈവജനത്തെ 'പ്രത്യാശ

യുടെ തീർത്ഥാടകർ' എന്നാണ് മാർപാപ്പ വിശേഷിപ്പിക്കുന്നത്. ജൂബിലി വർഷത്തിൽ പ്രാദേശിക സഭാസമൂഹങ്ങളിൽ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കുവാൻ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിട്ടുണ്ട്.

തലശ്ശേരി അതിരൂപതയിൽ വിവിധ ഭാഗങ്ങളിൽ ചെറിയ രീതിയിലുള്ള തീർത്ഥാടനങ്ങൾ നടക്കാറുണ്ടെങ്കിലും അതിരൂപതയിലെ മുഴുവൻ വിശ്വാസികൾക്കും പങ്കെടുക്കുവാൻ കഴിയും വിധത്തിലുള്ള ഒരു തീർത്ഥാടനം ഈ വർഷം മുതൽ ആരംഭിക്കുകയാണ്. എല്ലാ വർഷവും ഡിസംബർ മാസത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ചാണ് 'തലശ്ശേരി അതിരൂപതാ മരിയൻ തീർത്ഥാടനം' എന്ന പേരിൽ തീർത്ഥാടനം സംഘടിപ്പിക്കുന്നത്. പരിശുദ്ധ കന്യകാമറിയത്തോടുള്ള സവിശേഷമായ ഭക്തി കുടിയേറ്റ ജനതയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ഭാഗമായതിനാലും ബസിലിക്ക ദൈവാലയം തീർത്ഥാടനാലയമായതിനാലും ഈ മരിയൻ തീർത്ഥാടനത്തിന് വലിയ പ്രസക്തിയുണ്ട്.

ഈ വർഷം 2024 ഡിസംബർ 6ന് വെള്ളിയാഴ്ച രാത്രി ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ നിന്നും എടൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽനിന്നും ചെമ്പേരി ലൂർദ്മാതാ ബസിലിക്കയിലേക്ക് ജപമാല ചൊല്ലിയാണ് തീർത്ഥാടനം നടത്തുന്നത്. ആലക്കോട് നിന്ന് വെള്ളിയാഴ്ച രാത്രി 10 മണിക്ക് ആരംഭിച്ച് 20 കിലോമീറ്റർ ജപമാല ചൊല്ലി കാൽനടയായി പിറ്റേന്ന് ശനിയാഴ്ച രാവിലെ 5.30 ന് ചെമ്പേരിയിൽ എത്തുന്ന രീതിയിലും എടൂരിൽ നിന്ന് വെള്ളിയാഴ്ച രാത്രി 7 മണിക്ക് ആരംഭിച്ച് 30 കിലോമീറ്റർ ജപമാല ചൊല്ലി കാൽനടയായി പിറ്റേന്ന് ശനിയാഴ്ച രാവിലെ 5.30ന് ചെമ്പേരിയിൽ എത്തുന്ന രീതിയിലുമാണ് ഈ തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. ഡിസംബർ 7 ന് ശനിയാഴ്ച രാവിലെ 6 മണിക്ക് ചെമ്പേരി ബസിലിക്കയിൽ ആഘോഷമായ ദിവ്യബലിയോടെയാണ് തീർത്ഥാടനം അവസാനിക്കുന്നത്. ചെമ്പന്തൊട്ടി, പൈസക്കരി ഫൊറോനകളിൽ നിന്നും ശനിയാഴ്ച രാവിലെ 5:30 ന് ചെമ്പേരിയിൽ എത്തിച്ചേരും വിധമുള്ള തീർത്ഥാടനങ്ങളും ഉണ്ടാകും.

തീർത്ഥാടനം ആരംഭിക്കുന്ന ആലക്കോടും എടൂരും ദിവ്യബലിയോടെയാണ് ജപമാല പ്രദക്ഷിണം ആരംഭിക്കുന്നത്. തീർത്ഥാടനം കടന്നുപോകുന്ന ദൈവാലയങ്ങളിൽ വിശ്രമത്തിനുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. വാഹനങ്ങളിൽ വരുവാൻ ആഗ്രഹിക്കുന്നവർക്കും ഈ തീർത്ഥാടനത്തിന്റെ ഭാഗമാകാവുന്നതാണ്. ശനിയാഴ്ച രാവിലെ 6 മണിക്കുള്ള ദിവ്യബലിക്കുശേഷം തീർത്ഥാടകർക്ക് ലളിത

മായ പ്രഭാതഭക്ഷണവും മടക്കയാത്രക്കുള്ള വാഹനസൗകര്യവും ക്രമീകരിക്കുന്നതായിരിക്കും.

തീർത്ഥാടകരായി ബസിലിക്കയിൽ എത്തുന്നവർക്ക് ദണ്ഡവിമോചനം സഭ അനുവദിച്ചിട്ടുണ്ട്. 2024 ഡിസംബർ 7 ന് രാവിലെ തീർത്ഥാടകരായി ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിൽ എത്തുന്ന തീർത്ഥാടകർക്ക് ദണ്ഡവിമോചനം ലഭിക്കുന്നതായിരിക്കും.

തീർത്ഥാടനങ്ങളെ സംബന്ധിച്ചുള്ള ഫ്രാൻസീസ് മാർപാപ്പയുടെ വാക്കുകൾ വളരെ പ്രസക്തമാണ്. 'എല്ലാ ജൂബിലി ആഘോഷത്തിന്റെയും മൗലിക ഘടകമാണ് തീർത്ഥാടനം. യാത്രതിരിക്കുക എന്നത് ജീവിതത്തിന് അർഥം കണ്ടെത്തുന്നതിനുള്ള നമ്മുടെ മാനുഷികദാഹവുമായി പരമ്പരാഗതമായി ബന്ധപ്പെട്ട ഒന്നാണ്. കാൽനടയായ തീർത്ഥാടനം നിശബ്ദതയുടെയും അധ്വാനത്തിന്റെയും ജീവിത ലാളിത്യത്തിന്റെയും മൂല്യം കണ്ടെത്തുവാനുള്ള വലിയ അവസരമാണ്'.

ജപമാല കൈകളിലേന്തി ചെമ്പേരി ബസിലിക്കായിലേക്ക് ത്യാഗപൂർവം തീർത്ഥാടകരായെത്തി പൂർണദണ്ഡവിമോചനം പ്രാപിക്കുവാനും പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യത്തിൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു. പരിശുദ്ധ അമ്മയുടെ നിതാന്ത മാധ്യസ്ഥ്യം നിങ്ങൾക്ക് ഉണ്ടാകട്ടെ. പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*2024 ഒക്ടോബർ 22 ന് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2024 നവംബർ 17-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

നവംബർ 2024

**1. പുതിയ നിയമനം**

**റവ. ഫാ. മാത്യു (സ്റ്റാനി) ആനകുത്തിയേൽ:** റോമിലെ ഉപരി പഠനത്തിനും ഇറ്റലിയിലെ പാത്തിയിലുള്ള സീറോമലബാർ സമൂഹത്തിനുവേണ്ടിയുള്ള അജപാലന പ്രവർത്തനങ്ങൾക്കുശേഷം തിരികെ എത്തിയ ബഹു. മാത്യു ആനകുത്തിയേൽ അച്ചൻ അമ്മംകുളം സെന്റ് ആന്റണീസ് ഇടവക വികാരിയായി ശുശ്രൂഷ ആരംഭിച്ചു. ബഹു. സ്റ്റാനി അച്ചന് ആശംസകൾ.

**2. അനുമോദനങ്ങൾ**

**റവ. ഫാ. ജോർജ് (റ്റോയിസ്) കുഴിക്കാട്ട്:** ഓസ്ട്രിയായിലെ സാൻപോർട്ടൻ രൂപതയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന ബഹു. ജോർജ് കുഴിക്കാട്ട് അച്ചനെ ഫൊറോനാ വികാരിയായി സാൻപോർട്ടൻ രൂപതാദ്ധ്യക്ഷൻ നിയമിച്ചു. ഇന്ത്യക്കാരനായ ഒരു വൈദികൻ ആദ്യമായാണ് സാൻപോർട്ടൻ രൂപതയിൽ ഫൊറോനാ വികാരിയായി നിയമിതനാകുന്നത്. മികവാർന്ന അജപാലന ശുശ്രൂഷ നല്കുവാൻ ബഹു. റ്റോയിസച്ചന് കഴിഞ്ഞതിനാലാണ് അച്ചന് പുതിയ നിയമനം ലഭിച്ചത്. തലശ്ശേരി അതിരൂപതയ്ക്ക് മുഴുവൻ അഭിമാനമായ ബഹു. റ്റോയിസ് അച്ചന് അനുമോദനങ്ങൾ.

**3. ആശംസകൾ**

**റവ. ഫാ. തോമസ് (ജെയിസൻ) കൂനാനിക്കൽ:** കാനഡയിലെ മിസ്സിസാഗാ സീറോമലബാർ രൂപതയിലെ അജപാലന ശുശ്രൂഷക്കായി ബഹു. തോമസ് കൂനാനിക്കൽ അച്ചൻ 2024 ഒക്ടോബർ 17-ന് കാനഡയിലേക്ക് യാത്രയായി. പ്രവാസജീവിതം നയിക്കുന്ന സീറോമലബാർ സമൂഹത്തിനുവേണ്ടിയുള്ള അച്ചന്റെ എല്ലാ അജപാലനപ്രവർത്തനങ്ങൾക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**4. ദിവ്യകാരുണ്യ ആരാധന : മദർഹോമിൽ**

ദിവ്യകാരുണ്യവർഷാചരണത്തിന്റെ ഭാഗമായി തലശ്ശേരി അതിരൂപതയിലെ ബഹു. വൈദികർ ഒരു രാത്രി മുഴുവൻ ദിവ്യകാരുണ്യ ആരാധനക്കായി ഒരുമിച്ചുചേരുന്നു. 2024 നവംബർ 14 വ്യാഴാഴ്ച വൈകിട്ട് 6 മണി മുതൽ പിറ്റേന്ന് വെള്ളിയാഴ്ച രാവിലെ 6 മണിവരെ പരിയാരം മദർഹോമിൽ വച്ചാണ് ദിവ്യകാരുണ്യ ആരാധന നടക്കുന്നത്. വചനവിചിന്തനവും ദിവ്യകാരുണ്യപ്രദക്ഷിണവും അഭിഷേകപ്രാർത്ഥനയും ഉൾപ്പെടെയുള്ള ദിവ്യകാരുണ്യ മണിക്കൂറുകളാണ് ക്രമീകരിക്കുന്നത്. രോഗാവസ്ഥയാലോ പ്രായാധിക്യത്താലോ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ഒഴികെ എല്ലാ വൈദികരും ഈ ആരാധനക്കായി എത്തിച്ചേരേണ്ടതാണ്.

**5. വിയാനി നിധി – ഉപകാരികളുടെ സംഗമം**

വൈദിക ക്ഷേമത്തിനും വൈദികവിദ്യാർഥികളുടെ പരിശീലനത്തിനായി രൂപപ്പെടുത്തിയിരിക്കുന്ന വിയാനിനിധിയിൽ സഹകരിക്കുന്ന ഉപകാരികളുടെ ഒരു യോഗം 2024 നവംബർ 16 ശനിയാഴ്ച ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് ചേരുന്നു. രാവിലെ 10 മണിക്ക് അഭിവന്ദ്യ പിതാവിന്റെ കാർമികത്വത്തിൽ ദിവ്യബലിയും തുടർന്ന് മീറ്റിംഗും ഉച്ചഭക്ഷണവും എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ഉപകാരികളെയും ഈ യോഗത്തെക്കുറിച്ച് അറിയിച്ചിട്ടുണ്ടെങ്കിലും ഇടവകകളിൽ നിന്നുള്ള ഉപകാരികളെ ബഹു. വികാരിയച്ചന്മാർ ഈ മീറ്റിംഗിനെക്കുറിച്ച് ഓർമിപ്പിക്കുമല്ലോ.

**6. പ്രസ്ബിറ്ററൽ കൗൺസിൽ യോഗം**

പുതിയതായി രൂപപ്പെടുത്തിയ പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആദ്യയോഗം 2024 നവംബർ 19 ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 1:30 വരെ സന്ദേശഭവനിൽവച്ച് ചേരുന്നതാണ്. പ്രെസ്ബിറ്ററൽ കൗൺസിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ബഹു. വൈദികർ ഈ യോഗത്തിനായി എത്തിച്ചേരേണ്ടതാണ്.

**7. പ്രെസ്ബിത്തേരിയം**

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരുടെയും യോഗം 2024 നവംബർ 30 ശനിയാഴ്ച രാവിലെ 10.00 മണിമുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ചേരുന്നതാണ്. തലശ്ശേരി അതിരൂപതയിലെ എല്ലാ വൈദികരും അതിരൂപതയിൽ വികാരിമാരും അസിസ്റ്റന്റ് വികാരിമാരുമായി സേവനം ചെയ്യുന്ന സന്യാസവൈദികരും ഈ യോഗത്തിൽ എത്തിച്ചേരേണ്ടതാണ്.

**8. ധ്യാനശുശ്രൂഷകർക്കുള്ള പരിശീലനം**

ധ്യാനകേന്ദ്രങ്ങളിൽ വചനപ്രഘോഷണ രംഗത്തും കൗൺസലിംഗ് മേഖലയിലും ശുശ്രൂഷ ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിനും അത്മായർക്കും വേണ്ടി 2024 നവംബർ 22, 23 തീയതികളിലായി തലശ്ശേരി സന്ദേശ ഭവനിൽവച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. സഭാ പ്രബോധനങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും ആത്മീയ മേഖലയിലെ ആനുകാലിക വിഷയവും ഉൾപ്പെടുത്തിയുള്ള പരിശീലനമാണ് നല്കുന്നത്. ധ്യാനമേഖലകളിൽ ശുശ്രൂഷചെയ്യുന്ന ബഹു. സിസ്റ്റേഴ്സും അത്മായരും നിർബന്ധമായും ഇതിൽ പങ്കെടുക്കണം. പങ്കെടുക്കുന്നവർക്ക് അതിരൂപതാദ്ധ്യക്ഷൻ സാക്ഷ്യപത്രം നല്കുന്നതായിരിക്കും. ഈ സാക്ഷ്യപത്രം ഉള്ളവർക്കു മാത്രമേ ധ്യാനശുശ്രൂഷകൾ നടത്തുവാൻ അനുവാദമുണ്ടായിരിക്കുകയുള്ളൂ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2024 നവംബർ 18 നുമുമ്പായി തലശ്ശേരി അതിരൂപതാ കരിസ്മാറ്റിക് മൂവ്മെന്റ് ഡയറക്ടർ ബഹു. സേവ്യർ പുത്തൻപുരയ്ക്കൽ അച്ചന്റെ പക്കൽ പേര് നല്കേണ്ടതാണ്. ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ പക്കൽനിന്നും കത്ത് കൊണ്ടുവരേണ്ടതാണ്.

**9. പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ**

തീക്ഷ്ണതയോടെ അജപാലനപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന വൈദികരാൽ അനുഗ്രഹീതമാണ് തലശ്ശേരി അതിരൂപത. ദൈവജനത്തിനുവേണ്ടി ഏതു ത്യാഗത്തിനും സന്നദ്ധരായ വൈദികനിരയാണ് മലബാറിലെ സഭാസമൂഹത്തിന്റെ വളർച്ചയ്ക്കു കാരണമായത്. 'എന്റെ ഹൃദയത്തിനിണങ്ങിയ ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും' എന്ന ദൈവീകവാഗ്ദാനം സാക്ഷാത്ക്കരിക്കുന്ന വിശുദ്ധരായ ധാരാളം വൈദികരാൽ അനുഗ്രഹീതമാണ് മലബാറിലെ ദൈവജനം. ഈ വർഷം പൗരോഹിത്യസ്വീകരണത്തിന്റെ ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട അച്ചന്മാരെ നന്ദിയോടെ നമുക്ക് ഓർമിക്കാം. ദൈവജനത്തിനുവേണ്ടി ജീവിതം സമർപ്പിച്ചതിന്റെ ചരിത്രമാണ് ഓരോരുത്തരും പിന്നിട്ട അജപാലനവഴികൾ വെളിപ്പെടുത്തുന്നത്. ഈ വർഷം നമ്മുടെ അതിരൂപതയിൽ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന രണ്ടുവൈദികരും രജതജൂബിലി ആഘോഷിക്കുന്ന എഴു വൈദികരുമാണുമുള്ളത്. ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട വൈദികർക്ക് ഹൃദയംനിറഞ്ഞ ജൂബിലി ആശംസകൾ നേരുന്നു.

## സുവർണ്ണ ജൂബിലി

### 1. റവ. ഫാ. ജോർജ് (ജിയോ) പുളിക്കൽ



പാലാ രൂപതയിലെ കുറുമണ്ണ് ഇടവകയിൽ 1948 ജൂൺ 7 ന് ജോസഫ്-മേരി ദമ്പതികളുടെ മകനായി ബഹു. ജിയോ പുളിക്കലച്ചൻ ജനിച്ചു. 1964 ൽ തലശ്ശേരി മൈനർസെമിനാരിയിൽ വൈദികപരിശീലനത്തിനായി പ്രവേശിക്കുകയും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽനിന്നും വൈദികപരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 1974 ഡിസംബർ 19ന് കുറുമണ്ണ് ഇടവക ദൈവാലയത്തിൽവച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. അച്ചന് അഞ്ച് സഹോദരന്മാരും മൂന്ന് സഹോദരിമാരുമാണുള്ളത്. സഹോദരന്മാരിൽ ഒരാൾ വൈദികനും സഹോദരിമാരിൽ രണ്ടുപേർ സന്യാസിനിമാരുമാണ്.

| | | | |
|---|---|---|---|
| 1. | കോടഞ്ചേരി | - അസി. വികാരി | 22.03.1975 - 02.05.1976 |
| 2. | കരുവഞ്ചാൽ | ശാന്തിഭവൻ | 02.05.1976 - 07.07.1976 |
| 3. | രയറോം | - വികാരി | 08.07.1976 - 29.09.1976 |
| 4. | പി.ഒ.സി കൊച്ചി | - ബൈബിൾ വിവർത്തനം | 30.09.1976 - 21.11.1977 |
| 5. | മതബോധന കേന്ദ്രം | - തലശ്ശേരി | 21.11.1977 - 30.05.1978 |
| 6. | മൈനർ സെമിനാരി | - തലശ്ശേരി | 30.05.1978 - 01.06.1983 |
| 7. | നിർമലഗിരി കോളേജ് | - ലെക്ചറർ | 01.06.1983 - 2003 |
| 8. | നിർമലഗിരി കോളേജ് | - ഹോസ്റ്റൽ വാർഡൻ | 1987 - 1989 |
| 9. | നിർമലഗിരി | - വികാരി | 1989 - 1993 |
| 10. | വാഴമല | - വികാരി | 05.06.1993 - 1995 |
| 11. | നിർമലഗിരി കോളേജ് | - വൈസ് പ്രിൻസിപ്പൽ | 1995 - 1997 |
| 12. | നിർമലഗിരി കോളേജ് | - പ്രിൻസിപ്പൽ | 1997 - 2003 |
| 13. | കുന്നോത്ത് ഗുഡ്ഷെപ്പേഡ് | - സ്റ്റാഫ് | 2003 - 2009 |
| 14. | പെരിങ്കിരി | - വികാരി | 01.06.2003 - 31.08.2004 |
| 15. | കുന്നോത്ത് മേജർസെമിനാരി | - റെക്ടർ | 01.12.2004 - 23.05.2009 |
| 16. | പുളിങ്ങോം | - വികാരി | 24.05.2009 - 14.05.2011 |
| 17. | പൊന്ന്യം | ഡിഗ്രി ഫോർമേഷൻ ഡിറക്ടർ | 15.05.2011 - 31.08.2013 |
| 18. | ചെമ്പേരി വിമൽജ്യോതി എഞ്ചി. കോളേജ് | ചെയർമാൻ, മാനേജർ | 01.09.2013 - 14.05.2016 |
| 19. | കരുണാപുരം | - വികാരി | 14.05.2016 - 27.06.2020 |
| 20. | കരുണാപുരം - HGN മൈനർസെമിനാരി | സ്പിരിചൽ ഡയറക്ടർ | 14.05.2016 - 27.06.2020 |

തത്വശാസ്ത്രത്തിൽ കർണാടക യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. ബിരുദവും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് മലയാളത്തിൽ എം.എ, എം.ഫിൽ ബിരുദവും ബഹു. പുളിക്കൽ അച്ചൻ കരസ്ഥമാക്കി. കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗം (1995), കണ്ണൂർ യൂണിവേഴ്സിറ്റി സെനറ്റ് അംഗം (1999-2002) കണ്ണൂർ യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിൽ മെമ്പർ എന്നീ നിലകളിൽ അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. ശിക്ഷാ രത്തൻ അവാർഡ് (2002) ബെസ്റ്റ് സിറ്റിസൺ അവാർഡ് (2003) ക്രൈസ്തവസാഹിത്യ അക്കാദമി അവാർഡ്, വള്ളോപ്പിള്ളി ഫൗണ്ടേഷന്റെ ഗുരുശ്രേഷ്ഠ എന്നീ അവാർഡുകളും അച്ചനെ തേടി വന്നിട്ടുണ്ട്. തുലാവർഷം (കവിതാസമാഹാരം), ബൈബിൾ ഇമേജുകൾ ആധുനിക മലയാള കവിതയിൽ, ക്രിസ്തുമസ് ചിന്തകൾ, പരിശുദ്ധത്രിത്വം സമ്പൂർണ കൂട്ടായ്മ (വിവർത്തനം), ജൂലിയസ് സീസർ - ഷേക്സ്പിയർ കൃതിയുടെ വിവർത്തനം എന്നീ പുസ്തകങ്ങൾ അച്ചൻ രചിച്ചിട്ടുണ്ട്. അതിരൂപതാ വൈദികസമിതി അംഗം, പാസ്റ്ററൽ കൗൺസിൽ മെമ്പർ, ആലോചനാസമിതി അംഗം എന്നീ നിലകളിലും ബഹു. ജിയോ അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

പുളിങ്ങോത്ത് വികാരിയായിരുന്ന സമയത്ത് മനോഹരമായ കുരിശുപള്ളിയുടെ നിർമാണം നടത്തി. പെരിങ്കിരിയിൽ പള്ളക്കുവേണ്ടി 1 ഏക്കർ 7 സെന്റ് സ്ഥലം വാങ്ങുവാൻ വികാരി എന്ന നിലയിൽ മുൻകൈ എടുത്തു. ഹൃദ്യമായ അജപാലനശൈലി സ്വന്തമാക്കിയ ഇടയനായിരുന്നു ബഹു. ജിയോ അച്ചൻ.

വിദ്യാഭ്യാസ മേഖലയിലായിരുന്നു ബഹു. പുളിക്കലച്ചന്റെ സംഭാവനകൾ ഏറെയും. നിർമലഗിരി കോളേജിലെ അച്ചന്റെ സേവനകാലഘട്ടം പ്രത്യേകിച്ച് പ്രിൻസിപ്പൽ എന്ന നിലയിൽ, കോളേജിന്റെ വളർച്ചക്കു കാരണമായിട്ടുണ്ട്. സെമിനാരി വിദ്യാർഥികളുടെ പരിശീലനരംഗത്താണ് എടുത്തു പറയേണ്ട അച്ചന്റെ മറ്റ് സംഭാവനകൾ. തലശ്ശേരി മൈനർ സെമിനാരി വൈസ് റെക്ടർ, ഡിഗ്രി ഫോർമേഷൻ ഡിറക്ടർ, കുന്നോത്ത് മേജർ സെമിനാരി റെക്ടർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവയ്ക്കുവാൻ അച്ചനു കഴിഞ്ഞു. പ്രഗത്ഭനായ വാഗ്മിയും സംഘാടകനുമാണ് ജിയോ അച്ചൻ. എല്ലാവരോടും സൗഹൃദം കാത്തുസൂക്ഷിക്കുന്ന തലശ്ശേരി അതിരൂപതയിൽ നിറഞ്ഞുനിന്ന സമർത്ഥനായ ഒരു വൈദികനാണ് ബഹു. ജിയോ പുളിക്കലച്ചൻ. കഴിഞ്ഞ 5 പതിറ്റാണ്ടുകളിൽ ബഹു. ജിയോ അച്ചനിലൂടെ തലശ്ശേരി അതിരൂപതയ്ക്കു ലഭിച്ച നന്മകൾ ഓർമിച്ചുകൊണ്ട് സുവർണ ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**2. റവ. ഫാ. ജോസഫ് കാരക്കുന്നേൽ**



കോതമംഗലം രൂപതയിലെ വാഴക്കുളം ഇടവകയിൽ 1948 ജനുവരി 4-ാം തീയതി കാരക്കുന്നേൽ തോമസ് - മേരി ദമ്പതികളുടെ മകനായി ബഹു. ജോസഫ് അച്ചൻ ജനിച്ചു. 1965 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി പ്രവേശിച്ചു. തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്നും പൂർത്തിയാക്കി. 1974 ഡിസംബർ 23-ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. അച്ചന് രണ്ടു സഹോദരന്മാരാണുള്ളത്. ഒരു സഹോദരൻ പുരോഹിതനാണ്.

| | | | | |
|---|---|---|---|---|
| 1. | നെല്ലിക്കാംപൊയിൽ | - അസി. വികാരി | 22.03.1975 | - 27.12.1977 |
| 2. | വിജയഗിരി | - വികാരി | 28.12.1977 | - 05.05.1984 |
| 3. | ശാന്തിനഗർ | - വികാരി | 06.05.1984 | - 30.04.1985 |
| 4. | രത്നഗിരി | - വികാരി | 01.05.1985 | - 19.05.1989 |
| 5. | ചേറുപാറ | - വികാരി | 20.05.1989 | - 08.05.1992 |
| 6. | കുന്ദ്രപ്പാടി | - വികാരി | 09.05.1992 | - 12.05.1995 |
| 7. | കളഞ്ച | - വികാരി | 13.05.1995 | - 16.05.1998 |
| 8. | ചെങ്ങോം | - വികാരി | 17.05.1998 | - 10.02.2001 |
| 9. | ഹെഗ്ള | - എസ്റ്റേറ്റ് മാനേജർ | 11.02.2001 | - 30.08.2003 |
| 10. | ശാന്തിഭവൻ | - കരുവഞ്ചാൽ | 2007 | |

അഞ്ച് പതിറ്റാണ്ടുകൾ ശാന്തമായ പുരോഹിതശുശ്രൂഷ തലശ്ശേരി അതിരൂപതയ്ക്കു സമ്മാനിക്കുവാൻ ബഹു. കാരക്കുന്നേലച്ചന് കഴിഞ്ഞു. ലാളിത്യത്തിന്റെയും സൗമ്യതയുടെയും ആൾരൂപമായി ദൈവജനത്തിന്റെ മനസ്സിൽ സ്ഥാനമുറപ്പിച്ചയാളാണ് ബഹു. കാരക്കുന്നേലച്ചൻ. 2007 മുതൽ കരുവഞ്ചാൽ ശാന്തിഭവനിൽ വിശ്രമജീവിതം നയിക്കുന്ന കാരക്കുന്നേലച്ചൻ ശാന്തിഭവനിലും സൗമ്യതയുടെ സാന്നിദ്ധ്യമാണ്. ബഹു. കാരക്കുന്നേലച്ചന് പൗരോഹിത്യ സുവർണ ജൂബിലിയുടെ ഹൃദ്യമായ ആശംസകളും മംഗളങ്ങളും.

**രജത ജൂബിലി**

**1. റവ. ഫാ. ജോർജ് തൈക്കുന്നുംപുറം**

പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ തൈക്കുന്നുംപുറം തോമസ്-ഏലിയാമ്മ ദമ്പതികളുടെ മകനായി 1959 ജൂൺ 26 ന് ബഹു. ജോർജച്ചൻ ജനിച്ചു. അച്ചന് 2 സഹോദരന്മാരും 5 സഹോദരി



മാരുമാണുള്ളത്. തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോസ് തൈക്കുന്നുംപുറം അച്ചൻ ജോർജച്ചന്റെ സഹോദരനാണ്. സഹോദരിമാരിൽ ഒരാൾ സന്യാസിനിയാണ്. വായാട്ടുപറമ്പ് ഇടവകയിലാണ് അച്ചന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ താമസിക്കുന്നത്. 1993 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേരുകയും തത്വശാസ്ത്ര പഠനം മംഗലാപുരം ജെപ്പു സെമിനാരിയിലും ദൈവശാസ്ത്ര പഠനം ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലുമായിരുന്നു. രണ്ടായിരമാണ്ട് ജനുവരി 01 ന് അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിൽനിന്നും വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയത്തിൽവച്ച് തിരുപ്പട്ടം സ്വീകരിച്ചു.

| | | | | | |
|---|---|---|---|---|---|
| 1. | തോമാപുരം | – അസി. വികാരി | 01.02.2000 | – | 18.07.2000 |
| 2. | മൈനർ സെമിനാരി തലശ്ശേരി | വൈസ് റെക്ടർ പ്രൊക്യുറേറ്റർ | 19.07.2000 | – | 21.05.2005 |
| 3. | വാഴമല | – വികാരി | 01.06.2003 | – | 21.05.2005 |
| 4. | കീഴ്പ്പള്ളി | – വികാരി എസ്റ്റേറ്റ് മാനേജർ | 22.05.2005 | – | 16.05.2014 |
| 5. | കടുമേനി | – വികാരി | 17.05.2014 | – | 13.05.2018 |
| 6. | ചുണ്ടപ്പറമ്പ് | – വികാരി | 13.05.2018 | – | 12.06.2021 |
| 7. | നെല്ലിപ്പാറ | – വികാരി | 12.06.2021 | – | 11.05.2024 |
| 8. | പെരുമ്പടവ് | – വികാരി | 11.05.2024 | | |

ആത്മാർത്ഥതയും കഠിനാധ്വാനവും ജീവിതശൈലിയാക്കിയ ഇടയനാണ് ബഹു. ജോർജച്ചൻ. കീഴ്പ്പള്ളിയിൽ 9 വർഷം നീണ്ട അജപാലന ശുശ്രൂഷയുടെ കാലത്ത് മനോഹരമായ വൈദികമന്ദിരം പണികഴിക്കുവാൻ അച്ചന് കഴിഞ്ഞു. ഈ കാലഘട്ടത്തിലാണ് കീഴ്പ്പള്ളിയിലുള്ള തലശ്ശേരി അതിരൂപതയുടെ സ്ഥലം 'സാൻ മരിയ' എസ്റ്റേറ്റാക്കി രൂപപ്പെടുത്തിയത്. നലംതികഞ്ഞ ഒരു കർഷകനാണ് ജോർജച്ചൻ. കീഴ്പ്പള്ളി എസ്റ്റേറ്റിൽ വളരെ ത്യാഗപൂർവ്വമായ ശുശ്രൂഷ അച്ചൻ നടത്തിയകാര്യം അതിരൂപതയിലെ മുഴുവൻ വൈദികരും ശ്രദ്ധിച്ചതാണ്. കീഴ്പ്പള്ളിയിൽ വി. ചാവറപിതാവിന്റെ ഗ്രോട്ടോയും വേളാങ്കണ്ണി മാതാവിന്റെ കപ്പേളയും പണി കഴിപ്പിച്ചു. കടുമേനി ഇടവകയിലും തീഷ്ണമായ അജപാലന പ്രവർത്തനങ്ങളാണ് അച്ചൻ കാഴ്ചവെച്ചത്. പള്ളിയുടെ നാല് ഏക്കർ സ്ഥലം തെങ്ങും കവുങ്ങും കൃഷി ചെയ്തു മനോഹരമായ കൃഷിയിടമാക്കി മാറ്റി. ഹൈസ്കൂൾ നിർമ്മാണത്തിന്റെ

പ്രാരംഭ പണികൾ ആരംഭിച്ചു. ചുണ്ടപ്പറമ്പ് ടൗണിൽ 10 സെന്റ് സ്ഥലം വാങ്ങുകയും നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വിപുലപ്പെടുത്തുകയും ചെയ്തു. നെല്ലിപ്പാറയിൽ (മഞ്ഞക്കാട്) വി. അൽഫോൻസാമ്മയുടെ നാമത്തിൽ കുരിശുപള്ളിയും കപ്പേളയും പണിയാൻ അച്ചന് കഴിഞ്ഞു.

രണ്ടരപതിറ്റാണ്ടു കാലത്തെ അജപാലന ശുശ്രൂഷയിലൂടെ നമ്മുടെ അതിരൂപതയ്ക്കു ധാരാളം നന്മകൾ ചെയ്യുവാൻ ജോർജച്ചനു കഴിഞ്ഞു. തീഷ്ണതയുള്ള അജപാലകനായ ബഹു. ജോർജച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി മംഗളങ്ങൾ നേരുന്നു.

**2. റവ. ഫാ. ജോൺസൺ തോട്ടത്തിൽ**



തലശ്ശേരി അതിരൂപതയിലെ ചരൾ ഇടവകയിൽ 1973 ഫെബ്രുവരി 25 ന് തോട്ടത്തിൽ കുര്യൻ-ഏലിക്കുട്ടി ദമ്പതികളുടെ മകനായി ബഹു. ജോൺസനച്ചൻ ജനിച്ചു. 1989 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ പ്രവേശിക്കുകയും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 2000-യിരാമാണ്ട് ജനുവരി 13 ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | | |
|---|---|---|---|---|---|
| 1. | പടന്നക്കാട് | - അസി. വികാരി | 06.02.2000 | - | 03.02.2001 |
| 2. | മേരിഗിരി | ,, | 04.02.2001 | - | 19.05.2002 |
| 3. | പേരാവൂർ | ,, | 19.05.2002 | - | 01.09.2002 |
| 4. | മാനടുക്കം | - വികാരി | 01.09.2002 | - | 13.05.2007 |
| 5. | ചീക്കാട് | - വികാരി | 13.05.2007 | - | 03.01.2008 |
| 6. | ജർമ്മനി | അജപാലന ശുശ്രൂഷ | 01.01.2009 | | |

സൗമ്യനായ അജപാലകൻ എന്നാണ് ജോൺസനച്ചനെക്കുറിച്ച് എല്ലാവരും പറയുന്നത്. ശുശ്രൂഷാ മേഖലകളിൽ നല്ല ഇടയനായ ഈശോയുടെ കരുതലും സ്നേഹവും ദൈവജനത്തിനും നല്കുവാൻ അച്ചന് കഴിഞ്ഞു. ജർമ്മനിയിലെ അജപാലന ശുശ്രൂഷകൾക്കിടയിലും മലയോരപ്രദേശത്തെ ധാരാളം കുടുംബങ്ങളെ സഹായിക്കുവാൻ ബഹു. ജോൺസനച്ചൻ പരിശ്രമിക്കുന്നുണ്ട്. തലശ്ശേരി അതിരൂപതയിലെ നൈറ്റിംഗിൾ മിനിസ്ട്രി എന്ന പേരിൽ സാമ്പത്തിക പരാധീനത നേരിടുന്ന കുടുംബങ്ങളിലെ നഴ്സിംഗ് പഠിക്കുന്ന കുട്ടികളെ സഹായിക്കുവാനുള്ള സ്കോളർഷിപ്പ് പദ്ധതി ബഹു. ജോൺസനച്ചന്റെ പ്രത്യേക പരിശ്രമംകൊണ്ട് നടക്കുന്നതാണ്. ജർമ്മൻ ഭാഷ പഠിച്ച

ധാരാളം കുട്ടികളെ തികച്ചും സൗജന്യമായി ജർമ്മനിയിൽ ജോലിക്കായി എത്തിക്കുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. പാവങ്ങളോടുള്ള കരുണയും സ്നേഹവും പൗരോഹിത്യ ശുശ്രൂഷയുടെ പരമപ്രധാനമായ ദൗത്യമായി കരുതുന്ന ഇടയനാണ് ബഹു. ജോൺസനച്ചൻ. ബഹു. ജോൺസനച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**3. റവ. ഫാ. തോമസ് (ടോമി) എടാട്ട്**



തലശ്ശേരി അതിരൂപതയിലെ ജോസ്മൗണ്ട് ഇടവകയിൽ എടാട്ട് ചാക്കോ - മേരി ദമ്പതികളുടെ മകനായി 1972 ജനുവരി 28 ന് ബഹു. തോമസ് എടാട്ടച്ചൻ ജനിച്ചു. അച്ചന് രണ്ട് സഹോദരന്മാരും ഒരു സഹോദരിയുമാണുള്ളത്. സഹോദരന്മാരിൽ ഒരാൾ വിൻസെൻഷ്യൻ സഭയിൽ വൈദികനാണ്. ഏക സഹോദരി സന്യാസിനിയാണ്. 1989 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ പ്രവേശിക്കുകയും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്നും തത്വശാസ്ത്ര-ദൈവശാസ്ത്ര പഠങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. 2000 ജനുവരി 3 ന് ജോസ്മൗണ്ട് ഇടവകയിൽവച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | | |
|---|---|---|---|---|---|
| 1. | നെല്ലിക്കാംപൊയിൽ | - അസി. വികാരി | 04.02.2000 | - | 03.02.2001 |
| 2. | കാഞ്ഞങ്ങാട് | - അസി. വികാരി | 03.02.2001 | - | 15.09.2001 |
| 3. | ദീപഗിരി | - വികാരി | 16.02.2004 | - | 22.05.2005 |
| 4. | ചെറുപാറ | - വികാരി | 23.05.2005 | - | 17.05.2008 |
| 5. | വരക്കാട് | - വികാരി | 18.05.2008 | - | 14.05.2011 |
| 6. | കോഴിച്ചാൽ | - വികാരി | 15.05.2011 | - | 14.05.2016 |
| 7. | ഉപരിപഠനം | - ലണ്ടൻ | 14.05.2017 | | |

മികച്ച സംഘാടകനും വാഗ്മിയുമാണ് ബഹു. ടോമിയച്ചൻ. ഒട്ടനവധി ഇടവകകളിൽ അച്ചൻ വാർഷികധ്യാനങ്ങൾ നടത്തിയിട്ടുണ്ട്. ദീപഗിരി പള്ളിയുടെ നിർമ്മാണം പൂർത്തിയാക്കിയത് അച്ചനാണ്. ചെറുപാറയിലും കോഴിച്ചാലിലും മനോഹരമായ ദൈവാലയങ്ങൾ നിർമ്മിക്കുവാൻ അച്ചൻ നേതൃത്വം നല്കി. വരക്കാട് ഇടവകയിൽ ദൈവാലയ നവീകരണപ്രവൃത്തികൾ അച്ചൻ നടത്തി. ഊർജ്ജസ്വലനും ആകർഷകമായ വ്യക്തിത്വത്തിന്റെ ഉടമയുമാണ് ബഹു. ടോമിയച്ചൻ. ലണ്ടനിൽ ഉപരിപഠനം നടത്തികൊണ്ടിരിക്കുന്ന ബഹു. തോമസ് എടാട്ടച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**4. റവ. ഫാ. അബ്രാഹം (സാബു) പുതുശ്ശേരി**




തലശ്ശേരി അതിരൂപതയിൽ തോമാപുരം സെന്റ് തോമസ് ഫൊറോനാ ഇടവകയിൽ 1973 ഏപ്രിൽ 28 ന് പുതുശ്ശേരിൽ ചെറിയാൻ-ത്രേസ്യാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. മൂന്നു സഹോദര ന്മാരാണ് അച്ചനുള്ളത്. ബഹു. ജോസഫ് പുതുശ്ശേരി അച്ചൻ ബഹു. സാബു അച്ചന്റെ സഹോദരനാണ്. 1989 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ പ്രവേശിക്കുകയും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. 1999 ഡിസംബർ 27 ന് തോമാപുരം സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയ മറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | |
|---|---|---|
| 1. കുടിയാന്മല | - അസി. വികാരി | 05.02.2000 - 22.07.2000 |
| 2. ആലക്കോട് | ,, | 23.07.2000 - 18.05.2001 |
| 3. ചെമ്പന്തൊട്ടി | ,, | 19.05.2001 - 02.05.2002 |
| 4. പാലത്തിൻകടവ് | - വികാരി | 02.05.2002 - 21.05.2005 |
| 5. ചെട്ടിയാംപറമ്പ് | - വികാരി | 22.05.2005 - 13.05.2006 |
| 6. ഉപരിപഠനം | - റോം | 14.05.2006 - 17.01.2009 |
| 7. തലശ്ശേരി | ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് | 2009 - 12.01.2009 |
| 8. അറബി | - വികാരി | |
| | കുന്നോത്ത് സെമിനാരി, ലിറ്റർജി പ്രൊഫ. | 29.05.2009 - 12.05.2012 |
| 9. സന്ദേശഭവൻ | ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ | 13.05.2012 - 14.05.2017 |
| 10. ബളാൽ | - വികാരി | 14.05.2017 - 27.06.2020 |
| 11. പടുപ്പ് | - വികാരി | 28.06.2020 - 13.01.2023 |
| 12. കരുവഞ്ചാൽ | സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ഡയറക്ടർ | 14.05.2024 |

ഓറിയന്റൽ തിയോളജിയിൽ റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും Licentiate അച്ചൻ നേടിയിട്ടുണ്ട്. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും MSc - Psychology യും IGNOU-യിൽ നിന്നും ചരിത്രത്തിൽ ബിരുദാനന്തരബിരുദവും അച്ചൻ കരസ്ഥമാക്കിയിട്ടുണ്ട്. അറബി ഇടവകയിൽ വികാരിയായിരിക്കുമ്പോൾ കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ അധ്യാപകനായും സേവനം ചെയ്തിട്ടുണ്ട്. സേവന മേഖലകളിലെല്ലാം കുറ്റമറ്റ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ ബഹു. സാബു അച്ചന് കഴിഞ്ഞു. ആത്മാർത്ഥതയും കഠിനാധ്വാനവും കണിശതയും കൈമുതലാക്കിയ വ്യക്തിത്വമാണ്

അച്ചന്റേത്. കരുവഞ്ചാൽ ഹോസ്പിറ്റലിന്റെ പ്രവർത്തനങ്ങൾ ബഹു. സാബു അച്ചന്റെ നേതൃത്വത്തിൽ വളരെ ഭംഗിയായി മുന്നോട്ടു പോകുന്നു. ഏവരോടും സൗഹൃദം സൂക്ഷിക്കുന്ന, പാവപ്പെട്ടവരോട് കരുന്ന കാണിക്കുന്ന പ്രവർത്തനശൈലിയാണ് അച്ചന്റേത്. കരുവഞ്ചാൽ ഹോസ്പിറ്റൽ മലയോരത്തെ പ്രധാന ആശുപത്രിയാക്കി മാറ്റുവാൻ സാബു അച്ചന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. ബഹു. സാബു അച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**5. റവ. ഫാ. ജെയിംസ് (സജി) ചെല്ലങ്കോട്ട്**



1973 ഒക്ടോബർ 19ന് പേരാവൂർ സെന്റ് ജോസഫ് മേജർ എപ്പിസ്കോപ്പൽ തീർത്ഥാടന ഇടവകയിൽ ചെല്ലങ്കോട്ട് മാത്യു -ത്രേസ്യാമ്മ ദമ്പതികളുടെ മകനായി ബഹു. ജെയിംസ് അച്ചൻ ജനിച്ചു. അച്ചന് രണ്ട് സഹോദരന്മാരും ഒരു സഹോദരിയുമാണുള്ളത്. 1989ൽ വൈദികപരിശീലനത്തിനായി തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ പ്രവേശിക്കുകയും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. 1999 ഡിസംബർ 30ന് പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയത്തിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. ഭീമനടി | - അസി. വികാരി | 06.02.2000 | - 03.02.2001 |
| 2. നെല്ലിക്കാംപൊയിൽ | ,, | 04.02.2001 | - 19.05.2002 |
| 3. എടൂർ | ,, | 19.06.2002 | - 06.10.2002 |
| 4. കൊട്ടോടി, പടിമരുത് | - വികാരി | 06.10.2002 | - 20.05.2005 |
| 5. പൊട്ടൻപ്ലാവ് | - വികാരി | 21.05.2005 | - 08.05.1992 |
| 6. ബാംഗ്ലൂർ | - ഉപരിപഠനം | 2005 | - 2007 |
| 7. ചെമ്പേരി | - വിമൽജ്യോതി എഞ്ചി. കോളേജ് വാർഡൻ, അസി. മാനേജർ | 2007 | - 23.05.2009 |
| 8. സന്ദേശഭവൻ | - കോർപറേറ്റ് മാനേജർ | 24.05.2009 | - 11.05.2019 |
| 9. ചെമ്പേരി | - വിമൽജ്യോതി എഞ്ചി. കോളേജ് മാനേജർ | 11.05.2019 | |
| 10. ഏറ്റുപാറ | - വികാരി (അധികചുമതല) | 14.05.2022 | - 04.02.2023 |

സെമിനാരി പഠനകാലത്ത് 'ഉത്ഥാനം' എന്ന പേരിലുള്ള പുസ്തകം അച്ചൻ എഡിറ്റ് ചെയ്തിട്ടുണ്ട്. ബാംഗ്ലൂരിൽനിന്നും MSW പഠനം പൂർത്തിയാക്കി. 25 വർഷത്തെ വൈദികജീവിതത്തിൽ സിംഹഭാഗവും വിദ്യാഭ്യാസമേഖലയിലാണ് അച്ചൻ ശുശ്രൂഷ നിർവഹിച്ചത്. കോർപ

റേറ്റ് മാനേജർ എന്ന നിലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുവാൻ അച്ചനു സാധിച്ചു. ദീർഘവീക്ഷണത്തോടെ സ്ഥാപനങ്ങളെ നയിക്കുവാനുള്ള പ്രത്യേകസിദ്ധി ബഹു. ജെയിംസച്ചനുണ്ട്. വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ വളർച്ചയ്ക്കുപിന്നിൽ മാനേജർ എന്നനിലയിൽ ജെയിംസച്ചന്റെ സേവനങ്ങൾ വിസ്മരിക്കാനാവാത്തതാണ്. 'ഓട്ടോണമസ്' പദവിയിലേക്ക് വിമൽജ്യോതി ഉയർത്തപ്പെട്ടപ്പോൾ അതിനുപിന്നിൽ ബഹു. ജെയിംസച്ചന്റെ കഠിനാദ്ധ്വാനവും സംഘാടകമികവുമുണ്ട്. തലശ്ശേരി അതിരൂപതയ്ക്ക് അഭിമാനമായ ജെയിംസച്ചന് പൗരോഹിത്യ രജതജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**6. ഫാ. മാത്യു (ബെന്നി) മുളയോലിൽ**



തലശ്ശേരി അതിരൂപതയിലെ പേരാവൂർ ഇടവകയിൽ 1969 ജൂലൈ 23ന് മുളയോലിൽ തോമസ് - അന്നമ്മ ദമ്പതികളുടെ മകനായി ബഹു. മാത്യു അച്ചൻ ജനിച്ചു. അച്ചന് മൂന്ന് സഹോദരന്മാരാണുള്ളത്. 1993ൽ തലശ്ശേരി മൈനർ സെമിനാരിയിൽ പ്രവേശിക്കുകയും മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിൽനിന്നും തത്വശാസ്ത്ര പഠനവും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽനിന്നും ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 1999 ഡിസംബർ 30ന് പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയത്തിൽവച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. പേരാവൂർ ഫൊറോനയിലെ കല്ലുമുതിരക്കുന്ന് ഇടവകയിലാണ് ഇപ്പോൾ അച്ചന്റെ കുടുംബാംഗങ്ങൾ താമസിക്കുന്നത്.

| | | | |
|---|---|---|---|
| 1. പുലിക്കുരുമ്പ | - അസി. വികാരി | 09.02.2000 | - 22.07.2000 |
| 2. ഉദയഗിരി | - അസി. വികാരി | 23.07.2000 | - 25.08.2001 |
| 3. പൊട്ടൻപ്ലാവ് | - പ്രോ. വികാരി | 26.08.2001 | - 22.05.2004 |
| 4. മാമ്പോയിൽ | - വികാരി | 23.05.2004 | - 12.05.2007 |
| 5. പുന്നക്കുന്ന് | - വികാരി | 13.05.2007 | - 23.05.2009 |
| 6. സന്ദേശഭവൻ | - CML ഡയറക്ടർ | 24.05.2009 | - 16.05.2014 |
| 7. കമ്പല്ലൂർ | - വികാരി | 17.05.2014 | - 14.05.2016 |
| 8. ഗ്രേറ്റ് ബ്രിട്ടൻ | - അജപാലനപ്രവർത്തനങ്ങൾ | 14.05.2016 | |

ശാന്തത മുഖമുദ്രയാക്കിയ അജപാലകനാണ് ബഹു. ബെന്നി അച്ചൻ. ദൈവജനത്തിന്റെ മനസ്സിൽ സൗമ്യമായ പെരുമാറ്റരീതികൊണ്ട് ഇടംപിടിക്കുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. മിഷൻലീഗിന്റെ ഡയറക്ടർ

എന്ന നിലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കാൻ അച്ചന് കഴിഞ്ഞു. ശുശ്രൂഷചെയ്ത ഇടവകയിലെല്ലാം ദൈവജനത്തെ ഒരുമിപ്പിച്ചുകൊണ്ടുപോകാനും എല്ലാ കാര്യങ്ങളും കൃത്യമായി ചെയ്യുവാനും ബെന്നിയച്ചന് കഴിഞ്ഞു. പ്രവാസികൾക്കുവേണ്ടിയുള്ള അജപാലനപ്രവർത്തനങ്ങളിലും അച്ചൻ മികവ് തെളിയിച്ചു. ദൈവജനത്തെ ഒരുമിപ്പിച്ച് ലീഡ്സിൽ ഒരു ദൈവാലയം വാങ്ങുവാൻ വേണ്ട കാര്യങ്ങൾ ക്രമീകരിക്കുവാൻ ബഹു. ബെന്നിയച്ചന് കഴിഞ്ഞു. ബഹു. മാത്യു മുളയോലിൽ അച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**7. ഫാ. സ്കറിയ (ബെന്നി) നിരപ്പേൽ**



കാഞ്ഞിരപ്പള്ളി രൂപതയിലെ ചെങ്ങളം ഇടവകയിൽ 1972 സെപ്റ്റംബർ 22ന് നിരപ്പേൽ തോമസ് - ചിന്നമ്മ ദമ്പതികളുടെ മകനായി ബഹു. സ്കറിയ നിരപ്പേൽ ജനിച്ചു. അഞ്ച് സഹോദരങ്ങളും ഒരു സഹോദരിയുമാണ് അച്ചനുള്ളത്. സഹോദരന്മാരിൽ ഒരാൾ വൈദികനാണ്. തലശ്ശേരി അതിരൂപതയിലെ കാർത്തികപുരം ഇടവകയിലാണ് ബഹു. ബെന്നിച്ചന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ താമസിക്കുന്നത്. 1989 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ പ്രവേശിക്കുകയും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. രണ്ടായിരാമാണ്ട് ജനുവരി 5ന് കാർത്തികപുരം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | കരിക്കോട്ടക്കരി | - അസി. വികാരി | 06.02.2000 - 20.05.2000 |
| 2. | പാലാവയൽ | - അസി. വികാരി | 21.05.2000 - 04.02.2001 |
| 3. | ചെറുപുഴ | - അസി. വികാരി | 04.02.2001 - 26.08.2001 |
| 4. | രാജഗിരി | - പ്രോ വികാരി | 26.08.2001 - 16.05.2006 |
| 5. | ഉപരിപഠനം | MSW | 18.06.2006 - 16.05.2015 |
| 6. | ടി.എസ്.എസ്.എസ് | - അസി. ഡയറക്ടർ | 17.05.2015 - 13.05.2018 |
| 7. | ടി.എസ്.എസ്.എസ് | - ഡയറക്ടർ | 12.05.2019 - 15.06.2024 |
| 8. | ബയോമൗണ്ടൻ | - ഡയറക്ടർ | 15.06.2024 |

കഠിനാദ്ധ്വാനം പ്രവർത്തനശൈലിയാക്കിയ അജപാലകനാണ് ബഹു. ബെന്നിയച്ചൻ. രാജഗിരി പള്ളി പണിയുടെ ആദ്യഘട്ടം ബഹു. ബെന്നി അച്ചന്റെ നേതൃത്വത്തിലാണ് നടത്തിയത്. കോവിഡ് കാലഘ

ട്ടത്തിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്ത നങ്ങൾ പൊതുസമൂഹം മുക്തകണ്ഠം പ്രശംസിച്ചതാണ്. ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ, എടൂർ മൈത്രിഭവൻ ഡയറക്ടർ എന്നിങ്ങനെ സാമൂഹ്യസേവന മേഖലകളിൽ ആത്മാർഥമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ബഹു. ബെന്നിയച്ചന് കഴിഞ്ഞു. സോഷ്യൽ സർവീസ് ഡയറക്ടർ എന്ന നിലയിൽ ധാരാളം അംഗീകാരങ്ങൾ അച്ചനെ തേടി യെത്തിയിട്ടുണ്ട്. തന്നെ ഏല്പിച്ചിരിക്കുന്ന ഏതു കാര്യത്തിനുവേ ണ്ടിയും അലഞ്ഞ് അധ്വാനിക്കുവാൻ ബഹു. ബെന്നി അച്ചൻ മടികാ ണിക്കാറില്ല. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പ നിയെ വളർച്ചയിലേയ്ക്കെത്തിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ബഹു. ബെന്നിയച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**10. ആദരാഞ്ജലികൾ**

**1. റവ. സി. മേരി ജേക്കബ് നാഡിക്കുന്നേൽ എസ് എച്ച് (73):** 



തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി പ്രൊവിൻസ് അംഗമായ റവ. സി. മേരി ജേക്കബ് നാഡിക്കുന്നേൽ 2024 സെപ്റ്റംബർ 26-ന് നിര്യാ തയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 സെപ്റ്റം ബർ 27-ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാ വിന്റെ മുഖ്യകാർമ്മികത്വത്തിൽ തുണ്ടിയിൽ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. തുണ്ടിയിൽ, ജർമ്മിനി, തൊക്കിലങ്ങാടി, ഹെഗ്ള എന്നീ സ്ഥലങ്ങ ളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തി ക്കായി പ്രാർത്ഥിക്കാം.


**2. റവ. സി. ആലീസ് ഞരളക്കാട്ട് എഫ് സി സി (75):** ഫ്രാൻസി



സ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ റവ. സി. ആലീസ് ഞരളക്കാട്ട് എഫ്സിസി 2024 സെപ്റ്റംബർ 28-ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 സെപ്റ്റംബർ 29-ന് കുന്നോത്ത് നൊവിഷ്യേറ്റ് ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നട ന്നു. കുടിയാൻമല, ചെമ്പന്തൊട്ടി, കല്ലോടി, കുന്നോത്ത്. കൂടത്തായി, കോട്ടത്തറ, വെള്ളരിക്കുണ്ട്, ചെമ്പേരി, കരിക്കോട്ടക്കരി, കുന്നോത്ത് (Savio Boys Town), വിമലശ്ശേരി, കാഞ്ഞിരടുക്കം, ഉദയപുരം, നാട്ട

ക്കൽ, കണ്ണൂർ അമലാഭവൻ, കുന്നോത്ത് (Mercy Home), കൊക്കട എന്നീ മഠങ്ങളിൽ ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. റവ. ഫാ. ജോസഫ് കാപ്പിൽ (80)** അവിഭക്ത തലശ്ശേരി അതി



രൂപതാംഗമായ ബഹു. ജോസഫ് കാപ്പിലച്ചൻ 2024 സെപ്റ്റംബർ 28 ന് നിര്യാതനായി. താമരശ്ശേരി രൂപ തയിലെ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയി ക്കുകയായിരുന്നു. അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോ പ്പിള്ളി പിതാവിന്റെ സെക്രട്ടറിയായും പെരുമ്പുന്ന, നെല്ലിക്കുറ്റി എന്നീ ഇടവകകളിൽ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാരശുശ്രൂ ഷകൾ 2024 സെപ്റ്റംബർ 30 ന് തലശ്ശേരി അതിരൂപതയിലെ കോടോ പ്പള്ളി ഇടവകയിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമി ജിയൂസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നട ന്നു. ബഹു. ജോസ് കാപ്പിലച്ചന് തലശ്ശേരി അതിരൂപതാകുടുംബ ത്തിന്റെ ആദരാഞ്ജലികൾ.

**11. സ്നേഹസ്മൃതി**

1. റവ. ഫാ. ജോൺ ആറാംചേരി - 02-11-1975
2. മോൺ. തോമസ് മൂലക്കുന്നേൽ - 03-11-2001
3. റവ. ഫാ. ജോൺ പന്നിയാംമാക്കൽ - 03-11-2023
4. റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി - 10-11-2006
5. റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി - 11-11-2004
6. റവ. ഫാ. ജോസഫ് ചൂരയ്ക്കമറ്റം - 12-11-1998
7. റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ - 18-11-1982
8. റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് - 26-11-2011
9. റവ. ഫാ. തോമസ് കാവുംപുറം - 26-11-2016

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സെമിനാരി വാർത്തകൾ

**റീജൻസി ബ്രദേഴ്സിന്റെ സ്ഥലം മാറ്റം**

പ്രായോഗിക പരിശീലനത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി പുതിയ കർമവേദിയിലേയ്ക്ക് പ്രവേശിക്കുന്ന പ്രിയപ്പെട്ട റീജൻസി സഹോദരന്മാർക്ക് പ്രാർഥനാശംസകൾ. സേവനസന്നദ്ധതയോടെ കഴിഞ്ഞ ആറുമാസം വിവിധ സ്ഥലങ്ങളിൽ നിങ്ങൾ നിർവ്വഹിച്ച എല്ലാ ശുശ്രൂഷകൾക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

**REGENCY BROTHERS 2024 - 2025**

| | Name | Parish | Regency Place |
|---|---|---|---|
| 1 | Alappatt Joseph | Marygiri | Priest's Home |
| 2 | Chakirippadathu Abraham | Chemperi | Sandesabhavan |
| 3 | Elamthuruthil Thomas | Kappimala | Savio Boys Town Kunnoth |
| 4 | Kalavanal Joseph | Chavaragiri | Karunalayam Chemperi |
| 5 | Kallarackal Philip | Koluvally | Archbishop's House (Mar Valiamattam) |
| 6 | Koduveliparambil Donal | Kasaragod | Alpha Institute & FRUITS |
| 7 | Kuriyalanickal Xavier | Kavumthala | Mother Home |
| 8 | Madathettu Thomas | Bheemanady | Kunnoth, Mar Njaralakatt |
| 9 | Moolayil Loyola | Nellikkampoil | Archbishop's House |
| 10 | Palamattathil Thomas | Chedikkulam | Mandya |
| 11 | Panachickal Lukose | Vellarikund | Priest's Home |
| 12 | Payikkattu Scaria | Peringala | Catechism & Family Apo. |
| 13 | Puravakkattu Joe | Chempanthotty | Minor Seminary |

**ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. ജോർജ് കരോട്ട്**
*റെക്ടർ*
8304871142

# കാറ്റക്കെറ്റിക്കൽ അപ്പൊസ്സ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. റീജൻസി ബ്രദറിന് നന്ദി**

ഏപ്രിൽ 12 മുതൽ ഒക്ടോബർ 22 വരെ വിശ്വാസപരിശീലന കേന്ദ്രത്തിൽ റീജൻസി ചെയ്ത ബ്രദർ നിഖിൽ ആലപ്പാട്ട് ശാന്തി ഭവനിലേക്ക് തുടർപരിശീലനത്തിനായി പോയി. വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബ്രദർ നിഖിൽ നൽകിയ എല്ലാ സേവനങ്ങൾക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു. റീജൻസിക്കായി പുതുതായി കടന്നുവന്നിരിക്കുന്ന ബ്രദർ സ്കറിയ പായിക്കാട്ടിന് ഹൃദ്യമായ സ്വാഗതം.

**2. മതാധ്യാപകദിനം - നവംബർ 4**

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 3-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**3. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റ് ഓഫീ

സിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 15 ആണ്.** ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടാ യിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടു പേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടു ത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹനന്മയ്ക്കായി വിനിയോഗിക്കാം.

### 4. ക്രിസ്മസ് പരീക്ഷ ഡിസംബർ 08

ക്രിസ്മസ് പരീക്ഷ ഡിസംബർ 08 ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>5–8 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>5–8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>3–4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>5–8 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>3–4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1–5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5–8 അദ്ധ്യായങ്ങൾ<br>6–10 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25–47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാ ത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 5. ജനറൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പിൽ **നവംബർ 26-ന്** പ്രസിദ്ധീകരിക്കുന്നതായിരിക്കും. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജന

റൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ ജനറൽ ചോദ്യങ്ങൾ കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

### 6. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

ഈ അധ്യയനവർഷം 12-ാം ക്ലാസിൽ റെഗുലറായി പഠിക്കുന്ന കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ നവംബർ 10-നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. ഹെഡ്മാസ്റ്റർമാർക്ക് തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ **കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര്** എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തീയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ കുട്ടികളുടെ പക്കൽ നിന്നും ശേഖരിച്ചതിനുശേഷം ഫോം പൂരിപ്പിച്ച് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടായിരിക്കണം രജിസ്ട്രേഷൻ ഫോമുകൾ ഓഫീസിലേക്ക് അയക്കേണ്ടത്. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. **സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.**

**നിർദ്ദേശങ്ങൾ**

a. Internal Assesment മാർക്ക് ഇപ്പോൾ ചേർക്കേണ്ടതില്ല. കുട്ടികൾക്ക് രജിസ്ട്രേഷൻ നമ്പർ ഓഫീസിൽ നിന്നും നൽകി ഫോം തിരികെ നൽകുന്നതാണ്. അപ്പോഴാണ് ഇന്റേണൽ മാർക്ക് ചേർക്കേണ്ടത് (പരമാവധി 25 മാർക്ക്). മാർക്ക് കണക്കാക്കുമ്പോൾ വിശ്വാസപരിശീലനത്തിൽ കുട്ടിയുടെ ഭാഗഭാഗിത്വം, ക്ലാസ്സ് ടെസ്റ്റുകളിൽ കുട്ടിയുടെ പങ്കാളിത്തം, മതബോധന മണിക്കൂറിലെ പങ്കാളിത്തം, വി. കുർബാനയിൽ കുട്ടിയുടെ ഭാഗഭാഗിത്വം etc... കണക്കിലെടുക്കേണ്ടതാണ്.

b. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകിയിരിക്കുന്നത് അപൂർണ്ണമാണെങ്കിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.

c. രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിലായിരിക്കണം പൂരിപ്പിക്കേണ്ടത്.

d. **നവംബർ 10-നുള്ളിൽ** ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഷൻ ഫോം (സ്പീഡ് പോസ്റ്റ്/രജിസ്റ്റർ) അയക്കേണ്ടതാണ്.

### 7. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

മുൻവർഷങ്ങളിൽ നടത്തിയ XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2025 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 10-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

**8. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്**

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 10-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

**9. മതബോധന മണിക്കൂർ**

കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) കഴിഞ്ഞ അധ്യയനവർഷം മുതൽ ആരംഭിച്ചുവല്ലോ. ക്ലാസ് അധ്യാപകരുടെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

**10. ഫുൾഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**11. എയ്ഞ്ചൽസ് നേഴ്സറി**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

**12. ഏകദിന സെമിനാർ**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## 13. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2024-2025 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## നവംബർ മാസത്തിലെ അതിരൂപത വിസിറ്റ്

**നവംബർ 03:** നടുവിൽ, കനകക്കുന്ന്, ആനമഞ്ഞൾ, പയ്യാവൂർ, ഒറ്റത്തൈ, കണിച്ചാർ, വെളിമാനം, മാനടുക്കം, വാണിയപ്പാറ, തയ്യേനി, തിരുമേനി, കുമ്പള, കാഞ്ഞിരക്കൊല്ലി, ബിരിക്കുളം, വിളമന, അൽഫോൻസഗിരി, കാഞ്ഞങ്ങാട്, പെരിങ്ങാല. **നവംബർ 10:** വിളക്കന്നൂർ, രത്നഗിരി, ജോസ്മൗണ്ട്, മാമ്പൊയിൽ, ഓടന്തോട്, കണ്ണൂർ, കരിക്കോട്ടക്കരി, അടോട്ടുകയ, മേലെചൊവ്വ, ചരൾ, കണ്ണിവയൽ, ചെറുപുഴ, മുള്ളേരിയ, മണിക്കടവ്, ബളാൽ, തിരൂർ, പെരിയ, കോടോപ്പള്ളി. **നവംബർ 17:** നെല്ലിക്കുന്ന്, അരീക്കമല, നാട്ടക്കൽ, മുത്താറിക്കുളം, വിജയഗിരി, പെരുമ്പുന്ന, മുരിങ്ങോടി, ഉരുപ്പുംകുറ്റി, കള്ളാർ, തളിപ്പറമ്പ്, ആനപ്പന്തി, കുളിനീർ, മുളപ്ര, മാട്ടറ, കാലിച്ചാമരം, നെല്ലിക്കാംപൊയിൽ, പാത്തൻപാറ, രയറോം. **നവംബർ 24:** ശ്രീകണ്ഠാപുരം, പൂപ്പറമ്പ്, പൈസക്കരി, ചീക്കാട്, എടത്തൊട്ടി, കമ്പല്ലൂർ, ചൂരപ്പടവ്, തേർമല, തടിക്കടവ്, തലശ്ശേരി, വിമലശ്ശേരി.

## 14. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

## 15. ആസ്പെക്ട് 2024-2025

2024-2025 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് വിശ്വാസപരിശീലനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന **"വിശുദ്ധ കുർബാനയിലെ ദൈവാനുഭവം"** എന്ന പുസ്തകമാണ്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. ഉടൻതന്നെ പുസ്തകങ്ങൾ പ്രധാനാധ്യാപകർക്ക് വിതരണം ചെയ്യുന്നതാണ്.

## 16. വിശ്വാസപരിശീലകരുടെ ധ്യാനം - "റേമ 2024"

വിശ്വാസപരിശീലകരുടെ അടുത്ത ധ്യാനം ഡിസംബർ 6-8 തിയതികളിലാണ്. നവംബർ മാസത്തെ ധ്യാനം ഉണ്ടായിരിക്കുന്നതല്ല.

| തീയതി | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|
| നവംബർ 22-24 | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി, ചെറുപുഴ, മാലോം, വെള്ളരിക്കുണ്ട് |
| ഡിസംബർ 06-08 | മുകളിൽ പറഞ്ഞ തീയതികളിൽ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർ |

## 17. "എൻലൈറ്റ് 2024-2025"

7, 8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. ▸ സെമിനാർ ഒരുഫൊറോനയിൽ രണ്ടോ, മൂന്നോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▸ നവംബർ 17, 24, ഡിസംബർ 01, ജനുവരി 5, 12, 19 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▸ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ▸ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

## 18. സീറോ മലബാർ പ്രതിഭാ അവാർഡ്

ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 73 കുട്ടികൾക്കായി തലശ്ശേരി സന്ദേശഭവനിൽ വച്ച് ഒക്ടോബർ 12, 13 തീയതികളിൽ അതിരൂപതാതല ക്യാമ്പ് സംഘടിപ്പിച്ചു. മാർ ജോർജ് വലിയമറ്റം പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. ഫാ. ജോസഫ് വയലുങ്കൽ, ബ്രദർ മാർട്ടിൻ പാഴൂപ്പറമ്പിൽ, ശ്രീ. ജോബി ജോൺ മൂലയിൽ, ശ്രീ. ബിനോഷ് ആലയ്ക്കാമറ്റത്തിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. റവ. സി. റോസിലിയ എൻഎസ്, റവ. സി. പുഷ്പ സിഎംസി, റവ. സി. ജോത്സ്ന സിഎംസി, റവ. സി. ലിറ്റി എൻഎസ്, ബ്രദർ നിഖിൽ ആലപ്പാട്ട് എന്നിവർ ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ചു. ക്യാമ്പിന് സൗകര്യങ്ങൾ ഒരുക്കിതന്ന സന്ദേശഭവനിലെ എല്ലാ ബഹു. വൈദികർക്കും സ്റ്റാഫ് അംഗങ്ങൾക്കും നന്ദി.

**അതിരൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ**

| പേര് വീട്ടുപേര് | ഇടവക | ഫൊറോന |
|---|---|---|
| സ്കറിയ പൂത്തോട്ടാൽ | കരിക്കോട്ടക്കരി | എഡൂർ |
| ആൽബിൻ പള്ളിച്ചിറ | പൈസക്കരി | പൈസക്കരി |
| ഡോണമരിയ ചാമക്കാലായിൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| മെർലിൻ സോജൻ മനാട്ട് | പുലിക്കുരുമ്പ | ചെമ്പേരി |

**19. സോൾട്ട് 2024**

ഈ വർഷം സൺഡേസ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് സോൾട്ട് 2024 നടത്തുന്ന സ്ഥലങ്ങൾ.

| തിയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| നവംബർ 10 | ചെറുപുഴ | ചെറുപുഴ, മാലോം, തോമാപുരം, വെള്ളരിക്കുണ്ട് |
| നവംബർ 17 | പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി |

**20. സോൾട്ട് 2024: കുന്നോത്ത്, ചെമ്പേരി, ആലക്കോട്**

തലശ്ശേരി അതിരൂപതയിൽ 2024-2025 പ്രവർത്തനവർഷത്തിൽ കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ, പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ് എന്നീ ഫൊറോനകളിൽ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി കുന്നോത്ത്, ചെമ്പേരി, ആലക്കോട് എന്നീ സ്ഥലങ്ങളിൽ വച്ച് സോൾട്ട് 2024 എന്ന പേരിൽ സംഗമം നടത്തി. റവ. ഫാ. അഖിൽ മുക്കുഴി, ശ്രീ. ജോബി ജോൺ മൂലയിൽ, ഡോ. അലക്സ് ജോർജ് കാവുകാട്ട് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സംഗമത്തിന് നേതൃത്വം നൽകിയ ഫൊറോന വികാരയച്ചന്മാർക്കും കട്ടികളെ പറഞ്ഞയച്ച ബഹു. വൈദികർക്കും ടീച്ചേഴ്സിനും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

**21. റീജിയണൽ സംഗമങ്ങൾ (ടീച്ചേഴ്സ് കോൺഫറൻസ്)**

2024-2025 പ്രവർത്തനവർഷത്തിൽ വിശ്വാസപരിശീലകർക്കായി റീജിയണൽ സംഗമങ്ങൾ നടത്തുന്നു. സംഗമം രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നതാണ്.

| തിയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| നവംബർ 02 | ചെറുപുഴ | ആലക്കോട്, മേരിഗിരി, ചെറുപുഴ, തളിപ്പറമ്പ് |
| നവംബർ 16 | കുന്നോത്ത് | പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, മണിക്കടവ് |

**22. മിഷൻ ഞായർ ഒക്ടോബർ 20 - നന്ദി**

ആഗോളമിഷൻ ഞായറായ ഒക്ടോബർ 20-ാം തീയതി എല്ലാ സൺഡേസ്കൂളുകളും സമുചിതമായി ആചരിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

## 23. രാജത്വത്തിരുനാൾ - നവംബർ 24

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 24-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 24. ദിവ്യകാരുണ്യസന്ധ്യ - നന്ദി

എടൂർ, മണിക്കടവ്, പേരാവൂർ ഫൊറോനകളിൽ വച്ച് നടത്തിയ ദിവ്യകാരുണ്യസന്ധ്യയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും, പ്രോഗ്രാം ഭംഗിയായി ക്രമീകരിച്ച റവ. ഫാ. തോമസ് വടക്കേമുറിയിൽ, റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ, റവ. ഫാ. മാത്യു തെക്കെമുറിയിൽ എന്നീ ഫൊറോനാ വികാരിയച്ചന്മാർക്കും, ഫൊറോന പ്രസിഡണ്ട്, സെക്രട്ടറിമാർക്കും പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി.

## 25. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2024-2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 26. ആദരാഞ്ജലികൾ

ഉദയഗിരി സൺഡേസ്കൂളിലെ അധ്യാപികയായിരുന്ന ഷൈനി വാഴയ്ക്കാമലയിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

## 27. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

അസി. ഡയറക്ടറച്ചൻ ലിസിഗിരി, പുഞ്ച, അരവൻചാൽ, കൊളക്കാട് എന്നീ സൺഡേസ്കൂളുകളിൽ സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**1. ലോഗോസ് ക്വിസ് – 2024**

ലോഗോസ് ക്വിസ് 2024 വിജയകരമാക്കുവാൻ സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. അതിരൂപതാതലത്തിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് അഭിനന്ദനങ്ങൾ! ഓരോ വിഭാഗത്തിലും സമ്മാനാർഹരായ 3 പേർ വീതം അതിരൂപതയെ പ്രതിനിധീകരിച്ച് കോഴിക്കോട് നടക്കാവിലുള്ള പ്രോവിഡൻസ് സ്കൂളിൽ വച്ച് നവംബർ 10 ഉച്ചകഴിഞ്ഞ് 2 മണിക്ക് നടക്കുന്ന സെമിഫൈനലിൽ പങ്കെടുക്കുന്നതാണ്.

**2. ലോഗോസ് ക്വിസ് 2024 – ഗ്രൂപ്പ് വിജയികൾ**

**എ വിഭാഗം**

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| ദിയ എലിസബത്ത് മൂലയിൽ | 83 | തോമാപുരം | I |
| റോസ് മേരി വരിക്കമാക്കൽ | 78 | നീലേശ്വരം | II |
| ഫൗസ്റ്റീന ജോസ് പുല്ലുകാലായിൽ | 77 | എണ്ണപ്പാറ | III |

**ബി വിഭാഗം**

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| അൽന റോസ് തലയണക്കുഴി | 95 | കൊളക്കാട് | I |
| ഡെൽന മൂലയിൽ | 86 | തോമാപുരം | II |
| തോമസ് നാഗനോലിൽ | 85 | ചെറുപാറ | III |

**സി വിഭാഗം**

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| മെറിൻ മരിയ ചൊവേലിക്കുടിയിൽ | 95 | പടുപ്പ് | I |
| അൽഫോൻസ റോസ് കാരന്താനം | 94 | തളിപ്പറമ്പ് | II |
| ആതിര സാഗർ തുണ്ടത്തിൽ | 90 | എടൂർ | III |

## ഡി വിഭാഗം

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| സി. സാന്ദ്ര മരിയ എസ്.എ.ബി.എസ്. | 97 | കുളിനീർ | I |
| സിജി മൈലയ്ക്കൽ | 96 | പുളിങ്ങോം | II |
| സനീഷ മുകളേകാലായിൽ | 95 | തേർമല | III |

## ഇ വിഭാഗം

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| മോളി കാരക്കടയിൽ | 98 | ജയഗിരി | I |
| ലിസി ജോസഫ് പറത്താനത്ത് | 94 | ചെമ്പേരി | II |
| ജോവാൻ ജോസഫ് മേച്ചേരിയിൽ | 93 | വെമ്പുവ | III |

## എഫ് വിഭാഗം

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| അന്ന ഇ.എ. ഇടപ്പാട്ട് | 100 | മേലെചൊവ്വ | I |
| സി. ബ്രജിത്ത് സി.എം.സി. | 97 | നെല്ലിക്കാംപൊയിൽ | II |
| അന്നമ്മ തടത്തിൽ | 90 | പറമ്പ | III |

## ആദം മിനിസ്റ്ററി

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| നിമ്മി ഏലിയാസ് തേമ്പള്ളിൽ | 100 | മുളപ്ര | I |
| രാജൻ നരുതൂക്കിപ്ലാവിലപുത്തൻവീട് | 70 | ആലക്കോട് | II |
| മാർട്ടിൻ എം. സെബാസ്റ്റ്യൻ മഞ്ഞക്കാട്ടിൽ | 58 | കുടിയാന്മല | III |

## ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുടുംബങ്ങൾ

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| ജോൺ മാത്യു പുല്ലുകാലായിൽ | 232 | എണ്ണപ്പാറ | I |
| അൽഫോൻസ് റോസ് കാരന്താനം | 202 | തളിപ്പറമ്പ് | II |
| ജോസ് മനയാനി | 182 | തളിപ്പറമ്പ | III |

**ഏറ്റവും കൂടുതൽ ആളുകൾ രജിസ്റ്റർ ചെയ്ത ഇടവകകൾ**

| ക്രമ നമ്പർ | ഇടവക | റാങ്ക് |
|---|---|---|
| 1 | കൊളക്കാട് | 833 |
| 2 | പേരാവൂർ | 537 |
| 3 | തോമാപുരം | 507 |

## ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലശ്ശേരിയിലെ ബിരുദദാന ചടങ്ങ് നവംബർ 9 ശനിയാഴ്ച

2021 ബാച്ചിൽ ദൈവശാസ്ത്രപഠനം വിജകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനം 2024 നവംബർ 9 ന് ശനിയാഴ്ച തലശ്ശേരി സാൻജോസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 ന് ചടങ്ങ് ആരംഭിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർ ത്ഥികളും രാവിലെ 8.30 മണിയോടെ ചടങ്ങ് നടക്കുന്ന ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അവർ ധരിക്കേണ്ട കോൺവൊക്കേഷൻ വസ്ത്രവും ക്യാപ്പും രജിസ്റ്റർ ചെയ്യുമ്പോൾ നല്കുന്നതായിരിക്കും. 9.00 നുള്ള കോൺവൊക്കേഷൻ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഹാളിൽ പ്രവേശനം ലഭിക്കുകയുള്ളൂ. കോൺവൊക്കേഷൻ ഫീസായി 750 രൂപയാണ് വിദ്യാർത്ഥികൾ അടയ്ക്കേണ്ടത്.

## നന്ദി, സ്വാഗതം

2024 ഏപ്രിൽ 22 മുതൽ 2024 ഒക്ടോബർ 22 വരെ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലും ബൈബിൾ അപ്പൊസ്റ്റൊലേറ്റിലും ത്യാഗോജ്ജ്വലമായ സേവനം കാഴ്ചവച്ച ബ്രദർ ജോസഫ് കലവനാലിന് ഹൃദയം നിറഞ്ഞ നന്ദി. ചെമ്പേരി കരുണാലയത്തിലെ തുടർ റീജൻസി കാലഘട്ടം ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു. പുതുതായി ആൽഫയിലേക്കു റീജൻസിക്കായി വന്നിരിക്കുന്ന ബ്രദർ ഡോണൽ കൊടുവേലിപറമ്പിലിന് ഹൃദ്യമായ സ്വാഗതം. നന്മ നിറഞ്ഞ റീജൻസി കാലഘട്ടം ആശംസിക്കുന്നു.

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയുടെ രാജത്വത്തിരുനാൾ ആഘോഷിക്കുവാൻ ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. സ്നേഹത്തിന്റെ നിയമത്താൽ മനുഷ്യഹൃദയങ്ങളെ അടക്കിഭരിക്കുന്ന സ്നേഹരാജാവാണ് നമ്മുടെ ക്രിസ്തു. ക്ഷമിക്കുകയും സ്നേഹിക്കുകയും മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന നല്ല പ്രേഷിതരായി ഈ വർഷത്തെ രാജത്വത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം... എല്ലാവർക്കും രാജത്വത്തിരുന്നാളിന്റെ മംഗളങ്ങൾ... പ്രാർത്ഥനകൾ...

അനുസ്മരിക്കുന്ന തിരുനാൾ : മിശിഹായുടെ രാജത്വത്തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. അന്ത്രയോസ്
പ്രാർത്ഥനാനിയോഗം : എല്ലാ കുടുംബങ്ങൾക്കും വേണ്ടി
സുകൃതജപം : ഈശോയെ അങ്ങയുടെ ചിറകിൻകീഴിൽ എന്നെ കാത്തുകൊള്ളണമെ.
വിശുദ്ധയെ അറിയാൻ സ്നേഹിക്കാൻ: നവമാലിക അദ്ധ്യായം 5.

### 1. ശാഖകൾ ശ്രദ്ധിക്കാൻ

1 വെള്ളി : സകല വിശുദ്ധരുടെയും തിരുനാൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ - കാർട്ടൂൺ, പോസ്റ്റർ നിർമ്മാണം.

2 ശനി : സകല മരിച്ചവരുടെയും തിരുനാൾ

3 ഞായർ : മതാദ്ധ്യാപകരെ ആദരിക്കൽ

4 തിങ്കൾ : മതാദ്ധ്യാപകദിനം

14 വ്യാഴം : ശിശുദിനം

24 ഞായർ : രാജത്വത്തിരുനാൾ

30 വെള്ളി : ആൽബം, പ്രബന്ധം, ക്ലിക്ക്ഷോട്ട്, പൂമ്പാറ്റ എന്നിവ അതിരൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം.

**2. മേഖലകൾ ശ്രദ്ധിക്കാൻ:** എക്സിക്യൂട്ടീവ്, സെമിനാർ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, മതാദ്ധ്യാപകദിനം, മിശിയുടെ രാജത്വത്തിരുനാൾ, മേഖലാ ഭാരവാഹികൾക്ക് ട്രെയിനിംഗ്.

### 3. രാജത്വതിരുനാൾ

നവംബർ 24-ാം തീയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്കവിധം വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതാ തലത്തിൽ തോമാപുരം മേഖലയിലെ കണ്ണിവയൽ ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

### 4. മിഷൻ പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കുവാൻ അതിരൂപതയിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. മുളപ്ര, ചെങ്ങോം, കടുമേനി, ചെടിക്കുളം, കാവുന്തല, മണിപ്പാറ, നെടുംപുറംചാൽ, നെടുവാലൂർ, നെല്ലിപ്പാറ, കാലാങ്കി, മണിക്കടവ്, മാട്ടറ, പാടിയോട്ടുചാൽ, കോഴിച്ചാൽ, പയ്യാവൂർ, പുന്നക്കുന്ന്, റയറോം, മാലോം, പനത്തടി, പേരട്ട, ഏറ്റുപ്പാറ, കാർത്തികപുരം, ചരൾ, ചെമ്പന്തൊട്ടി, വെള്ളരിക്കുണ്ട്. ഡിസംബർ 10 ന് മുൻമ്പ് മേഖലകൾ സന്ദർശനം പൂർത്തിയാക്കി മികച്ച 3 എണ്ണം രൂപതയ്ക്ക് നൽകേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്ത എല്ലാ ശാഖകളിലും മേഖലസമിതി എത്തുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ.

### 5. പ്രബന്ധരചന

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന പ്രബന്ധരചനാ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 30 ആണെന്ന് ഓർമ്മിപ്പിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 38, മാർഗ്ഗരേഖ 60 എന്നിവ കാണുക) വിഷയം: **"ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും"**

### 6. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം

5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ ക്ലിക്ക് ഷോട്ട് പെൻഡ്രൈവിൽ ആക്കി ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 37, മാർഗ്ഗരേഖ പേജ് 59 എന്നിവ കാണുക).

### 7. പൂമ്പാറ്റ ആംഗ്യപ്പാട്ട്

5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ ആംഗ്യപ്പാട്ട്

പെൻഡ്രൈവിൽ ആക്കി ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരി ദീപം പേജ് 38, മാർഗ്ഗരേഖ പേജ് 59-60 എന്നിവ കാണുക).

**8. ആൽബം**

**"ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖ ലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബനിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവര ങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 37, മാർഗ്ഗരേഖ പേജ് 61 കാണുക.

**9. ടീം ക്വിസ്സ്**

ഈ വർഷത്തെ ടീം ക്വിസ്സ് 2025 ജനുവരി 25 ന് ശനിയാഴ്ച ആണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

- ടീം ക്വിസ് ഈ പ്രവർത്തനവർഷം 5 മുതൽ 10 വരെ ക്ലാസ്സുകളിൽ മത ബോധനം പഠിക്കുന്ന കുട്ടികൾക്കായിരിക്കും.
- 6 പേർ ഉൾപ്പെടുന്ന മേഖലാ ടീം ആണ് മത്സരിക്കേണ്ടത്. ഇതിൽ 2 ആൺകുട്ടികളും 2 പെൺകുട്ടികളും നിർബന്ധമായി ഉണ്ടായിരിക്കണം. മേഖലാ ടീം ഒരേ ശാഖയിൽ നിന്ന്തന്നെ വേണമെന്ന് നിർബന്ധമില്ല.
- മത്സരം വ്യക്തിഗതമായിരിക്കണം. ചർച്ച ചെയ്ത് എഴുതാൻ പാടില്ല.
- മത്സരത്തിൽ പങ്കെടുക്കുന്ന ടീം അംഗങ്ങളുടെ മുഴുവൻ മാർക്കും കൂട്ടി യായിരിക്കും വിജയിച്ച ടീമിനെ നിശ്ചയിക്കുക. വ്യക്തിഗത സമ്മാനം ഉണ്ടായിരിക്കും.
- മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ്, ബാഡ്ജ്, പഠിക്കുന്ന ക്ലാസ് തെളിയിക്കുന്ന ശാഖാഡയറക്ടറുടെ കത്ത് എന്നിവ ഉണ്ടായിരി ക്കണം.
- ക്വിസ്മത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യൂട്ടീവിന്റെ തീരുമാനം അന്തിമമായിരിക്കും.
- **ടീം ക്വിസ് പഠനഭാഗങ്ങൾ:**ലോഗോസ് ക്വിസ് പഠനഭാഗം 30% (ന്യായാ ധിപൻമാർ1-10, പ്രഭാഷകൻ 34-40, ലൂക്കാ9-16, 2 കോറിന്തോസ് 7-13), പ്രേഷിതവഴിയിലെ വിജയഗാഥ 1 മുതൽ 5 വരെയുള്ള അദ്ധ്യായങ്ങൾ 30%, സഭ 20%, എന്റെ മിഷൻലീഗ്പുസ്തകം 20% (പേജ് 11 മുതൽ 35 വരെ).
- ജനുവരി 20 ന് മുമ്പായി മേഖലാ തലത്തിൽ ടീം ക്വിസ്സ് നടത്തി മേഖലാ വിജയികളായ ടീമിന്റെ വിവരം അതിരൂപതാ ഓഫീസിൽ അറിയിക്കേ ണ്ടതാണ്.

## 10. കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണം ആരംഭിച്ചുകാണു മല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസിക ജനുവരി 26 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**നിബന്ധനകൾ**

- മാസിക 100 പേജിൽ കവിയരുത്. അളവ് A4 Size
- മാസികയിലെ ചിത്രങ്ങളുൾപ്പെടെയുള്ള എല്ലാ രചനകളും സി.എം.എൽ. അംഗങ്ങളുടെ സൃഷ്ടിയായിരിക്കണം. ഇവയിൽ അംഗങ്ങളുടെ പേരും, അംഗത്വനമ്പറും, ഫോൺനമ്പറും നിർബന്ധമായും ചേർത്തിരിക്കണം.
- ബഹു. അച്ചൻമാർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് എന്നിവരുടെ രചന ക ൾ മാസികയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ ആശംസകൾ ഉൾപ്പെ ടുത്താം.
- രചനകൾ ക്രിസ്തീയ ആദർശം പ്രതിഫലിപ്പിക്കുന്നവയായിരിക്കണം. ക്രിസ്തീയ ആശയങ്ങൾക്ക് വിരുദ്ധമായതൊന്നും രചനകളിൽ പാടില്ല.
- ലേഖനം, ചെറുകഥ, കാർട്ടൂൺ, കവിത, ഫലിതബിന്ദുക്കൾ, മഹത്വച നങ്ങൾ, കടങ്കഥകൾ, ക്വിസ്, പദപ്രശ്നം, നിങ്ങൾക്കറിയാമോ, നുറുങ്ങു കൾ, ഹാസ്യഭാവന, ഏകാങ്കം, ചിത്രങ്ങൾ, കളർഡ്രോയിംഗ്, പെൻസിൽ ഡ്രോയിംഗ്, തുടങ്ങിയവ മാസികയിൽ ഉൾപ്പെടുത്താം.
- രചനകളുടെ വൈവിധ്യം, ഉൾക്കൊള്ളുന്ന മുല്യങ്ങൾ, നിലവാരം, മാസി കയുടെ കലാമേൻമ, എഡിറ്റിംഗ്, ചമയം, ആശംസകൾ, ആമുഖം, ഉചി തമായപേര്, മുഖചിത്രം തുടങ്ങിയവയെല്ലാം വിലയിരുത്തപ്പെടും.
- കൈയെഴുത്ത് മാസികാമത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യു ട്ടീവ് തീരുമാനങ്ങളും, ഏറ്റവും നല്ല കൈയെഴുത്ത്മാസിക തിരഞ്ഞെടു ക്കുന്നതിൽ ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങളും അന്തിമമായിരിക്കും.
- കൈയെഴുത്ത് മാസികയിലെ രചനകളിൽ 75%, 17 വയസ്സിൽ താഴെ യുള്ള മിഷൻലീഗ് അംഗങ്ങളുടേത് ആയിരിക്കണം.
- ഈ വർഷത്തെ പഠനവിഷയമായ "**ദൈവകേന്ദ്രീകൃത കുടുംബം ദൈവ വിളികളുടെ ഉറവിടവും ശക്തിയും**" എന്ന വിഷയത്തെ ആസ്പദമാ ക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉൾക്കൊള്ളിച്ചിരി ക്കണം.
- കൈയെഴുത്ത് മാസിക അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ട അവ സാന തിയതി ജനുവരി 26.

## 11. ക്രിസ്കാർഡ് നിർമ്മാണ മത്സരം

ക്രിസ്മസ് ആഘോഷഭാഗമായി മിഷൻലീഗ്അംഗങ്ങൾക്കായി നട ത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം ഈ വർഷം നടത്തപ്പെടുന്നു. ശാഖ കളിൽ മത്സരം നടത്തി ശാഖകളിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവർ

ഡിസംബർ 22-ാം തീയതി റീജിയണൽ തലത്തിൽ നടത്തപ്പെടുന്ന അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ് എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

**ക്രിസ്കാർഡ് നിബന്ധനകൾ**

- ചായക്കൂട്ടുകൾ, പഴയ ക്രിസ്തുമസ് കാർഡുകൾ, ഇലകൾ, പൂക്കൾ, തുടങ്ങിയവ ഉപയോഗിക്കാം.
- 15 സെ.മീ വീതിയും, 21 സെ.മീ നീളവുമുള്ള ചാർട്ടുപേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.
- നിർമ്മാണ സമയം 2 മണിക്കൂർ
- അംഗത്വകാർഡ് നിർബന്ധമാണ്.
- ശാഖകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്നവരാണ് അതിരൂപതാതലത്തിൽ നടക്കുന്ന റീജിയണൽ മത്സരത്തിൽ പങ്കെടുക്കേണ്ടത്. (സ്ഥലവും, സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും).
- ആൺ പെൺ വ്യത്യാസം ഇല്ല.

**12. മതാദ്ധ്യാപക ദിനം**

നവംബർ 4-ാം തീയതി മതാദ്ധ്യാപക ദിനമാണല്ലോ. നവംബർ 4-ാം തീയതി തിങ്കളാഴ്ചയായതിനാൽ നവംബർ 3-ാം തീയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം കാലിച്ചാനടുക്കം ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**13. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ നവംബർ മാസം മേരിഗിരി (നവംബർ - 3), ചെറുപുഴ (നവംബർ - 10), തോമാപുരം (നവംബർ - 17), മാലോം (നവംബർ - 24), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**14. മിഷൻകലണ്ടർ**

അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് മിഷൻകലണ്ടർ എല്ലാ ശാഖകളിലും എത്തി എന്ന് വിചാരിക്കുന്നു. മിഷൻ കലണ്ടറിന്റെ തുക 10 രൂപയാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. 4 രൂപ മേഖലയ്ക്കും 6 രൂപ രൂപതയ്ക്കുമാണ് നൽകേണ്ടത്. കലണ്ടറിന്റെ തുക ആരും നേരിട്ട് അതിരൂപതയിൽ അടക്കേണ്ടതില്ല. അവരവരുടെ മേഖലയിലാണ് അടയ്ക്കേണ്ടത്. മേഖലവഴി തുക അതിരൂപതയിൽ അടയ്ക്കുവാൻ മേഖല ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**15. ടെലികിസ്സ് വിജയികൾ**

ജുവന്ന മരിയ വട്ടക്കാട്ട് - വിജയഗിരി - ആലക്കോട് റീജിയൺ
ക്രിസ് പോൾ കുന്തറ - കാഞ്ഞിരടുക്കം - കാഞ്ഞങ്ങാട് റീജിയൺ
മാത്യൂസ് ജോൺ അന്തീനാട്ട് - വെളിമാനം- ഇരിട്ടി റീജിയൺ

**16. വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ഈ വർഷത്തെ മിഷൻ പിരിവിന്റെ 2% ദയവായി എത്രയും വേഗം ഓഫീസിൽ എത്തിക്കുവാൻ ബഹുമാനപ്പെട്ട വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. കൂടാതെ 2024-2025 വർഷത്തെ വാർഷിക വിഹിതം, (500 രൂപ) അംഗത്വ ഫീസ് (ഒരുകുട്ടിക്ക് 5 രൂപ വീതം) എന്നിവ ഇനിയും അടച്ചുതീർക്കാനുള്ളവർ എത്രയുംവേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

**17. ദിവ്യകാരുണ്യ സംഗമങ്ങൾ**

അതിരൂപതാ ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ച് ഡിസംബർ അവസാനത്തോടുകൂടി എല്ലാ മേഖലകളിലും ശാഖകളുടെ സഹകരണത്തോടെ മേഖലയിലെ തിരഞ്ഞെടുത്ത ശാഖയിൽ വച്ച് ദിവ്യകാരുണ്യ സംഗമങ്ങൾ നടത്തുമല്ലോ. (ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, ക്ലാസ്സുകൾ... തുടങ്ങിയവ നടത്താവുന്നതാണ്.)

**18. മേഖലാ സന്ദർശനം**

ഡിസംബർ മാസത്തിൽ അതിരൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനം നടത്തുന്നതായിരിക്കും എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മേഖലകൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**19. അതിരൂപതാ കൗൺസിൽ വാർഷികം**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതാ 65-ാം കൗൺസിൽ വാർഷകവും പ്രേഷിതറാലിയും ഒക്ടോബർ 2-ാം തിയതി ബുധനാഴ്ച വെള്ളരിക്കുണ്ട് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കൗൺസിൽ സമ്മേളനം തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ ഷിജോ സ്രായിൽ അധ്യക്ഷത വഹിച്ചു. 2023 -2024 വർഷത്തെ പ്രവർത്തനറിപ്പോർട്ടും കണക്കും അതിരൂപത വൈസ് പ്രസിഡന്റ് റെനിൻ കൊടിയംക്കുന്നേൽ, അതിരൂപത സെക്രട്ടറി ബിജു കൊച്ചുപൂവക്കോട്ട് എന്നിവർ അവതരിപ്പിച്ചു. അന്തർ ദേശീയ എക്സിക്യൂട്ടീവ് മെമ്പർ റവ. ഫാ. ആന്റണി തെക്കേമുറി, സംസ്ഥാന പ്രസിഡന്റ് ശ്രീ രഞ്ജിത്ത് മുതുപ്ലാക്കൽ, സംസ്ഥാന സെക്രട്ടറി ശ്രീ ജെയ്സൺ പുളിച്ചുമാക്കൽ, മാലോം മേഖലാ ഡയറക്ടർ ഫാ. തോമസ് മരശ്ശേരി, റീജിയണൽ ഓർഗനൈസർ ശ്രീ സഖറിയാസ് തേക്കുംക്കാട്ടിൽ, വെള്ളരിക്കുണ്ട് മേഖലാ പ്രസിഡന്റ് ശ്രീ മനോജ് മുടവനാട്ട്, വെള്ളരിക്കുണ്ട് മേഖലാ വൈസ് ഡയറക്ടർ സി. സൗമ്യ എഫ്. സി.സി, വെള്ളരിക്കുണ്ട് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ജോസ് ഇലവുങ്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മാലോം ശാഖയിലെ ലിനോൾഡ് വട്ടക്കുന്നേൽ സംഗീതം ആലപിച്ചു. അതോടൊപ്പം നിയമാവലി ക്വിസ് സംസ്ഥാനതല പ്രസംഗമത്സര വിജയി എന്നിവരെ ആദരിച്ചു.

ഉച്ചഭക്ഷണത്തെത്തുടർന്ന് നടന്ന വാർഷികാഘോഷം അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് ഉദ്ഘാടനം ചെയ്തു. മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരക പ്രേഷിത അവാർഡ് ജേതാവ് ശ്രീ യാക്കോബപ്പൻ, ശ്രീ ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ് ജേതാവ് ശ്രീ ജിജു കോലക്കുന്നേൽ, എന്നിവരെ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് ആദരിച്ചു. 2023-2024 പ്രവർത്തന വർഷത്തെബെസ്റ്റ് ശാഖാ - മേഖലാ അവാർഡ് ദാനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോർജ്ജ് വലിയമറ്റം അനുഗ്രഹപ്രഭാഷണം നടത്തി.വികാരി ജനറാൾ മോൺ മാത്യു ഇളംതുരുത്തിപ്പടവിൽ,വെള്ളരിക്കുണ്ട് ഫൊറോന വികാരി ഫാ. ജോൺസൺ അന്ത്യാംകുളം എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.എ കെ സി സി ഗ്ലോബൽ ഡയറക്ടർ ഫാ.ഫിലിപ്പ് കവിയിൽ **'മിഷൻജ്യോതി'** പ്രകാശനം ചെയ്തു. പനത്തടി ശാഖയിലെ ആൻ ആഗ്നസ് ത്ന്നിക്കൽ സംഗീതം ആലപിച്ചു. തോമാപുരം, വെള്ളരിക്കുണ്ട് എന്നീ ശാഖകളിലെ കുട്ടികളുടെ രംഗപൂജകളോടെ ആരംഭിച്ച കൗൺസിൽ വാർഷിക സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ അരുൾ പറയക്കുന്നേൽ, അതിരൂപതാ സെക്രട്ടറി ശ്രീ ബിജു കൊച്ചുപൂവ്വക്കോട്ട് എന്നിവർ നന്ദിയും പറഞ്ഞു. തുടർന്ന് ചെണ്ടമേളങ്ങളുടെയും ബാന്റ് മേളങ്ങളുടെയും അകമ്പടിയോടെ ചെമ്മഞ്ഞകൊടികളും കൈകളിലേന്തി പ്രാർത്ഥനാ മന്ത്രങ്ങളും മുദ്രാവാക്യങ്ങളും മുഴക്കിക്കൊണ്ട് മനോഹരമായ ഡിസ്പ്ലേകളും, ഫ്ലോട്ടുകളുമായി വെള്ളരിക്കുണ്ട് എലിസബത്ത് സ്കൂൾ ഗ്രൗണ്ടിലേക്ക് നടത്തിയ പ്രേഷിത റാലിയിൽ 5000ത്തോളം കുട്ടികളും മുതിർന്നവരും പങ്കെടുത്തു. അതിരൂപതാ കൗൺസിൽ - വാർഷിക സമ്മേളനങ്ങളുടെയും പ്രേഷിതറാലിയുടെയും വിജയത്തിനായി രാപകൽ അദ്ധ്വാനിച്ച വെള്ളരിക്കുണ്ട് ഫൊറോന വികാരി ബഹുമാനപ്പെട്ട ജോൺസൺ അന്ത്യാംകുളം അച്ചനും, കൊച്ചനും, മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, മതാധ്യാപകർക്കും, ഇടവകാ സമൂഹത്തിനും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

### 20. ഹൃദയം നിറഞ്ഞ നന്ദി

കർമ്മ നിരതമായ പ്രവർത്തന ശൈലിയിലൂടെ, ത്യാഗനിർഭരമായ സേവനത്തിലൂടെ കൃത്യനിഷ്ഠയോടും, ആത്മാർത്ഥതയോടും, തീക്ഷ്ണതയോടും കൂടെ കഴിഞ്ഞ നാളുകളിൽ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് കാഞ്ഞങ്ങാട് മേഖലയിൽ നേതൃത്വം നൽകിയ കുര്യാക്കോസ് പുതുകുളങ്ങര അച്ചന് അതിരൂപത കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും..

**21. ഹൃദ്യമായ സ്വാഗതം**

കാഞ്ഞങ്ങാട് മേഖല ഡയറക്ടറായി ചുമതലയേറ്റ തോമസ് കളത്തിൽ അച്ചന് അതിരൂപത കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**22. അതിരൂപതാതല മിഷൻകലോത്സവം**

12.10.2024 ന് ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടന്ന അതിരൂപതാ കലോത്സവത്തിൽ **മണിക്കടവ്, എടൂർ, തോമാപുരം** എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സബ് ജൂനിയർ - മണിക്കടവ് മേഖല, ജൂണിയർ - എടൂർ മേഖല, സീനിയർ - പേരാവൂർ മേഖല, സൂപ്പർ സീനിയർ - ആലക്കോട് മേഖല എന്നിങ്ങനെ വിവിധ മേഖലകൾ ഓരോ വിഭാഗത്തിലും ഓവറോൾ കരസ്ഥമാക്കി. 19 മേഖലകളിൽ നിന്നായി ധാരാളം മത്സരാർത്ഥികൾ പങ്കെടുത്തു. പങ്കെടുത്തവർക്കും വിജയികളായവർക്കും പത്യേകം അഭിനന്ദനങ്ങൾ...

**23. ദിവ്യകാരുണ്യ സംഘഗാന മത്സരം**

അതിരൂപത ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ച് കലോത്സവദിനത്തിൽ ദിവ്യകാരുണ്യ സംഘഗാനമത്സരം നടത്തി. മത്സരത്തിൽ നെല്ലിക്കുറ്റി ശാഖ, കണ്ണൂർ ശാഖ, വിമലശ്ശേരി ശാഖ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പങ്കെടുത്തവർക്കും വിജയികളായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ...

**24. നല്ലിടയൻ പദ്ധതി**

മണിക്കടവ് മേഖലയുടെ നേതൃത്വത്തിൽ ശാന്തിനഗർ ശാഖയിലെ ജെമിനി പൊട്ടൻപ്ലാക്കലിന് ആടിനെ നൽകി.

**25. സെമിനാറുകൾ, ക്ലാസ്സുകൾ**

- 22.9.2024 ന് പടിയൂർ ശാഖയിലെ കുട്ടികൾക്ക് ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ എടുത്തു.
- 13.10.2024 ന് ലിസിഗിരി ശാഖകളിലെ കുട്ടികൾക്ക് ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ എടുത്തു.
- 20.10.2024 ന് പുഞ്ച ശാഖകളിലെ കുട്ടികൾക്ക് ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ എടുത്തു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

നവംബർ 24-ാം തിയതി നമ്മുടെ രാജാവും നേതാവുമായ ക്രിസ്തു രാജന്റെ രാജത്വതിരുനാൾ നാം ആഘോഷിക്കുകയാണല്ലോ, അന്നേ ദിനം വിവിധ പരിപാടികളോടുകൂടെ തിരുനാൾ ആഘോഷിക്കുവാൻ ആനിമേറ്റേഴ്സും മതാദ്ധ്യാപകരും കുട്ടികളെ ഒരുക്കുമല്ലോ. എല്ലാ കൊച്ചുകൂട്ടുകാർക്കും രാജത്വത്തിരുനാളിന്റെ മംഗളങ്ങളും... പ്രാർത്ഥനകളും...

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ: വി. മിശിഹായുടെ രാജത്വതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധ: വി. സിസിലി |
| പ്രാർത്ഥനാനിയോഗം: എല്ലാ കുടുംബങ്ങൾക്കുവേണ്ടി |
| സുകൃതംജപം: ഉണ്ണീശോയെ എന്റെ ഹൃദയത്തിൽവന്ന് പിറക്കണമെ |
| വചനം: നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (വി. ലൂക്കാ 6.36) |
| *പ്രവൃത്തി*: ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ പഠിപ്പിക്കുക. |
| എയ്ഞ്ചൽസ് ബീറ്റ്സ്: അതിരൂപതതല ക്രിസ്തുരാജൻ ഫാൻസി ഡ്രസ്സ് മത്സരം |

### 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 വെള്ളി | : | സകല വിശുദ്ധരുടെയും തിരുനാൾ |
| 2 ശനി | : | സകല മരിച്ചവരുടെയും തിരുനാൾ |
| 3 ഞായർ | : | മതാദ്ധ്യാപകരെ ആദരിക്കൽ |
| 4 തിങ്കൾ | : | മതാദ്ധ്യാപകദിനം |
| 24 ഞായർ | : | രാജത്വത്തിരുനാൾ |

### 2. മതാദ്ധ്യാപക ദിനം

നവംബർ 4-ാം തീയതി മതാദ്ധ്യാപക ദിനമാണല്ലോ. നവംബർ 4-ാം തീയതി തിങ്കളാഴ്ചയായതിനാൽ നവംബർ 3-ാം തീയതി

ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം കാലിച്ചാനടുക്കം ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**3. രാജത്വതിരുനാൾ**

നവംബർ 24-ാം തീയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്കവിധം വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതാ തലത്തിൽ തോമാപുരം മേഖലയിലെ കണ്ണിവയൽ ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

**4. ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സരം**

മിശിഹായുടെ രാജത്വതിരുനാളിനോടനുബന്ധിച്ച് ആൺകുട്ടികൾക്കായി ക്രിസ്തുരാജൻ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഫോട്ടോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം നവംബർ 25. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വനമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. രേഖപ്പെടുത്താതെ അയക്കുന്നത് മത്സരത്തിൽ പരിഗണിക്കുന്നതല്ല. ഒരു ശാഖയിൽ നിന്നും ഒരു കുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളു.

**5. ആനിമേറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2024-2025 വർഷത്തെ തിരൂബാലസഖ്യം കുട്ടികളുടെ അംഗത്വ ഫീസ് (ഒരു കുട്ടിക്ക് 5 രൂപ വീതം) ഇനിയും അടച്ചുതീർക്കാനുള്ളവർ എത്രയും വേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

**6. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ നവംബർ മാസം മേരിഗിരി (നവംബർ - 3), ചെറുപുഴ (നവംബർ - 10), തോമാപുരം (നവംബർ - 17), മാലോം (നവംബർ - 24), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**7. ഈശോയെപ്പോലെ ഔദാര്യമുള്ളവരാകാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ ഔദാര്യമുള്ളവവാകാം എന്ന നാലാം അധ്യായം പഠിക്കാം. എല്ലാവരെയും സ്നേഹിച്ചുകൊണ്ടും എല്ലാവരോടും ക്ഷമിച്ചുകൊണ്ടും ഈശോ ഔദാര്യമുള്ളവനായി മാറി. കൂട്ടുകാരെ, നമുക്കും ഈശോയെപ്പോലെ എല്ലാവരോടും ഔദാര്യപൂർവ്വം പെരുമാറാം...

**8. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ഔദാര്യമുള്ളവരാകാം എന്ന നാലാം അധ്യായത്തിലെ പേജ് 23 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച്

മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം നവംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**9. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ഔദാര്യമുള്ളവരാകാം എന്ന നാലാം അധ്യായത്തിലെ പേജ് 24 ൽ കൊടുത്തിരിക്കുന്നത് സുവിശേഷ ത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം നവംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**10. നിറംകൊടുക്കാമോ ഒക്ടോബർ മാസത്തെ വിജയികൾ**

I ആൻമരിയ തോമ്പുന്നയിൽ - പടിയൂർ
II ഇവ കാതറിൻ കുപ്പോഴയ്ക്കൽ - ഒറ്റത്തൈ
III ജുവാനിയ തെരേസ ഉറുമ്പിൽ - നീലേശ്വരം

**11. നിങ്ങൾക്കറിയാമോ ഒക്ടോബർ മാസത്തെ വിജയികൾ**

I മാത്യു ഇവാൻ ആലവേലിൽ - പെരിങ്ങാല
II റോസ് മരിയ കരിമ്പൂഴിത്താഴെ - ഒറ്റത്തൈ
III ഡൊമനിക് പൊടിപ്പാറ - കനകപ്പള്ളി

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ളാദിക്കുവിൻ,അവന്റെമഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ളാദിക്കും" (1പത്രോസ് 4.13)

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

മരണംമൂലം നമ്മളിൽ നിന്നും വേർപിരിഞ്ഞുപോയ പ്രിയപ്പെട്ടവരെ അനുസ്മരിക്കുന്ന മാസമാണല്ലോ നവംബർ. പ്രിയപ്പെട്ടവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**മേഖലകൾ / യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

നവംബർ 01 - സകല വിശുദ്ധരുടെ തിരുനാൾ
നവംബർ 02 - സകല മരിച്ചവരുടെ തിരുനാൾ
നവംബർ 04 - മതാധ്യാപക ദിനം
നവംബർ 24 - രാജത്വ തിരുനാൾ

**ഉന്തുവണ്ടി**

KCYM, SMYM തലശ്ശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെ ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ സഹകരണത്തോടെ ഗാന്ധി ജയന്തി ദിനത്തിൽ കണ്ണൂർ, കാസറഗോഡ് ജില്ലയിലെ 19 വിനോദ സഞ്ചാരകേന്ദ്രങ്ങൾ മാലോം ഫൊറോന (അച്ചൻകല്ല് വെള്ളച്ചാട്ടം), വെള്ളരിക്കുണ്ട് ഫൊറോന (ആയന്നൂർ തീരം), ചെമ്പേരി ഫൊറോന (പൈതൽ മല), തോമാപുരം ഫൊറോന (ഓടക്കൊല്ലി നാച്ചുറൽ കേവ്), കാഞ്ഞങ്ങാട് ഫൊറോന (അഴിത്തല ബീച്ച്), ചെറുപുഴ ഫൊറോന (താബോർ മല), മേരിഗിരി ഫൊറോന (കൊട്ടക്കാനം), പൈസക്കരി ഫൊറോന (കുഞ്ഞിപ്പറമ്പ് കേവ്), ആലക്കോട് ഫൊറോന (വൈതൽകുണ്ട് വാട്ടർ ഫോൾസ്), പേരാവൂർ ഫൊറോന (ഏലപ്പീടിക), കുന്നോത്ത് ഫൊറോന (എടക്കാനം റിവർ വ്യൂ, വായാട്ടുപറമ്പ് ഫൊറോന (പാലക്കയംതട്ട്), നെല്ലിക്കാംപൊയിൽ ഫൊറോന (ഇരിട്ടി പാലം), എടൂർ ഫൊറോന (ആറളം വന്യജീവി സങ്കേതം), കാസറഗോഡ് ഫൊറോന (കാസറഗോഡ് ബീച്ച്), ചെമ്പന്തൊട്ടി ഫൊറോന (മാർ സെബാസ്റ്റ്യൻ

വള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയം), മണിക്കടവ് ഫൊറോന (കാഞ്ഞിരക്കൊല്ലി, ശശിപ്പാറ), തളിപ്പറമ്പ് ഫൊറോന (പയ്യാമ്പലം ബീച്ച്), പനത്തടി ഫൊറോന (റാണിപുരം), അതിരൂപതാ സമിതി (തലശ്ശേരി റിവർ വ്യൂ പാർക്ക്) വൃത്തിയാക്കി. ഫൊറോന പ്രസിഡന്റുമാർ, ഫൊറോന ഡയറക്ടർമാർ, ഫൊറോന സമിതി അംഗങ്ങൾ, യുവജന സുഹൃത്തുക്കൾ എന്നിവർക്ക് തലശ്ശേരി അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ ഹൃദയത്തിൽ നിന്നും ഒരായിരം നന്ദി.

**മനുഷ്യചങ്ങല**

ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കാതെ പരിസ്ഥിതിലോല മേഖല കരട് വിജ്ഞാപനം ഇറക്കിയതിനെതിരെ തലശ്ശേരി അതിരൂപത ധാർമ്മിക യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കരിക്കോട്ടക്കരി, പേരട്ട, അറബി, വായാട്ടുപറമ്പ് എന്നിവിടങ്ങളിൽ ആദ്യ ഘട്ടത്തിൽ മനുഷ്യചങ്ങല സംഘടിപ്പിച്ചു. സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ കരട് വിജ്ഞാപനം മലയാളത്തിൽ പ്രസിദ്ധീകരിക്കുക, എല്ലാവർക്കും മനസ്സിലാകുന്ന വിധത്തിൽ വ്യക്തമായ കഡസ്ട്രൽ  മാപ്പ് പ്രസിദ്ധീകരിക്കുക, ജിയോ കോഡിനേറ്റേഴ്സ് ഗ്രൗണ്ട് ലെവൽ മാപ്പിംഗ് നടത്തുക, ആക്ഷേപങ്ങൾ സമർപ്പിക്കാനുള്ള സമയപരിധി രണ്ടു മാസംകൂടി നീട്ടി നൽകുകയോ കരട് വിജ്ഞാപനം പുനഃപ്രസിദ്ധീകരിക്കുകയോ ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് മനുഷ്യചങ്ങല തീർത്തത്.

**DISHA JOB SPACE**

KCYM, SMYM തലശ്ശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ജോലി സാധ്യതകളെപ്പറ്റിയുള്ള ഒരു പുത്തൻ ദിശ തെളിക്കുകയാണ്. ദിശ ജോബ് സ്പേസ് ലോഗോ PSC ചെയർമാൻ ശ്രീ. കെ.സി. വേണുഗോപാൽ എംപി പ്രകാശനം ചെയ്തു. കേരള സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ, കേന്ദ്ര സർക്കാർ പരിധിയിൽ വരുന്ന തൊഴിലവസരങ്ങൾ, സ്വകാര്യ മേഖലയിലെ ഒഴിവുകൾ, വിവിധ സ്കോളർഷിപ്പുകൾ എന്നിങ്ങനെ തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമൂഹ മാധ്യമങ്ങൾ വഴി പങ്കുവയ്ക്കുന്നു.

**യുവരചന 24**

KCYM, SMYM തലശ്ശേരി അതിരൂപതയിലെ 19 ഫൊറോനകളിൽ 1500 ലധികം സാഹിത്യ പ്രതിഭകൾ ഏറ്റുമുട്ടിയ യുവരചന 24 ഒക്ടോബർ 12 ന് നടത്തപ്പെട്ടു. സാഹിത്യമത്സരം ഏറ്റവും മനോഹരമായി പൂർത്തീകരിച്ച 19 ഫൊറോന സമിതികൾക്കും ഫൊറോന പ്രസിഡന്റുമാർക്കും ഫൊറോന ഡയറക്ടർമാർക്കും വൈസ് ഡയറക്ടർമാർക്കും ഇടവക വികാരിയച്ചൻമാർക്കും യൂണിറ്റ് പ്രസിഡന്റുമാർക്കും വൈസ് ഡയറക്ടർമാർക്കും ഭാരവാഹികൾക്കും മത്സരാർത്ഥികൾക്കും അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

**സംയുക്ത സിൻഡിക്കേറ്റ് സമ്മേളനം**

KCYM, SMYM തലശ്ശേരി അതിരൂപത സമിതിയുടെ സംയുക്ത സിൻഡിക്കേറ്റ് സമ്മേളനം 12-10-2024 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ഫാ. മാത്യു ആശാരിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫാ. അഖിൽ മുക്കുഴി ആമുഖപ്രഭാഷണം നടത്തി. സംഘടനയുടെ ഒരു വർഷത്തേക്കുള്ള പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ആതിഥേയത്വം വ്യത്യസ്ത ഫൊറോനകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

**MARIANEVE**

ഒക്ടോബർ മാസത്തിൽ KCYM, SMYM തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 11 ദിവസങ്ങളിലായി 11 ഫൊറോനകളിൽ ജപമാല പ്രാർത്ഥനയുടെ തൽസമയ സംപ്രേഷണം നടത്തി. ജപമാലയിൽ പങ്കെടുത്ത എടൂർ, കുന്നോത്ത്, മാലോം, ചെമ്പന്തൊട്ടി, ചെമ്പേരി, പനത്തടി, മേരിഗിരി, വായാട്ടുപറമ്പ, നെല്ലിക്കാംപൊയിൽ, മണിക്കടവ്, ആലക്കോട് ഫൊറോനകൾക്കും നേതൃത്വം കൊടുത്തവർക്കും അഭിനന്ദനങ്ങൾ.

**നെയ്തൽ**

ആലപ്പുഴയിൽ വച്ചു നടന്ന KCYM സംസ്ഥാന സമിതിയുടെ തീരദേശ പഠനക്യാമ്പിൽ ഫാ. അഖിൽ മുക്കുഴി, ജോയൽ പുതുപ്പറമ്പിൽ, അബിൻ വടക്കേക്കര, വിപിൻ ജോസഫ് എന്നിവർ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

KCYM, SMYM തലശ്ശേരി അതിരൂപതാ സമിതിയുടെ 2024-2025 വർഷത്തെ ഡയറക്ടേഴ്സ് പ്രതിനിധിയായി ഫാ. പോൾ കണ്ടത്തിലിനെയും (എടൂർ ഫൊറോന), വൈസ് ഡയറക്ടേഴ്സ് പ്രതിനിധിയായി സി. വിനയ CMC യെയും (പനത്തടി ഫൊറോന), ലേ ആനിമേറ്റർ പ്രതിനിധിയായി ടോണി ചേപ്പുകാലായിലിനെയും (വെള്ളരിക്കുണ്ട് ഫൊറോന), സംയുക്ത സിൻഡിക്കേറ്റ് സമ്മേളനത്തിൽ വച്ചു തിരഞ്ഞെടുത്തു.

**ഹൃദ്യമായ നന്ദി...**

KCYM, SMYM കാഞ്ഞങ്ങാട് ഫൊറോന ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ആൽബിൻ തെങ്ങുംപള്ളിൽ അച്ചന്, യുവജനങ്ങളെ ചേർത്തു നിർത്തിയതിനും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചതിനും തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

**സ്വാഗതം**

KCYM, SMYM കാസറഗോഡ് ഫൊറോന ഡയറക്ടറായി നിയമിതനായ ഫാ. ചാക്കോ കുടിപ്പറമ്പിലിനും കാഞ്ഞങ്ങാട് ഫൊറോന ഡയറക്ട

റായി നിയമിതനായ ഫാ. കുര്യാക്കോസ് പുതുക്കുളങ്ങരക്കും തലശ്ശേരി അതിരൂപത യുവജന കുടുംബത്തിലേക്ക് സ്വാഗതം.

**ഫൊറോന വാർത്തകൾ**

**എടൂർ ഫൊറോന**

- GENESIS - പ്രവർത്തന വർഷ ഉദ്ഘാടനം വെളിമാനം യൂണിറ്റിൽ വച്ചു നടത്തി.
- അധ്യാപക ദിനത്തോടനുബന്ധിച്ച് എടൂർ വികാസ് ഭവൻ സ്പെഷ്യൽ സ്കൂളിലെ അധ്യാപകരെ ആദരിച്ചു.
- കാരാപ്പറമ്പ് മൈത്രി ഭവനിൽ വച്ചു ഈ ഓണം അവർക്കൊപ്പം എന്ന പേരിൽ ഓണാഘോഷം സംഘടിപ്പിച്ചു.

**നെല്ലിക്കാംപൊയിൽ ഫൊറോന**

- REJOICE - പ്രവർത്തന വർഷ ഉദ്ഘാടനം ഉള്ളിക്കൽ യൂണിറ്റിൽ വച്ചു നടത്തി.
- ഒക്ടോബർ 2 ന് വയോജന ദിനാചരണത്തിന്റെ ഭാഗമായി പുഞ്ചിരി എന്ന പ്രോഗ്രാം നടത്തപ്പെട്ടു. ഇതിന്റെ ഭാഗമായി ഇരിട്ടി ടൗണിൽ എത്തിച്ചേർന്ന വയോജനങ്ങളെ ആദരിച്ചു.

**ചെമ്പന്തൊട്ടി ഫൊറോന**

- IGNITE - പ്രവർത്തന വർഷ ഉദ്ഘാടനവും യൂണിറ്റ് നേതാക്കന്മാർക്കായി നേതൃത്വ പരിശീലന ശില്പശാലയും ചെമ്പന്തൊട്ടിയിൽ വച്ചു നടത്തി.
- നായനാർ മലയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറി അടച്ചു പൂട്ടണം എന്നാവശ്യപ്പെട്ടു ജനകീയ സമര സമിതി നടത്തിയ ഉപവാസ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു ഫൊറോന സമിതി അംഗങ്ങൾ സമരപ്പന്തൽ സന്ദർശിച്ചു.

**കാസറഗോഡ് ഫൊറോന**

- പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി.
- Marian Quiz നടത്തി.
- Fr. Shince Memorial സാഹിത്യമത്സരം നടത്തി.

**വെള്ളരിക്കുണ്ട് ഫൊറോന**

- അതിരൂപതാ മിഷൻലീഗ് പ്രേഷിത റാലിയോട് അനുബന്ധിച്ച് ടൗൺ വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു.
- ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിവരുന്ന ഉണർവ് നൈറ്റ് വിജിലിന്റെ ഉദ്ഘാടനം കനകപ്പള്ളി യൂണിറ്റിൽ വച്ച് നടത്തി.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ക്രൈസ്തവവിശ്വാസം മരണത്തെ ഒരു യാത്രയായിട്ടാണ് അവതരിപ്പിക്കുന്നത്. നിത്യജീവിതത്തിലേക്കും സ്വർഗ്ഗസൗഭാഗ്യത്തിലേക്കുമുള്ള യാത്ര. എന്നിരുന്നാലും ജീവിതത്തിൽ അത്രമേൽ പ്രിയപ്പെട്ടവരുടെ വേർപാട് കുടുംബബന്ധങ്ങളെ വല്ലാതെ പിടിച്ചുലയ്ക്കുന്നതും നികത്താനാവാത്ത ശൂന്യത സൃഷ്ടിക്കുന്നതുമാണ്. ഇതിനെ ഒരു ക്രിസ്തീയ വിശ്വാസി തരണം ചെയ്യുന്നത് ജീവന്റെ നാഥനായ ഉത്ഥിതനിലുള്ള വിശ്വാസം അരക്കിട്ടുറപ്പിച്ചും പ്രിയപ്പെട്ടവരുടെ ആത്മശാന്തിക്കായി മുട്ടിപ്പായി പ്രാർത്ഥിച്ചുമാണ് ശുദ്ധീകരണാത്മാക്കളെയും മരിച്ച വിശ്വാസികളെയും പ്രത്യേകമായി ഓർക്കുന്ന നവംബർ മാസത്തിൽ വേർപ്പെട്ടുപോയ പ്രിയപ്പെട്ടവരുടെ ഓർമ്മകളെ പ്രാർത്ഥനയും ദാനധർമ്മവും വഴി ജീവസ്സുറ്റതാക്കി തീർക്കാൻ നമുക്ക് പരിശ്രമിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഒക്ടോബർ 17-19 തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 145 ഓളം പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2024 | | | |
|---|---|---|---|
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

- അടുത്ത വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| January | 02-04 | (Thusday-Saturday) | Thalassery |
| January | 23-25 | (Thusday-Saturday) | Padannakkad |
| February | 13-15 | (Thusday-Saturday) | Thalassery |
| March | 20-22 | (Thusday-Saturday) | Padannakkad |
| April | 03-05 | (Thusday-Saturday) | Thalassery |
| April | 22-24 | (Tuesday-Thursday) | Padannakkad |
| May | 15-17 | (Thusday-Saturday) | Thalassery |
| June | 12-14 | (Thusday-Saturday) | Thalassery |
| July | 17-19 | (Thusday-Saturday) | Padannakkad |
| August | 21-23 | (Thusday-Saturday) | Thalassery |
| September | 18-20 | (Thusday-Saturday) | Padannakkad |
| October | 16-18 | (Thusday-Saturday) | Thalassery |
| November | 13-15 | (Thusday-Saturday) | Padannakkad |
| December | 18-20 | (Thusday-Saturday) | Thalassery |

## II . മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ഒക്ടോബർ മാസത്തിൽ ചെമ്പേരിയിൽ വച്ച് എക്സിക്യുട്ടീവ് മീറ്റിംഗ് നടത്തി. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, കലോൽസവം നടത്തുന്നതിനെപ്പറ്റിയും ചർച്ച ചെയ്യുകയും ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

**(b) മാതൃസംഗമം**

ഒക്ടോബർ 7ന് അതിരൂപതാ ഡയറക്ടർ ചീമേനി ഇടവകയിലെ മാതൃസംഗമം ഉദ്ഘാടനം ചെയ്തു. ചീമേനി വികാരി റവ. ഫാ. ആൻഡ്രൂസ് തെക്കേൽ അനുഗ്രഹപ്രഭാഷണം നടത്തി. ആനിമേറ്റർ സി. ലിന്റ സി. എച്ച്. എഫ് ആശംസകൾ നേർന്നു.

**(c) മേഖലാ സന്ദർശനം**

ഒക്ടോബർ 7 ന് അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് മേഖലയുടെ അതിരൂപത സന്ദർശനം നടത്തപ്പെട്ടു. രൂപതാ ടീം അംഗങ്ങളും മേഖലാ ഭാരവാഹികളും പങ്കെടുത്തു. വിശദമായ ചർച്ചകൾ നടത്തി സംഘടനയെ ശക്തിപ്പെടുത്താനുള്ള തീരുമാനങ്ങൾ എടുത്തു.

**(d) അഗതിമന്ദിര സന്ദർശനം – "മിസരിക്കോർദ്ദിയ 2024"**

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് അതിരൂപതാതല ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി ഒക്ടോബർ 26ന് അതിരൂപതാ ടീം അംഗങ്ങളും, നെല്ലിക്കാംപൊയിൽ മേഖലാ ഭാരവാഹികളും യൂണിറ്റ് അംഗങ്ങളും ചേർന്ന് നെല്ലിക്കാംപൊയിൽ പുഷ്പാലയം സന്ദർശിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ പുഷ്പാലയം പരിസരം വൃത്തിയാക്കി. അന്നേ ദിവസത്തെ ഉച്ചഭക്ഷണം അമ്മമാർ സ്പോൺസർ ചെയ്തു. അതിരൂപതയിൽ നിന്നും 5000 രൂപ ധനസഹായം നല്കി.

**(e) ദിവ്യകാരുണ്യ ജ്വാല പ്രോഗ്രാം:** ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച്, "ദിവ്യകാരുണ്യ ജ്വാല" പൈസക്കരി മേഖലയുടേത് പൈസക്കരി ദൈവമാതാ ദൈവാലയത്തിൽ വച്ച് സെപ്റ്റംബർ 28 ന് നടത്തി. ജപമാല, പതാക ഉയർത്തൽ എന്നിവയ്ക്ക് ശേഷം രംഗപൂജയോടെ പ്രോഗ്രാം ആരംഭിച്ചു. പൈസക്കരി ഫൊറോന വികാരി വെരി. റവ. ഫാ. നോബിൾ ഓണംകുളം ജ്വാല ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. പൈസക്കരി മേഖല ഡയറക്ടർ അനുഗ്രഹപ്രഭാഷണവും, ആനിമേറ്റർ ആശംസയും അർപ്പിച്ചു. "ദിവ്യകാരുണ്യവും മാതൃത്വവും" എന്ന വിഷയത്തെ ആസ്പദമാക്കി ഡയറക്ടറച്ചൻ ക്ലാസ് നല്കി. വിവിധ മത്സരങ്ങൾക്ക് വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി. ആരാധനയും, കുമ്പസാരവും, ദിവ്യകാരുണ്യ പ്രദക്ഷിണവും, ദിവ്യബലിയും ജ്വാല പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരുന്നു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

**(f) വിവിധതരം മത്സരങ്ങൾ**

**1. ദിവ്യകാരുണ്യ പൂക്കളനിർമ്മാണ മത്സരം**

**വിജയികളായവർ**

ഒന്നാം സമ്മാനം : ജോസ്ഗിരി യൂണിറ്റ്
രണ്ടാം സമ്മാനം : കോളയാട് യൂണിറ്റ്
മൂന്നാം സമ്മാനം : നീലേശ്വരം യൂണിറ്റ്

**അതിരൂപതാ തല സാഹിത്യമത്സരം**

സെപ്റ്റംബർ 14ന് 19 മേഖലാ കേന്ദ്രങ്ങളിലായി ഉപന്യാസം, കവിത, കഥ, പെൻസിൽ ഡ്രോയിംങ്ങ്, വാർത്ത തയ്യാറാക്കൽ, എന്നീ മത്സരങ്ങൾ നടത്തി. എല്ലാം ദിവ്യകാരുണ്യ കേന്ദ്രീകൃതമായ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. മത്സരത്തിൽ വിജയിച്ചവരുടെ ലിസ്റ്റ് താഴെകൊടുക്കുന്നു.

**ഉപന്യാസം - ജൂനിയർ**

ഒന്നാം സ്ഥാനം - സൂസൻ കുര്യൻ കുമരംപറമ്പിൽ - ചെമ്പേരി
രണ്ടാം സ്ഥാനം - സ്മിത മുതുപ്ലാക്കൽ - പൈസക്കരി
മൂന്നാം സ്ഥാനം - ദീപ സണ്ണി മ്ലാക്കുഴി - പുഞ്ച

**ഉപന്യാസം - സീനിയർ**

ഒന്നാം സ്ഥാനം - മേഴ്സി വെള്ളാപ്പള്ളിൽ - ചന്ദനയ്ക്കാംപാറ
രണ്ടാം സ്ഥാനം - ഷാനി ജോൺ മേലാട്ട് - മേലെചൊവ്വ
മൂന്നാം സ്ഥാനം - സിനി ജിജോ പൈങ്ങോട്ട് - വായാട്ട്പറമ്പ്

**കവിത - ജൂനിയർ**

ഒന്നാം സ്ഥാനം - അനിത വടക്കൻ - ശ്രീകണ്ഠാപുരം
രണ്ടാം സ്ഥാനം - എലിസബത്ത് കുന്നത്ത് - കണ്ണൂർ
മൂന്നാം സ്ഥാനം - മിനി പാണ്ടിയപ്പിള്ളിൽ - നെല്ലിപ്പാറ

**കവിത - സീനിയർ**

ഒന്നാം സ്ഥാനം - ഷൈനി പുന്നത്താനത്ത് - ഭീമനടി
രണ്ടാം സ്ഥാനം - സജി എടപ്പാട്ട് - കാഞ്ഞങ്ങാട്
മൂന്നാം സ്ഥാനം - ഷൈനി കണയംപ്ലാക്കൽ - കമ്പല്ലൂർ

**ചെറുകഥ - ജൂനിയർ**

ഒന്നാം സ്ഥാനം - റീന കല്ലുകാലായിൽ - അട്ടേങ്ങാനം
രണ്ടാം സ്ഥാനം -ജയശ്രീ ജോസ് മുടവനാട്ട് - ബാലേശുഗിരി
മൂന്നാം സ്ഥാനം - സോളി പാലുവേലിൽ - കണിച്ചാർ

**ചെറുകഥ - സീനിയർ**

ഒന്നാം സ്ഥാനം - ബിജി അരിയമണ്ണിൽ - ചന്ദനയ്ക്കാംപാറ
രണ്ടാം സ്ഥാനം - സിൻസി കിളിയംകുന്നേൽ - ചെമ്പേരി
മൂന്നാം സ്ഥാനം - ബിന്ദു ഇടമറ്റം - കരുവഞ്ചാൽ

**വാർത്ത തയ്യാറാക്കൽ - ജൂനിയർ**

ഒന്നാം സ്ഥാനം - നിമിഷ തടത്തിൽപുത്തൻപുരയ്ക്കൽ - കോഴിച്ചാൽ
രണ്ടാം സ്ഥാനം - അനറ്റ് പുത്തൻകുടിലിൽ - നെടുപുറംചാൽ
മൂന്നാം സ്ഥാനം - ജോമോൾ മാന്തറ - മേരിഗിരി

**വാർത്ത തയ്യാറാക്കൽ - സീനിയർ**

ഒന്നാം സ്ഥാനം - കാതറൈൻ മരോട്ടി മൂട്ടിൽ - പൂളക്കുറ്റി
രണ്ടാം സ്ഥാനം - ഏലിയാമ്മ അറയ്ക്കൽ - കരുവഞ്ചാൽ
മൂന്നാം സ്ഥാനം - ഉഷ ജോസ് മാപ്പലകയിൽ - വിമലശ്ശേരി

**ചിത്രരചനാ മത്സരം - ജൂനിയർ**

ഒന്നാം സ്ഥാനം - അനുപമ പാലത്തിങ്കൽ - കിളിയന്തറ
രണ്ടാം സ്ഥാനം - ടീന ചിറമത്ത് - നടുവിൽ
മൂന്നാം സ്ഥാനം - ജെസി പഴേപ്പറമ്പിൽ - കണ്ണൂർ

**ചിത്രരചനാമത്സരം - സീനിയർ**

ഒന്നാം സ്ഥാനം - ത്രേസ്യാമ്മ ആലയ്ക്കൽ- വെളിമാനം
രണ്ടാം സ്ഥാനം - ലില്ലിക്കുട്ടി കൊടിയൻകുന്നേൽ - കാഞ്ഞങ്ങാട്
മൂന്നാം സ്ഥാനം - കത്രീന നടുത്തോട്ടത്തിൽ - കല്ലുവയൽ

**(b) ഫെസ്ത എവുക്കരിസ്തിക്ക കലോത്സവം**

തലശ്ശേരി അതിരൂപത മാതൃവേദി കലോത്സവം ചെമ്പേരി നിർമ്മല യു.പി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. അതിരൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കലാ-സാഹിത്യ മത്സരത്തിൽ

**ഒന്നാം സ്ഥാനം - പൈസക്കരി മേഖല**
**രണ്ടാം സ്ഥാനം - ചെമ്പേരി**
**മൂന്നാം സ്ഥാനം - വായാട്ടുപറമ്പ്**

**യൂണിറ്റു വിഭാഗത്തിൽ**

**ഒന്നാം സ്ഥാനം - പൈസക്കരി യൂണിറ്റ്**
**രണ്ടാം സ്ഥാനം - കണ്ണൂർ യൂണിറ്റ്**
**മൂന്നാം സ്ഥാനം - കരുവഞ്ചാൽ യൂണിറ്റ്**

**മത്സര വിജയികൾ**

**പ്രസംഗം - സീനിയർ**

ഒന്നാം സ്ഥാനം - ജെസ്സി ചെമ്പംകുളം - കിളിയന്തറ
രണ്ടാം സ്ഥാനം - എലിസബത്ത് തെക്കേകുളത്തിൽ - നെല്ലിപ്പാറ
മൂന്നാം സ്ഥാനം - അന്ന വടക്കേൽ കോളയാട്

**പ്രസംഗം - ജൂനിയർ**

ഒന്നാം സ്ഥാനം - അഞ്ജന കുന്നുമ്മേൽ - മണിക്കടവ്
രണ്ടാം സ്ഥാനം - ഷൈമ കടുപ്പിൽ - ചെമ്പന്തൊട്ടി
മൂന്നാം സ്ഥാനം - ഷിജി മുട്ടുങ്കൽ - ലിസ്സിഗിരി

**സംഗീതം - ജൂനിയർ**

ഒന്നാം സ്ഥാനം - ദിവ്യ പാലത്തിങ്കൽ - മണക്കടവ്
രണ്ടാം സ്ഥാനം - ഷീന ആടിമാക്കൽ - തിരുമേനി
മൂന്നാം സ്ഥാനം - റ്റീന കരിന്തോളിൽ - ബളാൽ

**സംഗീതം - സീനിയർ**

ഒന്നാം സ്ഥാനം - അൽഫോൻസ - ആലക്കോട്
രണ്ടാം സ്ഥാനം - മോളി കുളത്താനിയിൽ - മേരിഗിരി
മൂന്നാം സ്ഥാനം - ജാൻസി വലിയകാലായിൽ - പൈസക്കരി

**കവിത - ജൂനിയർ**

ഒന്നാം സ്ഥാനം - ജൂലി പടുപ്പുരയ്ക്കൽ - പുലിക്കുരുമ്പ

രണ്ടാം സ്ഥാനം - സൗമ്യ തേക്കുംകാട്ടിൽ - പൈസക്കരി

മൂന്നാം സ്ഥാനം - ജെസ്സി അറക്കപ്പറമ്പിൽ - പടുപ്പ്

**കവിത - സീനിയർ**

ഒന്നാം സ്ഥാനം - മേരിക്കുട്ടി കളരിയ്ക്കൽ - നെല്ലിക്കാംപൊയിൽ

രണ്ടാം സ്ഥാനം - ലിസ്സി കൊച്ചുവേലിക്കകത്ത് - അങ്ങാടിക്കടവ്

മൂന്നാം സ്ഥാനം - മേഴ്സി കൊച്ചുപുര - ബാലേശുഗിരി

**മോണോആക്ട് - ജൂനിയർ**

ഒന്നാം സ്ഥാനം - അനുഷ നരിക്കുഴിയിൽ - അട്ടക്കണ്ടം

രണ്ടാം സ്ഥാനം - ദീപ മേച്ചേരിയിൽ - മണ്ഡപം

മൂന്നാം സ്ഥാനം - ശ്രുതി തോട്ടത്തിൽ- പൈസക്കരി

**മോണോആക്ട് - സീനിയർ**

ഒന്നാം സ്ഥാനം - വൽസമ്മ പ്രേയാറ്റിൽ - ചെറുപുഴ

രണ്ടാം സ്ഥാനം - സൂസി താഴത്തുപറമ്പിൽ - കരുവഞ്ചാൽ

മൂന്നാം സ്ഥാനം - ജോജി തുണ്ടുപറമ്പിൽ - എണ്ണപ്പാറ

**കഥാപ്രസംഗം - ജൂനിയർ**

ഒന്നാം സ്ഥാനം - നവ്യ കുറ്റിയാനിക്കൽ - പൈസക്കരി

രണ്ടാം സ്ഥാനം - ധന്യ തലാപ്പള്ളിൽ - മാലോം

മൂന്നാം സ്ഥാനം - രേഖ കാരിത്തടം - കരുവഞ്ചാൽ

**കഥാപ്രസം - സീനിയർ**

ഒന്നാം സ്ഥാനം - മേരി ഇടവക്കുന്നേൽ - മുണ്ടാനൂർ

രണ്ടാം സ്ഥാനം - മിനി കല്ലാനിയിൽ - പൈസക്കരി

മൂന്നാം സ്ഥാനം - വൽസമ്മ തെക്കേടത്ത് - പെർള

**സംഘഗാനം**

ഒന്നാം സ്ഥാനം:- സോണിയ കൊച്ചുപുരയ്ക്കൽ - ചെമ്പേരി
ലിസ്സി മുരിക്കുതോട്ടം, സൗമ്യ കടുമാക്കൽ
മീനു മണ്ണാംപറമ്പിൽ, റെയസ് പുന്നയ്ക്കൽ
ഷിനി ഉറുമ്പിൽ

രണ്ടാം സ്ഥാനം:- ബിൻസി ചുണ്ടക്കാട്ടിൽ - കണ്ണൂർ
ഷാന്റി ചിറയ്ക്കൽ, ബിന്ദു ചുണ്ടയിൽ
റൈനി കടവൻകുന്നേൽ, വിൻസി കാഞ്ഞിരത്തുംമൂട്ടിൽ
ലിഷ പുതിയേടത്ത്, റാണി കൊള്ളന്നൂർ
ജിൻസി കോയിക്കൽ

മൂന്നാം സ്ഥാനം:- ബിന്ദു തുരുത്തേൽ - നെല്ലിക്കാംപൊയിൽ
സോണിയ ചാലയ്ക്കൽ, റെനി നടുവിലേമുറിയിൽ
ജീന മരങ്ങാട്ടുമാലിൽ, ഷാലറ്റ് ചുള്ളിയാനിപ്പുറത്ത്
ആശ പോടൂര്, ജയമോൾ പുതിയാകുളങ്ങര

**ക്വിസ് മത്സരം – ജൂനിയർ**

ഒന്നാം സ്ഥാനം – ബിന്ദു ആലാനിക്കൽ – കച്ചേരിക്കടവ്

രണ്ടാം സ്ഥാനം – ഷിജി ഉറുമ്പടയിൽ – പുലിക്കുരുമ്പ

മൂന്നാം സ്ഥാനം – മിനിജ തെക്കെകൊട്ടാരം – വായാട്ടുപറമ്പ്

**ക്വിസ് മത്സരം – സീനിയർ**

ഒന്നാം സ്ഥാനം – എൽസി തൈപ്പറമ്പിൽ – ഉളിക്കൽ

രണ്ടാം സ്ഥാനം – ജെസി രാമപുരം – രത്നഗിരി

മൂന്നാം സ്ഥാനം – സൂസമ്മ കിളിച്ചുണ്ടൻമാക്കൽ – വിമലശ്ശേരി

**c) ദിവ്യകാരുണ്യവർഷ ജീവകാരുണ്യ പ്രവർത്തനം (മിസരിക്കോർദിയ)**

നവംബർ 5 – സ്നേഹഭവൻ, താബോർ

**d) ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

- ഒക്ടോബർ 25ന് ദിവ്യകാരുണ്യവർഷ പ്രതിമാസ ഓൺലൈൻ ആരാധന നടത്തി.

**അടുത്ത മാസത്തെ ഓൺലൈൻ ആരാധന**

- നവംബർ 22 – 8.00 pm – 09.00 pm

**e) നവംബർ മാസത്തെ മാർഗ്ഗരേഖ**

1 – കേരളപ്പിറവി – കേരളത്തിനായി പ്രാർത്ഥിക്കുക. സകലവിശുദ്ധരുടെയും തിരുനാൾ ദിനത്തിൽ സകല വിശുദ്ധരുടേയും ലുത്തീനിയ പാടി പ്രാർത്ഥിക്കുക.

2 – സകല മരിച്ചവരുടേയും തിരുനാൾ ദിനത്തോടനുബന്ധിച്ച് സിമിത്തേരി വൃത്തിയാക്കുകയും മരണമടഞ്ഞ പ്രിയപ്പെട്ടവർക്കായി വി. കുർബാനയും സിമിത്തേരിയിൽ ഒപ്പീസും ചൊല്ലിക്കുകയും ചെയ്യുക.

4 – വി. ചാൾസ് ബൊറോമിയയുടെ തിരുനാൾ ദിനത്തിൽ എല്ലാ മതാധ്യാപകരെയും യൂണിറ്റ് തലത്തിൽ സമുചിതമായി ആദരിക്കുക.

5 – സഖറിയാസ്– ഏലീശ്വാ നാമധാരികളെ ആദരിക്കുക. വികാരിയച്ചനുമായി ആലോചിച്ച് 60 വയസ്സിനു മുകളിൽ പ്രായമുള്ളവരെ ദൈവാലയത്തിൽ ഒരുമിച്ച് കൂട്ടി വി. കുർബ്ബാന, ക്ലാസ്സ്, സ്നേഹവിരുന്ന്, എന്നിവ നടത്താൻ ശ്രദ്ധിക്കുക. കിടപ്പിലായ പ്രായമായവരെ ശ്രദ്ധിച്ച് സ്നേഹോപഹാരങ്ങൾ നല്കുക. അതിരൂപതാതല ജീവകാരുണ്യപ്രവർത്തനം @ സ്നേഹഭവൻ താബോർ

14 – ശിശുദിനത്തിനോടനുബന്ധിച്ച് ഇടവകയിൽ കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങളെ ഒരുമിച്ചുകൂട്ടി ദമ്പതികൾക്ക് പ്രോത്സാഹനവും കുഞ്ഞുങ്ങൾക്ക് സമ്മാനങ്ങളും നല്കുക.

22 – ദിവ്യകാരുണ്യവർഷ ഓൺലൈൻ ആരാധന, സന്ദേശം (8.00 pm – 09.00 pm)

25 – സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ ഇല്ലാതാക്കാനുള്ള അന്താരാഷ്ട്രദിനത്തിൽ ഗാർഹിക സാമൂഹിക തലങ്ങളിൽ സ്ത്രീകൾ നേരിടുന്ന ശാരീരിക മാനസിക പീഢനങ്ങൾക്കെതിരെ പ്രതികരിക്കുകയും

അമ്മമാരെ സ്ത്രീ അവകാശങ്ങളെക്കുറിച്ചും നിയമവശങ്ങളെക്കുറിച്ചും ബോധവത്ക്കരിക്കുകയും ചെയ്യുക

26 - അൾത്താര ബാലന്മാരുടെ മധ്യസ്ഥനായ വി. ജോൺ ബെർക്കുമൻസിന്റെ തിരുനാൾ ഇടവകയിലെ എല്ലാ അൾത്താര ബാലന്മാരെയും ആദരിക്കുക.

30 - വി. അന്ത്രയോസിന്റെ തിരുനാൾ - നാമധാരികളെ ആദരിക്കുക യോഹ 1,34-42 ബൈബിൾ ഭാഗം വായിച്ച് പഠിക്കുക

## പ്രത്യേക പ്രവർത്തനങ്ങൾ

### 1. അന്ത്യ അത്താഴ ടാബ്ലോ നിർമ്മാണ മത്സരം

അന്ത്യഅത്താഴ പശ്ചാത്തലം പ്രമേയമാക്കി അമ്മമാർതന്നെ ഈശോയും ശിഷ്യന്മാരുമായി വേഷം ധരിച്ച് മനോഹരമായ ടാബ്ലോയുടെ വീഡിയോ എടുത്ത് 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരിക. (1 മിനിറ്റ്)

### 2. ദമ്പതികക്വിസ്

'പരിശുദ്ധ കുർബ്ബാന - കരുണയും കരുതലും' എന്ന പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി ദമ്പതികൾ ഒരുമിച്ചു പങ്കെടുക്കേണ്ട ക്വിസ് മത്സരം നവംബർ 9ന് 2.00 pm @ തളിപ്പറമ്പ്.

3. ശുദ്ധീകരണാത്മാക്കൾക്കുള്ള വണക്കമാസം ചൊല്ലി പ്രാർത്ഥിക്കാനും സെമിത്തേരി വൃത്തിയാക്കാനും ശ്രദ്ധിക്കുക.

4. വിധവകളും വിഭാര്യരുമായവരുടെ പ്രത്യേക സംഗമങ്ങൾ മേഖലാതലത്തിൽ നടത്തി അവർക്കായി ഉപകാരപ്രദമായ സെമിനാറുകൾ സംഘടിപ്പിക്കുക. ഗവൺമെന്റ് ആനുകൂല്യങ്ങളെക്കുറിച്ച് അവബോധം നല്കുക. സ്വയം തൊഴിൽ പരിശീലനവും അത്യാവശ്യമായ സഹായങ്ങളും നല്കുക.

5. മേഖലാ ജനറൽ ബോഡി ഉചിതമായ ദിവസം ചേർന്ന് മേഖലാ ഭാരവാഹികളെ നവംബർ 27 ന് മുമ്പായി തിരഞ്ഞെടുക്കുക.

## III . സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191

## IV. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടാ

യിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191

## V. അമല പ്രൊലൈഫ്

**ജീവോത്സവം 2024 നവംബർ 23ന് @ തളിപ്പറമ്പ് സെന്റ്മേരീസ് ഓഡിറ്റോറിയം**

തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന അമല പ്രൊലൈഫിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന **ജീവോത്സവം 2024** വലിയ കുടുംബങ്ങളുടെ സ്നേഹസംഗമം

**പങ്കെടുക്കേണ്ടവർ**

1. നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങൾ
2. നാലാമത്തെ കുട്ടി 2022 ഡിസംബർ 31ന് ശേഷം ജനിച്ചതായിരിക്കണം.
3. ഇതിനുമുമ്പു ജീവോത്സവത്തിൽ പങ്കുചേർന്നിട്ടുള്ള കുടുംബങ്ങൾ അവർക്ക് കഴിഞ്ഞ ജീവോത്സവ സംഗമത്തിനു ശേഷം പുതിയ കുഞ്ഞ് ജനിച്ചിട്ടുണ്ടെങ്കിൽ മാത്രമേ പങ്കെടുക്കേണ്ടതുള്ളൂ.

ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രൊലൈഫ് കോർ ടീമിന്റെ യോഗം ചെമ്പേരി പള്ളിയിൽ വച്ച് നടത്തി. ആരാധനയ്ക്ക് ശേഷം വരും ദിനങ്ങളിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു. പുതിയ പ്രസിഡന്റായി ശ്രീ. ലോറൻസ് കടിക്കാട്ടിനെ തെരഞ്ഞെടുത്തു. വലിയ കുടുംബങ്ങളുടെ സ്നേഹ സംഗമത്തെ തുടർന്ന് ചെയ്യാനുള്ള കാര്യങ്ങൾ ഓരോരുത്തരെയും ഏൽപ്പിച്ചു.

അടുത്ത കോർ ടീം മീറ്റിംഗ് നവംബർ 3-ാം തീയതി കണ്ണൂരിൽ വച്ച് നടത്താൻ തീരുമാനിച്ചു.

## VI. പ്രോലൈഫ് മാരേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ** Mail ID: familytly92@gmail.com
Web Site: www.familytly.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

## പൊതുവിജ്ഞാന പരീക്ഷ - Master Minds 2K24

Master Minds 2K24 എന്ന പേരിൽ 2024 - 2025 വർഷത്തെ പൊതു വിജ്ഞാന പരീക്ഷയ്ക്കുള്ള പുസ്തകങ്ങൾ ഹയർസെക്കന്ററി/ ഹൈസ്കൂൾ വിഭാഗം - മികവ്, യു.പി. വിഭാഗം - അറിവ്, എൽ.പി. വിഭാഗം - കൈത്തിരി എന്നീ പേരുകളിൽ എല്ലാ സ്കൂളുകളിലും എത്തിച്ചിട്ടുണ്ട്. പഠനത്തോടൊപ്പം പൊതുവിജ്ഞാന പുസ്തകവും പഠിച്ച് വിവിധ എൻട്രൻസ് പരീക്ഷകളിൽ വിജയികളാകാൻ കുട്ടികൾക്ക് സഹായകരമാണ്. 2025 ജനുവരി ആദ്യആഴ്ചയിൽ കോർപ്പറേറ്റ്തല പൊതുവിജ്ഞാന പരീക്ഷ നടത്തുന്നതാണ്. 2024 നവംബർ 1 മുതൽ ഡിസംബർ 31 വരെയുള്ള പത്രങ്ങളിൽ നിന്നുള്ള വാർത്തകളും ഉൾപ്പെടുത്തിയ ചോദ്യങ്ങളായിരുക്കും പരീക്ഷയ്ക്ക് ഉണ്ടായിരിക്കുന്നത്.

## ഏകദിന പഠന ശിബിരം

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന അനധ്യാപകർക്കായി (ക്ലർക്ക്, ഓഫീസ് സ്റ്റാഫ്, മീനിയൽ സ്റ്റാഫ്) ഏകദിന പഠന ശിബിരം ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നവംബർ 9 ശനിയാഴ്ച നടത്തുന്നു. എല്ലാ അനധ്യാപകരും അന്നേ ദിവസം ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

തീയതി : 09/11/2024 (ശനിയാഴ്ച)

സമയം : 9.30 am

സ്ഥലം : നിർമ്മല ഹയർസെക്കന്ററി സ്കൂൾ, ചെമ്പേരി

## അധ്യാപക ദിനത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ വിജയിച്ചവരുടെ ലിസ്റ്റ്

### I. ഉപന്യാസം

1-ാം സ്ഥാനം ശ്രീ. ജിജോ ജോസഫ്
സെന്റ് ജോൺസ് യുപി സ്കൂൾ, തൊണ്ടിയിൽ

| | |
|---|---|
| 2-ാം സ്ഥാനം | ശ്രീമതി മഞ്ജുഷ കുര്യൻ<br>സെന്റ് മേരീസ് എച്ച് എസ്, എടൂർ |
| 3-ാം സ്ഥാനം | സി. സീനമോൾ എം സേവ്യർ<br>സെന്റ് തോമസ് യുപിഎസ്, കരിക്കോട്ടക്കരി |

**II. കഥ**

| | |
|---|---|
| 1-ാം സ്ഥാനം | ശ്രീമതി. വനജ സി.കെ<br>സെന്റ് തോമസ് എച്ച്എസ്എസ്, കിളിയന്തറ |
| 2-ാം സ്ഥാനം | ശ്രീ. ബിബിൻ ജോസ്<br>ദേവമാത എച്ച്എസ്, പൈസക്കരി |
| 2-ാം സ്ഥാനം | ശ്രീമതി. ജോയ്സി ജോസഫ്<br>വയത്തൂർ യുപിഎസ്, ഉളിക്കൽ |
| 3-ാം സ്ഥാനം | ശ്രീ. ബോബി ചെറിയാൻ<br>കാദർഹാജി മെമ്മോറിയൽ യുപി സ്കൂൾ കാഞ്ഞിരക്കൊല്ലി. |

**III. കവിത**

| | |
|---|---|
| 1-ാം സ്ഥാനം | ശ്രീമതി ജോളി എബ്രാഹം<br>സെന്റ് ജൂഡ്സ് എച്ച്എസ്, വെള്ളരിക്കുണ്ട് |
| 2-ാം സ്ഥാനം | ശ്രീമതി ജെസ്സി ജോസഫ്<br>സെന്റ് മേരീസ് എച്ച്എസ്എസ്, എടൂർ |
| 3-ാം സ്ഥാനം | ശ്രീമതി ജെസ്സി കുരുവിള<br>സെന്റ് ജോസഫ്സ് യുപിഎസ്, അറബി |

**വിജയികൾക്ക് അഭിനന്ദനങ്ങൾ!!!**

## സന്മാർഗ വേദപാഠ പരീക്ഷ

ഈ വർഷത്തെ വേദപാഠ-സന്മാർഗ്ഗപാഠ **അർദ്ധവാർഷിക പരീക്ഷ നവംബർ 29-ാം** തീയതി **വെള്ളിയാഴ്ച** നടത്തണം. ചോദ്യപത്രങ്ങൾ സ്കൂൾ തലത്തിൽ അധ്യാപകർ തന്നെ തയ്യാറാക്കി പരീക്ഷ നടത്തേണ്ട താണ്. മാർക്കുകൾ രജിസ്റ്ററിലും പ്രോഗ്രസ്സ് കാർഡിലും രേഖപ്പെടുത്തേണ്ടതാണ്. ഓരോ സ്കൂളുകളും അവരവരുടെ സമയമനുസരിച്ച് പരീക്ഷ നടത്തണം.

## സദ്ഗമയ പിടി ചാക്കോ മത്സരം

സദ്ഗമയ പിടി ചാക്കോ മത്സരം നവംബർ അവസാന വാരത്തിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കും.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

### രജിസ്ട്രേഷൻ ക്യാമ്പ്

ഗാന്ധി ജയന്തിയോടനുബന്ധിച്ച് കോളേജ് എൻ എസ് എസ് യുണിറ്റുകളുടെ നേതൃത്വത്തിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് UDID Card ഓൺലൈൻ രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിച്ചു.

### Fresher's Day

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി Fresher's Day "FRESHER'S FIESTA" പ്രോഗ്രാം സംഘടിപ്പിച്ചു.

### അൽക്ക വിനോദ്

ബോട്ടണി വിഭാഗം മൂന്നാം വർഷ വിദ്യാർത്ഥിനി അൽക്ക വിനോദിന്റെ ആകസ്മിക വിയോഗത്തിൽ അധ്യാപകരും വിദ്യാർത്ഥികളും അൽക്കയുടെ ഭവനം സന്ദർശിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

### ഭൂമിത്രസേന

നിർമലഗിരി കോളജ് ഭൂമിത്രസേന ക്ലബ്ബ്, ബോട്ടണി ഡിപ്പാർട്ട്മെന്റ്, കൂത്തുപറമ്പ് റോട്ടറി ക്ലബ്ബ്, എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ 'ബയോ ഡൈവേഴ്സിറ്റി ക്ലബ്ബ്, സീറോ കാർബൺ ക്യാമ്പസ് എന്നീ രണ്ടു പ്രോഗ്രാമുകൾ നിർമലഗിരി കോളജിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ചടങ്ങിന് മുന്നോടിയായി വിവിധങ്ങളായ മുളതൈകൾ ക്യാമ്പസിൽ നട്ടു.

ഉദ്ഘാടനസമ്മേളനം കോളജ് പ്രിൻസിപ്പാൾ ഡോ. ടി. കെ. സെബാസ്റ്റ്യൻ അധ്യക്ഷതയിൽ ഭൂമിത്രസേന കോഓർഡിനേറ്റർ ശ്രീമതി രശ്മി. പി. തോമസ് സ്വാഗതം ആശംസിച്ചു. കോളജ് മാനേജർ ഫാ. ഡോ. തോമസ് കൊച്ചുകരോട്ട് അനുഗ്രഹഭാഷണം നടത്തി. ബയോ ഡൈവേഴ്സിറ്റി ക്ലബ്ബിന്റെ ഉദ്ഘാടനം കേരള സ്റ്റേറ്റ്

ബയോ ഡൈവേഴ്സിറ്റി ബോർഡ് ഡിസ്ട്രിക്ട് കോഓർഡിനേറ്റർ ശ്രീമതി സുഹദ നിർവഹിച്ചു.

നെറ്റ് സീറോ കാർബൺ ക്യാമ്പസ് എന്ന പ്രോഗ്രാം, കൂത്തുപറമ്പ് റോട്ടറി ക്ലബ്ബ് പ്രസിഡന്റ് ഡോ. ഇഗ. പ്രേംകുമാർ നിർവഹിച്ചു. ഫാ. ഡോ. മാർട്ടിൻ ജോസഫ്, ഫാ. ഡോ. ജോബി ജേക്കബ്, ലഫ്റ്റനന്റ് ഡോ. കമിലോ ജോസഫ്, പ്രൊഫ. പി. എസ്. എബ്രഹാം എന്നിവർ ആശംസ പ്രസംഗം നടത്തി. ഡോ. ആർ. ഡി. അൻപിൻ രാജ, ബോട്ടണി ഡിപ്പാർട്ട്മെന്റ് ഹെഡ് നന്ദി പ്രകാശിപ്പിച്ചു.

**ബഹിരാകാശ ദിനാഘോഷം**

ലോക ബഹിരാകാശദിനാഘോഷത്തോട് അനുബന്ധിച്ച് നിർമലഗിരി കോളേജ് ഫിസിക്സ് ഡിപ്പാർട്ട്മെന്റ് ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗാനസേഷനുമായി സഹകരിച്ച് സ്റ്റുഡന്റ് - സൈന്റിസ്റ്റ് പ്രോഗ്രാം നടത്തി. ക്ലാസ്സ് റൂം പഠനവും ബഹിരാകാശ പര്യവേഷണവും ബന്ധിപ്പിക്കുന്ന വിധത്തിൽ വിദ്യാർത്ഥികൾക്ക് അറിവ് പകരുന്ന ഈ പ്രോഗ്രാമിന് വിക്രം സാരാഭായ് സ്പേസ് റിസേർച്ച് സെന്റർ ശാസ്ത്രജ്ഞൻ മിജാസ് മുകുന്ദൻ നേതൃത്വം നൽകി. കോളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ, ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. ജോഷി ജോസഫ് എന്നിവർ സംസാരിച്ചു.

**അനുദിന ജീവിതവും ഭൗതികശാസ്ത്രവും**

നിർമലഗിരി കോളേജ് ഫിസിക്സ് വിഭാഗം 'അനുദിനജീവിതവും ഭൗതികശാസ്ത്രവും' എന്ന വിഷയത്തിൽ വർക്ക് ഷോപ്പ് നടത്തി. മൂവാറ്റുപുഴ നിർമ്മല കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അജിത് തോമസ് ഉദാഹരണങ്ങൾ പരീക്ഷണങ്ങളിലൂടെ വ്യക്തമാക്കികൊണ്ട് ആകർഷകമായി വർക്ക്ഷോപ്പ് നയിച്ചു.

**എൻ സി സി**

ലോകഭക്ഷ്യദിനത്തോട് അനുബന്ധിച്ച് കോളേജ് എൻസിസി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ രോഗികൾക്കും അവരുടെ സഹായികൾക്കുമായി ഭക്ഷണ വിതരണം നടത്തി.

**സ്പോർട്സ്**

കണ്ണൂർ യൂണിവേഴ്സിറ്റി ഫെൻസിംഗ് മത്സരത്തിൽ നിർമലഗിരി കോളേജ് പുരുഷ ടീം മൂന്നാം സ്ഥാനം കരസ്ഥമാക്കി. കണ്ണൂർ യൂണിവേഴ്സിറ്റി ചെസ്സ് ചാമ്പ്യൻഷിപ്പിൽ നിർമലഗിരി കോളേജ് പുരുഷ വനിതാ ടീമുകൾ യഥാക്രമം മൂന്നും ഒന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. രണ്ടാം വർഷ സുവോളജി വിദ്യാർത്ഥിനി അഖില കെ. വിജയൻ, ഒന്നാം വർഷ ഫിസിക്സ് വിദ്യാർത്ഥി അരുൺ ദിനേശ് എന്നിവർ യൂണിവേഴ്സിറ്റി ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു

**സെമിനാർ**

ശ്രീകണ്ഠാപുരം എസ് ഇ എസ് കോളജ് ഇംഗ്ലീഷ് വിഭാഗം സംഘടിപ്പിച്ച സെമിനാറിൽ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ സിസ്റ്റർ ഡോ. സോണിയ ഫിലോമിന വി. എ, Memory Revisited : The Art of Story Telling' എന്ന വിഷയത്തിൽ ക്ലസ്സുകൾ നയിച്ചു.

DBT Star പ്രൊജക്റ്റിന്റെ ഭാഗമായി നിർമലഗിരി കോളേജ് ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർ. ഡി. അൻപിൻരാജ തിരുവനന്തപുരം വനിതാ ഗവൺമെന്റ് കോളേജ് ബിരുദാനന്ദര - ഗവേഷണ വിദ്യാർത്ഥി കൾക്കായി Hands on Training on Moss Taxonomy എന്ന വിഷയത്തെ അധികാരിച്ച് ക്ലാസുകൾ നയിച്ചു.

ഇരിട്ടി എം. ജി. കോളേജ് സംഘടിപ്പിച്ച ഏകദിന സെമിനാറിൽ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊ. ദീപു ജോസഫ് ക്ലാസുകൾ എടുത്തു.

**എൻഎസ്എസ് ഓറിയന്റേഷൻ**

നിർമലഗിരി കോളേജ് ഒന്നാം വർഷ എൻ എസ് എസ് വിദ്യാർത്ഥി കൾക്കായി ഓറിയന്റേഷൻ ക്ലാസ്സ് നടത്തി. ഡോ. ദീപമോൾ മാത്യു ക്ലാസ്സ് നയിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. ജോബി ജേക്കബ് അധ്യക്ഷനായിരുന്നു. എൻ എസ് എസ് കോഡിനേറ്റർമാരായ ഡോ. ജെയ്സൺ, ഡോ. ദീപ്തി ലിസ്ബത്ത് എന്നിവർ നേതൃത്വം നൽകി

**പി ആർ ഒ**
നിർമലഗിരി കോളേജ്

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
### ചെമ്പേരി

### ആന്റി റാഗിംഗ് നാർക്കോട്ടിക് ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു

വിമൽജ്യോതി എഞ്ചിനീയറിംഗ് കോളജിൽ രണ്ടാം വർഷ ബിരുദ വിദ്യാർഥികൾക്കായി ആന്റി റാഗിംഗ്, ആന്റി നാർക്കോട്ടിക് ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. റൂറൽ ജില്ലാ പോലീസ് മേധാവി അനുജ് പലിവാൾ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. അഡ്മിനിസ്ട്രേറ്റർ ഫാ. ലിബിൻ എഴുപറ, റിജോ, അഖിൽ എന്നിവർ പ്രസംഗിച്ചു

### പ്ലേസ്മെന്റ് വാർത്തകൾ October 2024

- പ്രമുഖ പ്രൊഡക്ട് ഡെവലപ്പ്മെന്റ് കമ്പനിയായ Vanenburg നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റ് ടെസ്റ്റിൽ വിമൻജോലിയിൽ നിന്നും 100 ൽ അധികം കുട്ടികൾ പങ്കെടുത്തു.
- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രശസ്ത EDTECH കമ്പനിയായ TEACHNOOK ഒക്ടോബർ 25നു വിമൽ ജ്യോതിയിൽ നിന്നും ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. 210 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- കൊച്ചി ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന SOFTWARE DEVELOPMENT കമ്പനിയായ POORNAM ഒക്ടോബർ അവസാന വാരത്തിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. കഴിഞ്ഞവർഷം നടത്തിയ റിക്രൂട്ട്മെന്റ്ലൂടെ 15 കുട്ടികളെ തിരഞ്ഞെടുത്തിരുന്നു. പ്രതിവർഷം 3.5 ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- മാനുഷിക വൈദഗ്ധ്യങ്ങളും സാങ്കേതികവിദ്യകളും ഒരുമിപ്പിച്ചു സംരംഭങ്ങളെ ഡിജിറ്റൽ പരിവർത്തനം നടത്താനും നിർണായകമായ BUSINESS OPERATIONS OPTIMISE ചെയ്യാനും ലോകമെമ്പാ

ടുമുള്ള ICONIC ബ്രാൻഡുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന SUTHERLAND GLOBAL നവംബർ ആദ്യആഴ്ചയിൽ വിമൽ ജ്യോതിയിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. 100 അധികം ഒഴിവുകൾ നിലവിലുണ്ട്.

## എം.ബി.എ. വാർത്തകൾ

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസർച്ച് ഒന്നാം വർഷ എം ബി എ വിദ്യാർത്ഥികൾക്കായി ഏഴു ദിവസത്തെ റൂറൽ ക്യാമ്പ് ഗ്രാമദർശൻ 2024 സംഘടിപ്പിച്ചു. കെയ്റോസ് കണ്ണൂർ, OISCA ഇന്റർ നാഷണൽ, എന്നിവയുമായി സഹകരിച്ച് സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 4 വരെ വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജിൽ വച്ചാണ് ക്യാമ്പ് നടത്തിയത്. വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയും പരിസരങ്ങളും വൃത്തിയാക്കുകയും പച്ചക്കറി തോട്ടം നട്ടുപിടിപ്പിക്കുകയും ചെയ്തു. അമ്പലത്തറ ആകാശപ്പറവ സന്ദർശിക്കുകയും കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. കണ്ണൂർ രൂപത കൈറോസുമായി സഹകരിച്ച് കൊണ്ട് ബേക്കൽ പള്ളിക്കര ബീച്ചിൽ നടത്തിയ വിവരശേഖരണവും പഠനവും ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് അവരുടെ മാനേജ്മെന്റ് കഴിവുകൾ പ്രായോഗിക തലത്തിൽ കൊണ്ട് വരാൻ അവരെ സഹായിച്ചു. വിവിധ വിഷയങ്ങളിൽ വിദഗ്ധരായവർ ക്ലാസുകൾ നയിക്കുകയും ചെയ്തു. വിമൽ ജ്യോതി എംബിഎ കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജെനിമോൻ വി. ജോസഫ്, അസിസ്റ്റന്റ് മാനേജർ ഫാ. സോണി വടശ്ശേരിയിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്ത്, ഫാ. ലിബിൻ ഏഴുപറയിൽ, ക്യാമ്പ് കോർഡിനേറ്റർ തോമസ് ജോൺ, ആതിര പി, ഐവി ജോർജ്, ബിജു മാത്യു എന്നിവരാണ് ക്യാമ്പിന് നേതൃത്വം നൽകിയത്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി
# ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

## IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ**

ജർമൻ ഭാഷയുടെ നവംബർ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും 1-ാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സ്കറിയ വടശ്ശേരിൽ**
*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

### തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് പ്രവർത്തനങ്ങൾ

**തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം**

11-10- 24ന് പൈസക്കരി ദേവമാത കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു. പ്രധാന തീരുമാനങ്ങൾ:

1. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃനിരയിൽ ഒന്നിൽ കൂടുതൽ സ്ഥാനങ്ങൾ വഹിക്കുന്നവർ ഉയർന്ന സ്ഥാനം നിലനിർത്തിക്കൊണ്ട് മറ്റ് സ്ഥാനങ്ങളിൽ നിന്ന് മാറി പകരം അർഹരായ ആളുകളെ കണ്ടെത്തുന്നതിന് തീരുമാനിച്ചു.
2. ഇ എസ് എ, 400 കെ വി ലൈൻ മറ്റ് ജനകീയ വിഷയങ്ങളിൽ ഇരിട്ടി കേന്ദ്രീകരിച്ച് നവംബർ മാസത്തിൽ ഒരു സായാഹ്ന ധർണ്ണ നടത്തുന്നതിനുള്ള സാധ്യത ആരായാനും അതെങ്ങിനെ നടപ്പാക്കാമെന്നു അഭിവന്ദ്യ അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതിനായി അതിരൂപതാ നേതൃത്വത്തെ ഉത്തരവാദിത്വം ഏല്പ്പിച്ചു.
3. കത്തോലിക്കാ കോൺഗ്രസിന്റെ യുവജനവിഭാഗം ശക്തമാക്കുന്നതിന്റെ ഭാഗമായി ഓരോ ഫൊറോനയിൽ നിന്നും യുവജനങ്ങളെ സംഘടിപ്പിച്ചു യൂത്ത് കൗൺസിൽ രൂപീകരിക്കുന്നതിന് ഫൊറോന പ്രസിഡന്റ് മാരെ ചുമതലപ്പെടുത്തി.
4. അടുത്ത അതിരൂപത എക്സിക്യൂട്ടീവ് യോഗം നവംബർ എട്ടിന് പനത്തടി ഫൊറോനയിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചു.

**പൊതുപ്രവർത്തനങ്ങൾ**

1. ചെമ്പന്തൊട്ടി മേഖലയിൽ അനധികൃതമായി നടത്തുന്ന കോറയുടെ പ്രവർത്തനം നിർത്തലാക്കുക എന്ന ആവശ്യവുമായി ചെമ്പന്തൊട്ടിയിൽവെച്ച് നടന്ന ജനകീയ സമിതിയുടെ ധർണ്ണ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ധർണ്ണയിൽ കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ട്

ഫിലിപ്പ് വെളിയത്ത്, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, വൈസ് പ്രസിഡണ്ട് ഷിനോ പാറക്കൽ, ചെമ്പന്തൊട്ടി മേഖലാ പ്രസിഡണ്ട് ജോസഫ് മാത്യു, ചെമ്പേരി മേഖലാ പ്രസിഡൻറ് ബിജു മണ്ഡപത്തിൽ തുടങ്ങിയവർ പങ്കെടുത്തു.

2. ഗവണ്മെന്റ് തലത്തിൽ ഞായറാഴ്ചകൾ ഉൾപ്പെടുത്തി നടത്തുവാൻ നിശ്ചയിച്ച ഉപജില്ലാ കലോത്സവങ്ങൾ മാറ്റിവെക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്ക കോൺഗ്രസ് നേതൃത്വം അധികാരികൾക്ക് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഞായറാഴ്ച ദിവസങ്ങൾ ഒഴിവാക്കിക്കൊണ്ട് കലോത്സവ തീയതി പുനഃക്രമീകരിച്ചു.

3. ഭിന്നശേഷിക്കാർക്ക് ഉള്ള ആനുകൂല്യം സർക്കാർ വെട്ടികുറച്ചതിനെതിരെ ശക്തമായി പ്രതിഷേധിച്ചു. ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്ക കോൺഗ്രസ് നിവേദനം നൽകി.

4. ബിരിക്കുളം കത്തോലിക്ക കോൺഗ്രസ് യൂണിറ്റിന്റെ നേതൃത്വത്തിൽ സൗജന്യ കേൾവി പരിശോധന ക്യാമ്പ് നടത്തി.

5. വായാട്ടുപറമ്പ് ഫൊറോനാ കമ്മിറ്റിയുടെയും വെള്ളാട് യൂണിറ്റിന്റെയും കരുവൻഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെയും നേതൃത്വത്തിൽ നടത്തിയ നേത്രപരിശോധന ക്യാമ്പ് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഉദ്ഘാടനം ചെയ്തു.

6. വിമലശ്ശേരി യൂണിറ്റ് അൽഫോൻസാ നഗറിൽ ഉള്ള ഗുഡ് സമരിറ്റൻ ഭിന്നശേഷി സഹോദരൻമാരെ ഡയറക്ടർ ബഹു. ഫാ. ജോബിൻ കൊട്ടാരത്തിന്റെയും രൂപത എക്സിക്യൂട്ടീവ് അംഗം ജോഷി ആനിതോട്ടത്തിന്റെയും വിമലശ്ശേരി യൂണിറ്റ് ഭാരവാഹികളുടെയും നേതൃത്വത്തിൽ സന്ദർശിക്കുകയും ഭക്ഷണ സാധനങ്ങൾ നൽകുകയും ചെയ്തു.

7. കുടിയാന്മല യൂണിറ്റിന്റെ നേതൃത്വത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. പോൾ വള്ളോപ്പിള്ളി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം അധ്യക്ഷത വഹിച്ചു.

8. ഗാന്ധിജയന്തി ദിനത്തിൽ കത്തോലിക്ക കോൺഗ്രസ് കുടിയാൻമല, കോടപ്പള്ളി യൂണിറ്റുകളുടെ നേതൃത്വത്തിൽ മലയോര ഹൈവേയിലെയും സംസ്ഥാന ഹൈവേയിലെയും അതാത് പ്രദേശങ്ങളിലെ പാതയോരത്തെ കാടുകൾ വെട്ടിതെളിച്ച് വൃത്തിയാക്കി. ഫാ. പോൾ വള്ളോപ്പിള്ളി, ഫാ. ജോസ് പൂവന്നിക്കുന്നേൽ, ജിമ്മി അയിത്തമറ്റം, തോമസ് ഒഴുകയിൽ, ബിജു മണ്ഡപത്തിൽ എന്നിവർ വിവിധ സ്ഥലങ്ങളിൽ നേതൃത്വം നൽകി.

കത്തോലിക്ക കോൺഗ്രസ് പനത്തടി ഫൊറോനയുടെ നേതൃത്വത്തിൽ കോളിച്ചാൽ - പാണത്തൂർ റോഡിന്റെ മെക്കാഡം ടാറിങ്ങ് എത്രയും

വേഗം പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗാന്ധിജയന്തി ദിനത്തിൽ ഏകദിന ഉപവാസ സമരം നടത്തി. ഡയറക്ടർ ബഹു. ഫാ. അനീഷ് ചക്കിട്ടമുറി നേതൃത്വം നൽകി.

9. ജോസ്ഗിരിയിൽ കാട്ടാന ഇറങ്ങി നാശനഷ്ടം വരുത്തിയ പ്രദേശങ്ങൾ കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഭാരവാഹികൾ സന്ദർശിച്ചു. സ്ഥിതിഗതികൾ വിലയിരുത്തി. വർദ്ധിച്ചുവരുന്ന വന്യജീവി പ്രശ്നത്തിന് അടിയന്തര പരിഹാരനടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

10. വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുവാനുള്ള സർക്കാർ നടപടികൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്ക കോൺഗ്രസ് അധികാരികൾക്ക് നിവേദനം നൽകി.

11. നാലു പതിറ്റാണ്ടായി മാതൃകാപരമായി മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന ശ്രീ. തോമസ് അയ്യങ്കനാലിനെ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മറ്റി ആദരിച്ചു. പൈസക്കരിയിൽ വച്ച് നടന്ന ചടങ്ങിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിലും പ്രസിഡന്റ് ഫിലിപ്പ് വെളിയത്തും ചേർന്ന് പൊന്നാടയണിച്ച് ആദരിച്ചു.

12. കാട്ടുപന്നി ആക്രമണത്തിൽ പരിക്കേറ്റ ബന്തടുക്കയിലെ കർഷകൻ ഡൊമിനിക് അറക്കപ്പറമ്പിലിനെ പനത്തടി ഫൊറോന കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. അനീഷ് ചക്കിട്ടമുറി, ഫാ. തോമസ് പാമ്പക്കൽ, ഫൊറോന പ്രസിഡണ്ട് ജോണി തോലമ്പുഴ എന്നിവരുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും കർഷകന് അർഹമായ നഷ്ടപരിഹാരം എത്രയും വേഗം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിവേദനം നൽകുകയും ചെയ്തു.

**സംഘടനാപ്രവർത്തനങ്ങൾ**

1. കരയത്തുംചാൽ യൂണിറ്റ് കൺവെൻഷൻ അതിരൂപത ട്രഷറർ സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ജോസഫ് മാത്യു മുഖ്യഭാഷണവും യൂണിറ്റ് ഡയറക്ടർ ബഹു. ഫാ. ജോസഫ് ഓരത്തേൽ അനുഗ്രഹഭാഷണവും നടത്തി.

2. മേരിഗിരി യൂണിറ്റ് കൺവെൻഷൻ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു. ഫൊറോന വികാരി റവ. ഫാ ജോയിച്ചൻ മഠത്തിമ്യാലിൽ, ഡയറക്ടർ റവ. ഫാ. ജോർജ് തൈക്കുന്നുംപുറം എന്നിവർ സംസാരിച്ചു.

3. മുളപ്ര യൂണിറ്റ് കൺവെൻഷൻ ഫാ. കുര്യാക്കോസ് അറക്കൽ ഉദ്ഘാടനം ചെയ്തു ഫിലിപ്പ് വെളിയത്ത് മുഖ്യഭാഷണം നടത്തി.

4. ആലക്കോട് ഫൊറോനയിൽ മണക്കടവിൽ സെന്റ് തോമസ് യൂണിറ്റ് രൂപീകരിച്ചു. യൂണിറ്റ് പ്രസിഡണ്ടായി ജോബി തയ്യിൽ തിരഞ്ഞെടുക്കപ്പെട്ടു.
5. കത്തോലിക്കാ കോൺഗ്രസ് മണിക്കടവ് ഫൊറോനാ കൺവെൻഷൻ 03-10-24 വ്യാഴാഴ്ച മണിക്കടവ് ഫൊറോന പാരീഷ് ഹാളിൽവച്ച് നടന്നു. ഫൊറോനാ വികാരി വെരി റവ. ഫാ. പയസ് പടിഞ്ഞാറെമുറി അധ്യക്ഷത വഹിച്ച യോഗം അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ ഫാ. ജോർജ് എലവുംകുന്നേൽ ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ഷീജ കാറുകുളം എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. അഡ്വക്കേറ്റ് ബിജു ഒറ്റപ്ലാക്കൽ പ്രസിഡണ്ട്, ജോർജ് തെക്കേമുറി സെക്രട്ടറി, കുര്യാക്കോസ് ട്രഷറർ എന്നീ ചുമതലകൾ ഏറ്റെടുത്തു.
6. കാഞ്ഞങ്ങാട് ചീമേനി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് ആരംഭിച്ചു. മെമ്പർഷിപ്പ് വിതരണത്തിന്റെ ഉദ്ഘാടനം ബയോ മൗണ്ടൻ ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. ബെന്നി നിരപ്പേൽ നിർവഹിച്ചു. രൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് മുഖ്യഭാഷണവും, വികാരി ബഹു. ഫാ. ആൻഡ്രൂസ് തെക്കേൽ അനുഗ്രഹഭാഷണവും നടത്തി. കണ്ണിവയൽ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് രൂപീകരണവും മെമ്പർഷിപ്പ് വിതരണവും ഡയറക്ടർ ബഹു. ഫാ. സേവ്യർ പുത്തൻപുരക്കൽ നിർവഹിച്ചു. അതിരൂപതാ ഭാരവാഹികൾ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു.
7. ഗ്ലോബൽ സമിതിയുടെ നിർദ്ദേശപ്രകാരം മൈനോറിറ്റി അഫയേഴ്സ് ആൻഡ് ഹെൽപ്പ് ഡെസ്കിലേക്ക് തലശ്ശേരി അതിരൂപതയിൽ നിന്നും ജെയിംസ് പേരക്കുന്നലിനെയും ഷാജു ഇടശ്ശേരിയെയും മീഡിയ കോർ ടീമിലേക്ക് പാട്രിക് കുരുവിള, രാജീവ് കണിയാന്തറ, ഗ്ലോബൽ ട്രെയിനിങ് ടീം കോർഡിനേറ്റർ സ്ഥാനത്തേക്ക് ജോണി തോമസ് വടക്കേക്കര എന്നിവരെയും ബിസിനസ് ഫോറത്തിലേക്ക് ടോമി കണയാങ്കലിനെയും നോമിനേറ്റ് ചെയ്തു.
8. ഒക്ടോബർ 11 ന് രാവിലെ പൈസക്കരി ദേവമാത കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് പൈസക്കരി ഫൊറോന കൺവെൻഷനും, കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഭാരവാഹികൾക്ക് സ്വീകരണവും നൽകി. ഉച്ചക്കുശേഷം അതിരൂപത നേതൃത്വ സമ്മേളനം നടത്തി. പൈസക്കരി ഫൊറോന ഡയറക്ടർ ബഹു. ഫാ. ജയ്സൺ വാഴക്കാട്ട് ആമുഖഭാഷണം നടത്തിയ യോഗത്തിൽ അതിരൂപത ചാൻസലർ വെരി. റവ. ഡോ. ബിജു മുട്ടത്തുകുന്നേൽ ഉദ്ഘാടനവും പൈസക്കരി ഫൊറോന വികാരി വെരി റവ. ഫാ. നോബിൾ ഓണംകുളം അനുഗ്രഭാഷണവും നടത്തി. 'കത്തോലിക്കാ കോൺഗ്രസ് സമുദായത്തിന്റെ ചാലക ശക്തി' എന്ന


വിഷയം അടിസ്ഥാനമാക്കി ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിയിലും, 'സമുദായിക ശാക്തീകരണം ക്രൈസ്തവ അതിജീവനത്തിന് അനിവാര്യം' എന്ന വിഷയം അടിസ്ഥാനമാക്കി അതിരൂപത ഫിനാൻസ് ഓഫീസർ റവ ഡോ. ജോസഫ് കാക്കരമറ്റവും ക്ലാസുകൾ നയിച്ചു. ഫിലിപ്പ് വെളിയത്ത്, ടോണി ജോസഫ് പുഞ്ചകുന്നേൽ, ജിമ്മി അയിത്തമറ്റം എന്നിവർ കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഭാരവാഹികൾക്ക് നൽകിയ സ്വീകരണത്തിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഉച്ചകഴിഞ്ഞ് നടന്ന കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതയിലെ പത്തൊമ്പത് ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

9. ഒക്ടോബർ 12ന് എറണാകുളം പി. ഒ. സി. യിൽ വച്ച് നടന്ന കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികളുടെയും രൂപത പ്രതിനിധികളുടെയും യോഗത്തിൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ പ്രതിനിധികൾ പങ്കെടുത്തു.

10. ചെമ്പന്തൊട്ടി മേഖല കൺവെൻഷൻ 20-10-24 ഞായറാഴ്ച മണ്ഡളം സെൻ്റ് ജൂഡ്സ് ഇടവകയുടെ പാരീഷ് ഹാളിൽ വച്ച് ഗ്ലോബൽ ഡയറക്ടർ ബഹു. ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് ജോസഫ് മാത്യു കൈതമറ്റം അധ്യക്ഷത വഹിച്ച യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് അതിരൂപത പ്രസിഡൻ്റ് ഫിലിപ്പ് വെളിയത്ത് മുഖ്യഭാഷണവും ചെമ്പന്തൊട്ടി ഫൊറോനാ വികാരി പെരിയ ബഹു. ഫാ. ആൻറണി മഞ്ഞളാംകുന്നേൽ അനുഗ്രഹ ഭാഷണവും നടത്തി. മേഖലാ ഡയറക്ടർ റവ. ഫാ. ജോബി ചെരുവിൽ, വികാരി റവ. ഫാ. മാത്യു വേങ്ങകുന്നേൽ, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, വൈസ് പ്രസിഡണ്ടുമാരായ ബെന്നിച്ചൻ മഠത്തിനകം, ഐ.സി. മേരി, ഷിനോ പാറക്കൽ, ടോമി കണയങ്കൽ എന്നിവർ സംസാരിച്ചു. ചെമ്പന്തൊട്ടി മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്ത കൺവെൻഷന് ചെമ്പന്തൊട്ടി ഫൊറോനയിലേയും, മണ്ഡളം യൂണിറ്റിലെയും ഭാരവാഹികൾ നേതൃത്വം വഹിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

### 1. പ്രോത്സാഹന സമ്മാനം

ഒക്ടോബർ മാസത്തിലെ കുടുംബക്കൂട്ടായ്മ എല്ലാ ഇടവകകളിലും കൃത്യതയോടെ നടത്തിയല്ലോ. നേരത്തെ അറിയിച്ചിരുന്നതു പോലെ 2024 ൽ കുടുംബക്കൂട്ടായ്മകൾ നിർദ്ദേശങ്ങൾ പാലിച്ചും മാതൃകാപരമായും നടത്തിയ ഇടവകകൾക്കുള്ള സമ്മാനം 2025 ജനുവരിയിൽ നടത്തപ്പെടുന്ന ഇടവകാ കോഡിനേറ്റർമാരുടെ സമ്മേളനത്തിൽ വച്ച് നല്കുന്നതാണ്. 2024 ൽ നടത്തപ്പെട്ട കുടുംബക്കൂട്ടായ്മളുടെ റിപ്പോർട്ട് ഇനിയും നല്കാനുള്ളവർ ഡിസംബർ 30 നുള്ളിൽ ഓഫീസിൽ എത്തിക്കേണ്ടതാണ്. ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സമ്മാനങ്ങൾ പ്രഖ്യാപിക്കുന്നതാണ്.

### 2. ചർച്ചാവിഷയാവതരണം

ഒക്ടോബർ, നവംബർ മാസങ്ങളിൽ കുടുംബകൂട്ടായ്മകളിൽ നടത്തിയ ക്രൈസ്തവ സമുദായം നല്കിയ നവോത്ഥാന സംഭാവനകളെക്കുറിച്ചുള്ള ചർച്ചകളുടെ ഏകീകരിച്ച റിപ്പോർട്ട് ഓഫീസിലേയ്ക്ക് അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**റിപ്പോർട്ട് അയക്കേണ്ടത്**

a) വാട്സാപ്പ് നമ്പർ : 8330 870228.

b) Postal Address : Director, FRUITS<br>Archbishop's House,Thalassery<br>670 101, PB No 70, Kannur

### 3. പ്രിയപ്പെട്ടവരെ അനുസ്മരിക്കാം

നവംബർ മാസത്തെ കുടുംബക്കൂട്ടായ്മ പ്രാർഥനയുടെ സമാപനത്തിൽ ഓരോ കുടുംബത്തിൽ നിന്നും മരണംമൂലം വേർപിരിഞ്ഞു പോയവരെക്കുറിച്ചുള്ള നല്ല ഓർമകൾ ഒന്നോ രണ്ടോ വാചകങ്ങളിൽ

അതത് കുടുംബത്തിൽ ഉള്ള ഒരാൾ പങ്കുവയ്ക്കണം. ഓരോ കുടുംബത്തിന്റെയും അനുസ്മരണം കഴിയുമ്പോൾ മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർഥന ചൊല്ലുന്നതും അഭികാമ്യമാണ്.

**4. പ്രത്യേകം ശ്രദ്ധിക്കുക**

എല്ലാ കൂട്ടായ്മകളുടെയും റിപ്പോർട്ടുകൾ യൂണിറ്റ് സെക്രട്ടറിമാർ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന കാര്യം ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തേണ്ടതാണ്. 2025ലെ വലിയ നോമ്പ് കാലത്ത് എല്ലാ ഇടവകകളിലെയും യൂണിറ്റുതല റിപ്പോർട്ടുകൾ പരിശോധിച്ച് ആവശ്യമായ പ്രോത്സാഹനങ്ങൾ നല്കുന്നതിനുവേണ്ടി രൂപതാ ഓഫീസിൽനിന്നും ഭാരവാഹികൾ സന്ദർശിക്കുന്നതാണ്. റിപ്പോർട്ടുബുക്കുകൾ ഭംഗിയായി സൂക്ഷിക്കുകയും സന്ദർശനസമയത്ത് ലഭ്യമാക്കുകയും ചെയ്യണം.

നിലവിലെ റിപ്പോർട്ടുബുക്കുകൾ 3 വർഷത്തെ ഉപയോഗത്തിനുള്ളതാണ്. എന്നാൽ പഴയ റിപ്പോർട്ട് ബുക്ക് ഒരു വർഷത്തേക്ക് മാത്രം ഉള്ളതിനാൽ പഴയ റിപ്പോർട്ട് ബുക്ക് ഉപയോഗിക്കുന്ന എല്ലാ യൂണിറ്റുകളും 2025 ജനുവരി മുതൽ പുതിയ ബുക്ക് ഉപയോഗിക്കണമെന്ന കാര്യം ഒരിക്കൽകൂടി ഓർമപ്പെടുത്തട്ടെ.

**5. സമുദായ ശാക്തീകരണ വർഷം**

2025 സമുദായ ശാക്തീകരണ വർഷമായി തലശ്ശേരി അതിരൂപത ആചരിക്കുമ്പോൾ നമ്മുടെ സമുദായത്തേയും കൂട്ടായ്മകളെയും കൂടുതൽ ശക്തിപ്പെടുത്തുവാൻ ആവശ്യമായ നിർദേശങ്ങൾ നവംബർ മാസത്തിലെ കുടുംബക്കൂട്ടായ്മയിൽ ചർച്ച ചെയ്ത്, നിർദേശങ്ങൾ റിപ്പോർട്ടിൽ ചേർത്ത് ഓഫീസിലേക്ക് അയക്കുമല്ലോ. എല്ലാ സഹകരണത്തിനും നന്ദി.

**6. നന്ദി... സ്വാഗതം...**

കഴിഞ്ഞ 6 മാസക്കാലം തീക്ഷ്ണതയോടും സ്നേഹത്തോടുംകൂടി ഓഫീസിൽ റീജൻസി ചെയ്ത ബ്രദർ ജോസഫ് കലവനാലിന് ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. പുതുതായി റീജൻസിക്കായി എത്തിയിരിക്കുന്ന ബ്രദർ ഡോണൽ കൊടുവേലിപ്പറമ്പിലിന് ഹൃദ്യമായ സ്വാഗതം.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

### 25–മത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം

3,4,5 തീയതികളിലായി കണ്ണൂരിൽ വച്ച് നടത്തപ്പെട്ട സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവീ പരിമിതികൾക്കപ്പുറം ഇച്ഛാശക്തിയുടെയും, അർപ്പണഭാവത്തിന്റെയും, കഠിനാധ്വാനത്തിന്റെയും പ്രതിഫലനമായിരുന്നു. വെള്ളി, ശനി ദിവസങ്ങളിൽ ബധിര മത്സരാർത്ഥികൾക്കായി സംഘാടകരോട് ചേർന്ന് ആംഗ്യഭാഷയിൽ പരിഭാഷ നൽകിയും, കുട്ടികൾക്ക് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകിയും അതിരൂപത ആദം മിനിസ്റ്ററിയും കലോത്സവത്തിൽ പങ്കുകാരായി.

### ഏകദിന കൺവെൻഷൻ

ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ ജപമാല മാസത്തോട് അനുബന്ധിച്ച് 6–ാം തീയതി ഞായറാഴ്ച ഏകദിന കൺവെൻഷൻ സംഘടിപ്പിച്ചു. അംഗങ്ങൾ അനുരഞ്ജന കൂദാശ സ്വീകരിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. ജപമാല ഭക്തിയെക്കുറിച്ച് ക്ലാസ് നടത്തി. ജപമാല പ്രാർത്ഥനകൾ ആംഗ്യഭാഷയിൽ പരിശീലിപ്പിച്ചു. ആഘോഷമായ ജപമാല അർപ്പണത്തോടെ കൺവെൻഷൻ സമാപിച്ചു.

### സി. സാലി മാത്യു എസ് എച്ച് - അനുസ്മരണം

നരിമാളം ജ്യോതി ഭവൻ ബധിര വിദ്യാലയത്തിന്റെ പ്രഥമ ഹെഡ്മിസസ് ആയിരുന്ന ബഹു. സി. സാലി മാത്യു എസ് എച്ച്-ന്റെ 41–ാം ചരമദിനം പ്രാർത്ഥനകളുടെ 10–ാം തീയതി ജ്യോതിഭവൻ സ്കൂളിൽ നടത്തി. കുട്ടികളും അധ്യാപകരും സിസ്റ്ററിന്റെ ചിത്രത്തിന് മുൻപിൽ പുഷ്പാർച്ചന നടത്തി. ജീവിതലക്ഷ്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ് നൽകി. സ്നേഹവിരുന്നോടെ അനുസ്മരണ ചടങ്ങുകൾ സമാപിച്ചു.

### ബാംഗ്ലൂർ എഫാത്താ 6–ാം വാർഷിക ആഘോഷം

ബാംഗ്ലൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ആംഗ്യഭാഷ ആത്മീയ ശുശ്രൂഷയുടെ 6–ാം വാർഷികാഘോഷം 13–ാം

തീയതി ഞായറാഴ്ച സെന്റ് പാട്രിക്ക് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത ആദം മിനിസ്ട്രി ബാംഗ്ലൂർ അതിരൂപത ഭിന്നശേഷി വിഭാഗത്തിന് നൽകുന്ന ശുശ്രൂഷകൾക്ക് അതിരൂപത നന്ദി പ്രകാശിപ്പിച്ചു.

**വ്യക്തിത്വ വികസന സെമിനാർ:** കാരക്കുണ്ട് ഡോൺ ബോസ്കോ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിലെ വിദ്യാർത്ഥികൾക്കായി 15-ാം തീയതി ചൊവ്വാഴ്ച വ്യക്തിത്വ വികസനം, മൊബൈൽ ഫോൺ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ എന്നിവയെകുറിച്ച് സെമിനാർ നടത്തി. കുട്ടികൾക്ക് കൗൺസിലിംഗ് നൽകി.

### ലോഗോസ് ക്വിസ് വിജയികൾ

2024 കെ.സി.ബി.സി. ലോഗോസ് ക്വിസ് അതിരൂപത മത്സരത്തിൽ ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയിൽ നിന്ന് 35 പേർ പങ്കുചേർന്നു. കഴിഞ്ഞ മൂന്ന് വർഷവും ബധിര വിഭാഗം കെസിബിസി ലോഗോസ് ക്വിസ് പ്രതിഭാ പട്ടം കരസ്ഥമാക്കിയ നിമ്മി ഏലിയാസ് തേൻപള്ളി, മുളപ്ര 100 മാർക്കോടെ ഒന്നാം സ്ഥാനവും, രാജൻ നരതൂക്കിപ്ലാവിലപുത്തൻവീട്, ആലക്കോട് 70 മാർക്കോടെ രണ്ടാം സ്ഥാനവും, മാർട്ടിൻ മഞ്ഞക്കാട്, കുടിയാൻമല 58 മാർക്കോടെ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്കും പങ്കുചേർന്നവർക്കും അഭിനന്ദനങ്ങൾ.

**ഫാമിലി കൗൺസിലിംഗ്:** 20, 21 തീയതികളിൽ പാലാ രൂപത ഉഴവൂർ ഇടവകയിലെ കുടുംബാംഗങ്ങൾക്കായി ബഹു. വൈദികരുടെ നിർദ്ദേശപ്രകാരം കൗൺസിലിംഗ് നൽകി കുടുംബപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ സഹായിച്ചു.

### ജ്യോതിഭവൻ സ്പെഷ്യൽ സ്കൂൾ 28-ാം വാർഷിക ആഘോഷം

ആരാധന സന്യാസിനി സമൂഹം തോമാപുരത്ത് നടത്തുന്ന ജ്യോതി ഭവൻ സ്പെഷ്യൽ സ്കൂളിന്റെ 28-ാം വാർഷികം 24-ാം തീയതി വ്യാഴാഴ്ച വിവിധ കലാപരി പാടികളുടെ നടത്തപ്പെട്ടു. റവ. മദർ സി. അനില എസ്.എ.ബി.എസ്. അധ്യക്ഷത വഹിച്ചു. ശ്രീ. ജോസഫ് മുത്തോലി ഉദ്ഘാടകനും വെരി. റവ. ഫാ. മാണി മേൽവെട്ടം മുഖ്യപ്രഭാഷകനും ആയിരുന്ന ചടങ്ങിൽ അതിരൂപത ഭിന്നശേഷി വിഭാഗം മിനിസ്റ്ററിയുടെ ആശംസകളും അഭിനന്ദനങ്ങളും ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ നേർന്നു.

### ജപമാലമാസ സമാപനം

27-ാം തീയതി ഞായറാഴ്ച ബഹു. ഫാ. ജോർജ് കുറുമണ്ണിൽ അച്ചൻ അർപ്പിച്ച വിശുദ്ധ കുർബാനയ്ക്കുശേഷം ജപമാല ചൊല്ലി ജപമാലമാസ സമാപനം നടത്തി. 31 ദിനങ്ങൾ ജപമാല നിയോഗങ്ങൾ അർപ്പിച്ചവർക്ക് ശ്രീ. മനു കാവനാടി കാർത്തികപുരം സമ്മാനങ്ങൾ വിതരണം ചെയ്തു. സ്നേഹവിരുന്നോടെ ആഘോഷങ്ങൾ സമാപിച്ചു.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

**മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം**

### ഗാന്ധിസ്മൃതി സായംസംഗമം

ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് കെ.സി.ബി.സി. മദ്യവിദുദ്ധസമിതിയുടെയും മുക്തിശ്രീയുടെയും ആഭിമുഖ്യത്തിൽ ആലക്കോട് യൂണിറ്റിൽ ഗാന്ധിസ്മൃതി സായംസംഗമം സംഘടിപ്പിച്ചു. സംഗമത്തോടനുബന്ധിച്ച് ലഹരിവിരുദ്ധറാലിയും പൊതുസമ്മേളനവും തലശ്ശേരി അതിരൂപതാ ലെ-അപ്പസ്റ്റൊലേറ്റ് ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. മദ്യവിരുദ്ധസമിതി അതിരൂപതാപ്രസിഡണ്ട് ശ്രീ. ടോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ആലക്കോട് മേഖലാ ലെ-അപ്പസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. തോമസ് വട്ടംകാട്ട്, അതിരൂപതാ മദ്യവിരുദ്ധസമിതി ഡയറക്ടർ ഫാ. ജോസഫ് പൂവത്തോലിൽ, മുക്തിശ്രീ പ്രസിഡണ്ട് ശ്രീമതി ഷിനോ പാറയ്ക്കൽ, ജോസ് ചാരച്ചേരിൽ, ബേബി ചേരോലിക്കൽ എന്നിവർ പ്രസംഗിച്ചു. അതിരൂപതാ ടീം അവതരിപ്പിച്ച 'പരേതന് പറയാനുള്ളത്' എന്ന ലഘുനാടകവും നടത്തി. ആലക്കോട് മേഖലയിലെ ആദ്യകാല മദ്യവിദുദ്ധ സമിതി പ്രവർത്തകരെ പൊന്നാട അണിയിച്ച് ആദരിച്ചു.

### സംസ്ഥാനകമ്മിറ്റി

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന കമ്മിറ്റി പാലാരിവട്ടം പി.ഒ.സി.യിൽ ചേരുകയുണ്ടായി. അതിരൂപതാ കമ്മിറ്റിയിൽനിന്ന് സംസ്ഥാന സെക്രട്ടറി ശ്രീ. ടോമി വെട്ടിക്കാട്ട്, ആനിമേറ്റർ സി. ജോസ് മരിയ സി.എം.സി. എന്നിവർ സംബന്ധിച്ചു. സംസ്ഥാന ചെയർമാൻ അഭിവന്ദ്യ ബിഷപ്പ് യൂഹാനോൻ മാർ തെയോഡോഷ്യസ് അദ്ധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപതാകമ്മിറ്റി ആരംഭം കുറിച്ചിരിക്കുന്ന യുവജനശാക്തീകരണം സംസ്ഥാന സമിതിയിലും ചർച്ചാ

വിഷയമാവുകയും നവംബർ മാസത്തിൽ പി.ഓ.സി.യിൽവച്ച് സംസ്ഥാന യുവജന കൺവെൻഷൻ വിളിച്ചു ചേർക്കാൻ തീരുമാനിക്കുകയും ചെയ്തു.

**മണിക്കടവ് മേഖല**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി മണിക്കടവ് മേഖലാതല പ്രവർത്തനത്തിന്റെ ഭാഗമായി മണിപ്പാറ സൺഡേ സ്കൂൾ പി.റ്റി.എ.യും സംഘടിപ്പിച്ചുകൊണ്ട് 'ജീവിതമാണ് ലഹരി' എന്ന വിഷയത്തെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. അതിരൂപതാ ഭാരവാഹികളായ പുഷ്പ വെള്ളാപ്പാടം, പൈലി വലിയകണ്ടം എന്നിവർ നേതൃത്വം വഹിച്ചു. അതിരൂപതാ ടീം അവതരിപ്പിച്ചുവരുന്ന 'പരേതന് പറയാനുള്ളത്' എന്ന ലഘുനാടകവും അരങ്ങേറ്റി. ഫൊറോനയിലെ എല്ലാ ഇടവകകളിലും യൂണിറ്റ് രൂപീകരണം ഈ മാസം പൂർത്തിയാകും.

**ആദരാഞ്ജലി**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി തലശ്ശേരി അതിരൂപത മുൻ പ്രസിഡണ്ട് ബേബി ആനിക്കുഴിക്കാട്ടിലിന്റെ പിതാവ് ജോസഫ് (100) 15.10.2024ന് നിര്യാതനായി. അതിരൂപതാഭാരവാഹികൾ പരേതന്റെ ഭവനത്തിലെത്തി പ്രാർഥിക്കുകയും റീത്തുസമർപ്പിക്കുകയും ചെയ്തു. മക്കളെയും പ്രത്യേകിച്ച് ബേബിസാറിനെയും കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുന്നു.

**അതിരൂപതാ കമ്മിറ്റി**

അതിരൂപതാതല എക്സിക്യൂട്ടീവ് മീറ്റിംഗ് എല്ലാ മാസവും 3-ാം തീയതി വിവിധ മേഖലാ കേന്ദ്രങ്ങളിൽ നടത്തുന്നതിനും മുഴുവൻ കമ്മിറ്റി അംഗങ്ങളുടെയും സാന്നിധ്യം ഉറപ്പാക്കുന്നതിനും തീരുമാനിച്ചു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. ജോസഫ് പൂവത്തോലിൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

### അനുസ്മരണം

TSSS കാലാങ്കി യൂണിറ്റ് സെക്രട്ടറി ശ്രീമതി ജിന്നി ചെമ്പരത്തിക്കലിന്റെ ആകസ്മികമായ വിയോഗത്തിൽ ദുഃഖാർത്ഥരായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് TSSS-ന്റെ അനുശോചനം അറിയിക്കുന്നു.

മൃതസംസ്കാര ശുശ്രൂഷാകർമ്മങ്ങളിൽ TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, അസോസിയേറ്റ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി എന്നിവർ കാർമ്മികത്വം വഹിച്ചു.

നെല്ലിക്കാംപൊയിൽ RCC-യുടെ നേതൃത്വത്തിൽ ഒക്ടോബർ 21-ന് കാലാങ്കിയിൽ പ്രത്യേകം പ്രാർത്ഥനകളും അനുസ്മരണ സമ്മേളനവും നടത്തി. മാട്ടറ, വിളമന, കല്ലുവയൽ, അറബി, ശാന്തിനഗർ, മണിപ്പാറ, ആനറ, കാഞ്ഞിരക്കൊല്ലി, മുണ്ടാനൂർ തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിലും അനുസ്മരണം നടത്തുകയും, യൂണിറ്റ് അംഗങ്ങൾ മൃതസംസ്കാര ശുശ്രൂഷാകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

### പ്രതിമാസ പ്രവർത്തനങ്ങൾ

2024 നവംബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1) നവംബർ 07**

**ലോക കാൻസർ ബോധവൽക്കരണദിനം (World Cancer Awareness Day)**

**പ്രവർത്തനങ്ങൾ:**

- കാൻസർ രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- കേശദാനം - സ്നേഹദാനം പരിപാടി സംഘടിപ്പിക്കുക.

**2) നവംബർ 11**

**ദേശീയ വിദ്യാഭ്യാസദിനം (National Education Day)**

**പ്രവർത്തനങ്ങൾ:**

- വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുക.

**വിഷയം:** സമകാലീന വാർത്തകളും പൊതുവിജ്ഞാനവും

**3) നവംബർ 14**
**ചിൽഡ്രൻസ് ഡേ (Children's Day)**
**പ്രവർത്തനങ്ങൾ:**

- കുട്ടികളുടെ വ്യക്തിവികാസത്തെ വളർത്തുന്നതിനും, സുരക്ഷിതബാല്യം കെട്ടിപ്പടുക്കുന്നതിനും മാതാപിതാക്കൾക്ക് ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കുക.
- വിവിധ സംഘടനകളുമായി ചേർന്ന് 10 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ചാച്ചാജി ഫാൻസി ഡ്രസ് കോമ്പറ്റീഷൻ സംഘടിപ്പിക്കുക.

**യൂണിറ്റ് രൂപീകരണം**

ആയന്നൂരിൽ പുതിയ TSSS യൂണിറ്റ് ആരംഭിച്ചു. പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം ചേർന്നുനിന്നുകൊണ്ട് പുതിയ തുടക്കം കുറിച്ച യൂണിറ്റ് ഭാരവാഹികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

| | |
|---|---|
| യൂണിറ്റ് ഡയറക്ടർ | : ഫാ. മാർട്ടിൻ കുര്യൻ എസ്.ജെ. |
| *പ്രസിഡണ്ട്* | : ബിന്ദു സായി മുരിക്കനാനിക്കൽ |
| *സെക്രട്ടറി* | : പുഷ്പ പാറത്താനത്ത് |

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയ മാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. 2024 ഒക്ടോബർ മാസത്തിലെ ക്യാമ്പ് 7-ാം തീയതി തിങ്കളാഴ്ച ചിറ്റാരിക്കാൽ (തോമാപുരം) മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത ക്യാമ്പ് **നവംബർ 09 ശനിയാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ ആലക്കോട്** വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതി നായി ആലക്കോട് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവു ന്നതാണ്.

**മെഡിക്കൽക്യാമ്പ്**

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റ ലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽക്യാമ്പിൽ പരിശോധിക്കുകയും, നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ സോഷ്യൽ വർക്കർമാർ

കൗൺസിംഗ് സൗകര്യം ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽക്യാമ്പ് പ്രവർത്തിച്ചുവരുന്നു. സെപ്റ്റംബർ മാസത്തെ ക്യാമ്പിൽ 30-ലേറെ ആളുകൾ പങ്കെടുത്തു.

## RADIO 4U 89.6 - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിൽ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനായ RADIO 4U 89.6 വ്യത്യസ്തങ്ങളായ മേഖലകളിലെ പരിപാടികൾ കോർത്തിണക്കിക്കൊണ്ട് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ഞാറ്റുവട്ടം, ക്ലബ്ബ് ടൈം, കാവലാൾ, മിന്നും താരം, എന്റെ പാട്ട്, ഡോക്യുമെന്ററി, സ്കൂൾ മുറ്റം, ഡോക്ടേഴ്സ് ടോക്ക്, ട്രാഫിക്, സ്വപ്നവീട്, നിയമവും നീതിയും, പാട്ടുപുസ്തകം, സപ്തഭാഷാ ഗാനങ്ങൾ, അകപ്പൊരുൾ, അനാമയം, ടാലന്റ് ഹണ്ട്, ചിന്താമൃതം, കാവ്യഗീതികൾ, പ്രാർത്ഥനാ മഞ്ജരി തുടങ്ങിയ പ്രതിവാര പരിപാടികൾ പ്രക്ഷേപണം ചെയ്തുവരുന്നു. റേഡിയോയിൽ പരസ്യങ്ങൾ നൽകുന്നതിനും, മികച്ച സൗണ്ട് റെക്കോർഡിംഗ് സ്റ്റുഡിയോ സംവിധാനമുപയോഗിച്ച് ഗാനങ്ങളും മറ്റു പ്രോഗ്രാമുകളും റെക്കോർഡ് ചെയ്യുന്നതിനും +91 9495482485 (ഫാ. ജോമിഷ് നൂറമ്മാക്കൽ), +91 7067625028 (ഫാ. ജിതിൻ കളത്തിൽ) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ഇനി എല്ലാ വീട്ടിലും സോളാർ

സൗരോർജ്ജ വൈദ്യുതിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന പുരപ്പുറ സോളാർ പദ്ധതിയിലൂടെ ആലക്കോട്, കോലുവള്ളി പള്ളികൾ ഉൾപ്പെടെ TSSS-ന്റെ നേതൃത്വത്തിൽ 100-ലേറെ സോളാർ പാനലുകൾ ഇതുവരെ സ്ഥാപിക്കുവാൻ സാധിച്ചു. GEPS കമ്പനിയുമായി സഹകരിച്ചുകൊണ്ട് ലോകോത്തര നിലവാരമുള്ള സോളാർ പാനലുകളാണ് ഉപയോഗിച്ചു വരുന്നത്. സിബിൽ സ്കോർ മിനിമം 700 ഉള്ള ഏതൊരു വ്യക്തിക്കും 7% പലിശ നിരക്കിൽ സമീപത്തെ എല്ലാ നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും വായ്പാ സൗകര്യവും ലഭിക്കുന്നു. നമ്മുടെ ഇടവകകളിലെ പള്ളി മുറികളിലും, വീടുകളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി 9496684784 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## JLG ലോൺ വിതരണം

കാർഷികമേഖലയുടെ ഉന്നമനത്തിനായി നൽകിവരുന്ന JLG ലോണുകളുടെ വിതരണം കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കുന്നു. കാസർഗോഡ് ജില്ലയിലെ ലോൺ വിതരണം ചെറുപുഴ കനറാ ബാങ്കിന്റെയും, കണ്ണൂർ ജില്ലയിലെ ലോൺ വിതരണം ഇരിക്കൂർ കനറാ ബാങ്കിന്റെയും സഹകരണത്തോടെയാണ് വിതരണം ചെയ്യുന്നത്.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

### ഗാന്ധി ജയന്തി ദിനാചരണം

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് വിളക്കന്നൂർ, വായാട്ടുപറമ്പ്, മണക്കടവ്, കരുവഞ്ചാൽ, കരുണാപുരം, പെരുമ്പടവ്, പാത്തൻപാറ, മണ്ഡപം, പാലാവയൽ, കുന്നുംകൈ, കാവുംതല, കമ്പല്ലൂർ, കണ്ണിവയൽ, ചട്ടമല, വരക്കാട്, കടുമേനി, ഏറ്റുപ്പാറ, ആലക്കോട്, മുളപ്ര, കോഴിച്ചാൽ, ചൂരപ്പടവ്, മണിക്കടവ്, തേർമല, അറബി, പൈസക്കരി, ചെമ്പേരി CU & MSS, ചുണ്ടപ്പറമ്പ, മണ്ടളം, ചേപ്പറമ്പ, പൊട്ടൻപ്ലാവ്, ദീപഗിരി, പച്ചാണി, രയറോം, രാജമുടി, തിരുമേനി, പുളിങ്ങോം, അരവഞ്ചാൽ, ആനപ്പന്തി, എടൂർ, കീഴ്പ്പള്ളി, മാട്ടറ, വിളമന, കല്ലുവയൽ, നെല്ലിക്കാം പൊയിൽ, ആനറ, ലിസിഗിരി, മണിപ്പാറ, ചന്ദനക്കാംപാറ, വെമ്പുവ, ചെമ്പന്തൊട്ടി CU & MSS, ചെമ്പേരി, നടുവിൽ, പുലിക്കുരുമ്പ, കൊന്നക്കാട്, മാലോം, പുഞ്ച, ചുള്ളി, ആനമഞ്ഞൾ, നാട്ടക്കൽ, ഭീമനടി, കനകപ്പള്ളി, പുന്നക്കുന്ന്, പരപ്പ, വെള്ളരിക്കുണ്ട്, പാണത്തൂർ, പനത്തടി, മാനടുക്കം, പടുപ്പ്, കനീലടുക്കം, എണ്ണപ്പാറ, കാലിച്ചാനടുക്കം, കാഞ്ഞിരടുക്കം, ബദിയടുക്ക, പുല്ലടി, കള്ളാർ, കരുവേടകം, പടിമരുത്, മുണ്ടാനൂർ, അരീക്കമല, നെല്ലിക്കുറ്റി, പൂളക്കുറ്റി, കോളയാട്, കാഞ്ഞിരക്കൊല്ലി എന്നീ യൂണിറ്റുകൾ ഓഫീസ്, വീട്, റോഡ്, പരിസര പ്രദേശങ്ങൾ, അംഗൻവാടി പരിസരം, സ്കൂൾ പരിസരം, പള്ളി പരിസരം എന്നിവിടങ്ങൾ ശുചീകരിക്കുകയും, പച്ചക്കറിതൈകൾ, വിത്തുകൾ, ബോധവൽക്കരണ ക്ലാസുകൾ, ക്വിസ് മത്സരം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തികൊണ്ട് പങ്കാളികളായി.

### ലോക മാനസികാരോഗ്യ ദിനാചരണം

കരുവഞ്ചാൽ, മണക്കടവ്, ആലക്കോട്, കാർത്തികപുരം, മണ്ഡപം, പുളിങ്ങോം, അരവഞ്ചാൽ, അങ്ങാടിക്കടവ്, മാട്ടറ, അറബി, പൈസക്കരി, ചന്ദനക്കാംപാറ, ലിസിഗിരി, ചെമ്പന്തൊട്ടി CU & MSS, ചേപ്പറമ്പ, പൊട്ടൻപ്ലാവ്, പുലിക്കുരുമ്പ, വെള്ളരിക്കുണ്ട്, അട്ടക്കണ്ടം, അട്ടേങ്ങാനം, ബളാൽ, ഭീമനടി, ബിരിക്കുളം, പുന്നക്കുന്ന്, പരപ്പ, കാലിച്ചാമരം, കനകപ്പള്ളി, മാലോം, കാഞ്ഞിരടുക്കം, പടുപ്പ്, പാണത്തൂർ, മുണ്ടാനൂർ, അരീക്കമല, നടുവിൽ, തിരുമേനി, കാഞ്ഞിരക്കൊല്ലി, കല്ലുവയൽ എന്നീ യൂണിറ്റുകളിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കും സഹോദരങ്ങൾക്കും ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണം, സാമ്പത്തിക സഹായ വിതരണം, രോഗീസന്ദർശനം, ബോധവൽക്കരണക്ലാസ്, സെമിനാർ, ഭക്ഷണവിതരണം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ആലക്കോട് യൂണിറ്റ് ആശാഭവനിലെ കുട്ടികളെ സന്ദർശിക്കുകയും, അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ സമ്മാനങ്ങൾ നൽകുകയും ചെയ്തു.

## ലോക വിദ്യാർത്ഥി ദിനാചരണം

കരുവൻചാൽ, മണക്കടവ്, വിളക്കന്നൂർ, ആലക്കോട്, കാർത്തികപുരം, മണ്ഡപം, കോഴിച്ചാൽ, പുളിങ്ങോം, മുളപ്ര, കോഴിച്ചാൽ, അരവഞ്ചാൽ, അറബി, പൈസക്കരി, ചന്ദനക്കാംപാറ, ചുണ്ടപ്പറമ്പ, ലിസിഗിരി, ചെമ്പന്തൊട്ടി, മണ്ടളം, ചേപ്പറമ്പ, കുടിന്മല, ചെമ്പന്തൊട്ടി, കാഞ്ഞിരടുക്കം, പാണത്തൂർ, മുണ്ടാനൂർ, നടുവിൽ, പൂളക്കുറ്റി, കോളയാട്, കാലിച്ചാനടുക്കം, തിരുമേനി, പുളിങ്ങോം, കാഞ്ഞിരക്കൊല്ലി, കണിച്ചാർ, മാലോം എന്നീ യൂണിറ്റുകൾ ലോക വിദ്യാർത്ഥിദിനത്തോടനുബന്ധിച്ച് വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളായി. വ്യക്തിത്വ വികസനക്ലാസ്, നൈപുണ്യ വികസനക്വിസ്, പഠനോപകരണ വിതരണം, വിവിധ പരിശീലനങ്ങൾ, മത്സരങ്ങൾ, മൊമെന്റോ നൽകി ആദരിക്കൽ, ക്യാഷ് അവാർഡ്, വിദ്യാർത്ഥികൾക്ക് മധുരവിതരണം, സ്കോളർഷിപ്പ്, ലൈബ്രറി ബുക്ക് വിതരണം, പ്രസംഗമത്സരം, ഭക്ഷണ വിതരണം തുടങ്ങി വ്യത്യസ്തങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയും, പങ്കാളികളാവുകയും ചെയ്തു. അങ്ങാടിക്കടവ് ക്രെഡിറ്റ് യൂണിയന്റെ ആഭിമുഖ്യത്തിൽ സർവ്വംസഹ എന്ന പേരിൽ അഞ്ച് സെന്ററുകളിലായി മോക്ഡ്രില്ലിലൂടെ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

## ലോക വയോജന ദിനാചരണം

വയോജനദിനത്തോടനുബന്ധിച്ച് ചെമ്പന്തൊട്ടി, ചെമ്പേരി, പൊട്ടൻപ്ലാവ്, പുലിക്കുരുമ്പ, കുടിയാന്മല, അരീക്കമല, കോളയാട് യൂണിറ്റുകൾ വയോജനങ്ങളെ ആദരിക്കൽ, സാമ്പത്തിക സഹായ വിതരണം, ഭക്ഷ്യധാന്യകിറ്റ് വിതരണം, രോഗീസന്ദർശനം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങളിൽ പങ്കാളികളായി. കരുവഞ്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ നടുവിൽ ആയുഷ് ഹോമിയോ ക്ലിനിക്കുമായി സഹകരിച്ച് വയോജന മെഡിക്കൽ ക്യാമ്പും യോഗപരിശീലനവും സംഘടിപ്പിച്ചു.

## ബോധവൽക്കരണക്ലാസ്

കണ്ണിവയൽ, ചട്ടമല, നെല്ലിക്കാംപൊയിൽ, മണ്ടളം, കനീലടുക്കം, രയറോം തുടങ്ങിയ യൂണിറ്റുകളിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും, ചൂരപ്പടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ കാർഷിക സെമിനാറും കൂൺ കൃഷി പരിശീലനവും സംഘടിപ്പിക്കുകയും ചെയ്തു.

## രോഗീസന്ദർശനം & ചികിത്സാസഹായം

- പാലാവയൽ, വരക്കാട്, പുളിങ്ങോം, ശാന്തിനഗർ, അറബി, കനകപ്പള്ളി, പുഞ്ച, പാണത്തൂർ, ചെട്ട്യാപറമ്പ്, കണിച്ചാർ എന്നീ യൂണിറ്റുകളിൽ രോഗീസന്ദർശനങ്ങൾ നടത്തുകയും, ചികിത്സാ സഹായങ്ങൾ നൽകുകയും ചെയ്തു.

- പൈസക്കരി, മുളപ്ര, അരവഞ്ചാൽ, ചന്ദനക്കാംപാറ, വെമ്പുവ, ചുണ്ടപ്പറമ്പ, ചെമ്പന്തൊട്ടി, മണ്ടളം, ചെമ്പേരി, പൈസക്കരി, പുഞ്ച, പൂളക്കുറ്റി, നെടുംപുറംചാൽ, കോളയാട്, തിരുമേനി, പുളിങ്ങോം, കാഞ്ഞിരക്കൊല്ലി, കണിച്ചാർ, രാജമുടി, ഏറ്റുപാറ തുടങ്ങിയ യൂണിറ്റുകൾ അൽഷിമേഴ്സ് ദിനത്തോടനുബന്ധിച്ച് രോഗീസന്ദർശനം നടത്തുകയും, ചികിത്സാ സഹായങ്ങളും ആവശ്യസാധനങ്ങളും നൽകുകയും ചെയ്തു.

### മെഡിക്കൽക്യാമ്പ്

- കരിക്കോട്ടക്കരി യൂണിറ്റിന്റെ നേതൃത്വത്തിൽ കണ്ണൂർ ജില്ലാ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ സൗജന്യ നേത്രപരിശോധനാക്യാമ്പ് സംഘടിപ്പിച്ചു.
- കനീലടുക്കം യൂണിറ്റ് ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ആയുർവേദ മെഡിക്കൽക്യാമ്പ് സംഘടിപ്പിക്കുകയും സൗജന്യ മരുന്ന് വിതരണം നടത്തുകയും ചെയ്തു.
- കാലിച്ചാനടുക്കം യൂണിറ്റ് KCYM-ഉം മാതൃവേദിയുമായി സഹകരിച്ച് ഇ.എൻ.ടി. മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു.
- കരുണാപുരം യൂണിറ്റും, AKCC-യും സംയുക്തമായി സൗജന്യ നേത്രരോഗ പരിശോധനയും തിമിര രോഗനിർണ്ണയക്യാമ്പും സംഘടിപ്പിച്ചു.

### വിദ്യാഭ്യാസ സഹായം

- വരക്കാട് യൂണിറ്റ് വിദ്യാഭ്യാസ സഹായമായി 10000/- നൽകി
- മണിപ്പാറ ട്രസ്റ്റ് 1000/- രൂപ പഠനസഹായമായി നൽകി.

### കൃഷി പ്രോത്സാഹനം

- നെല്ലിക്കുറ്റി യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് അംഗങ്ങൾക്ക് പച്ചക്കറിതൈകൾ വിതരണം ചെയ്തു.
- രയറോം യൂണിറ്റ് കൂൺ കൃഷി ആരംഭിക്കുന്നതിനായി റൂമുകൾ ക്രമീകരിക്കുകയും കൂൺകൃഷിക്ക് തുടക്കം കുറിക്കുകയും ചെയ്തു. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടിവ് കൂടി സഹായ നിധി ആരംഭിക്കുവാൻ തീരുമാനിച്ചു.
- കരുണാപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്തു.

### അഗതിമന്ദിരം സന്ദർശനം

- പാലാവയൽ യൂണിറ്റ് പുന്നക്കുന്ന് അഗതി മന്ദിരം സന്ദർശിച്ച് ഭക്ഷണവും, ആവശ്യമായ വസ്ത്രങ്ങളും നൽകി.
- കുന്നോത്ത് യൂണിറ്റിന്റെ നേതൃത്വത്തിൽ മേഴ്സി ഹോം അനാഥാലയം സന്ദർശിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു.

- പൊട്ടൻപ്ലാവ് യൂണിറ്റിന്റെ നേതൃത്വത്തിൽ കരുണാലയത്തിലെ അന്തേവാസികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകി.

## വാർഷിക പൊതുയോഗം

കരുണാപുരം, മാലോം, മാനടുക്കം, ബദിയടുക്ക, കാഞ്ഞിരക്കൊല്ലി യൂണിറ്റുകളുടെ വാർഷിക പൊതുയോഗം സംഘടിപ്പിച്ചു.

## മറ്റു പ്രവർത്തനങ്ങൾ

- അരികെ പദ്ധതിയുടെ ഭാഗമായി താൽക്കാലിക ആവശ്യക്കാർക്കുവേണ്ടി മുളപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ പാലിയേറ്റീവ് ഉപകരണങ്ങൾ സജ്ജമാക്കി.
- പാലാവയൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു നിർധന കുടുംബത്തിന് ചെറുകിട സംരംഭം ആരംഭിക്കുന്നതിനായി സാമ്പത്തിക സഹായം നൽകി.
- തോമാപുരം ഗ്രാമിക യൂണിറ്റിന്റെ നേതൃത്വത്തിൽ പഠനയാത്ര സംഘടിപ്പിച്ചു.
- പുളിങ്ങോം യൂണിറ്റിലും, തിരുമേനി യൂണിറ്റിലും കമ്മിറ്റി ഫണ്ട് ശേഖരണാർത്ഥം വാടകയ്ക്ക് കൊടുക്കുന്നതിനായി കസേരകളും മേശകളും വാങ്ങിച്ചു.
- വെളിമാനം MSS-ന്റെ നേതൃത്വത്തിൽ പുതിയ ആയുർവേദ കുളിസോപ്പ് നിർമ്മാണവും വിപണനവും ആരംഭിച്ചു.
- കീഴ്പ്പള്ളി, അങ്ങാടിക്കടവ് യൂണിറ്റുകളിൽ മാതാ പ്രൊഡക്ട്സ് (സ്വാഭിമാൻ) ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീമതി ലിസ്സി ജിജി, ശ്രീമതി ആശ ഷിബു എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.
- തേർമല ഗ്രാമിക യൂണിറ്റ് റബ്ബർ ബോർഡിന്റെ സഹകരണത്തോടെ 15 സംഘാംഗങ്ങൾക്ക് ടാപ്പിംഗ് പരിശീലനം നടത്തി.
- ചെറുപാറ യൂണിറ്റിന്റെ നേതൃത്വത്തിൽ പള്ളിയോടുചേർന്ന് ഉൽപന്നങ്ങളുടെ TSSS സ്റ്റാൾ ആരംഭിച്ചു.
- മണിപ്പാറ യൂണിറ്റ് ഒക്ടോബർ 13-ന് ഭരണസമിതി യോഗം ചേരുകയും, പുതിയതായി രണ്ട് അംഗങ്ങളെ ചേർക്കുകയും ചെയ്തു.
- വെമ്പുവ യൂണിറ്റ് ഉന്നത വിജയം നേടിയ നിർധനകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ബുക്ക് വിതരണം നടത്തി.
- പുഞ്ച യൂണിറ്റിന്റെ നേതൃത്വത്തിൽ പുന്നക്കുന്ന് അഗതിമന്ദിരത്തിൽ 27 പൊതിച്ചോറും, പുന്നക്കുന്ന് യൂണിറ്റിന്റെ നേതൃത്വത്തിൽ 25 പൊതിച്ചോറും വിതരണം ചെയ്തു.

- ഭീമനടി യൂണിറ്റ് ഭവനനിർമ്മാണ സഹായമായി 5000/- രൂപയും, മാലോം ഗ്രാമിക യൂണിറ്റ് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കായി 5000/- രൂപയും സംഭാവന നൽകി.
- പാണത്തൂർ യൂണിറ്റ് പാലിയേറ്റീവ് കെയറുമായി സഹകരിച്ച് എല്ലാ മാസങ്ങളിലും സംഘടിപ്പിച്ചുവരുന്ന രോഗീപരിചരണത്തിന് ഒക്ടോബർ മാസത്തിൽ അഞ്ച് അംഗങ്ങൾ പങ്കെടുത്തു. കൂടാതെ യൂണിറ്റിന്റെ നേതൃത്വത്തിൽ കൃഷിഭവനിൽ നിന്നും പച്ചക്കറി തൈകൾ വാങ്ങി വിതരണം നടത്തുകയും ചെയ്തു.
- കനീലടുക്കം യൂണിറ്റ് രോഗങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിടുന്ന ഒരു കുടുംബത്തിന്റെ ഭവനം ശുചീകരിക്കുകയും, ആവശ്യമായ സഹകരണം നൽകുകയും ചെയ്തു.
- അധ്യാപകദിനത്തിൽ കാലിച്ചാനടുക്കം യൂണിറ്റിന്റെ നേതൃത്വത്തിൽ അധ്യാപകരായ ഡയറക്ടറച്ചനെയും, ആനിമേറ്റർ സിസ്റ്ററിനെയും ആദരിച്ചു.
- കാലിച്ചാനടുക്കം യൂണിറ്റ് ന്യൂ മലബാർ പുനരധിവാസ കേന്ദ്ര ചാരിറ്റബിൾ ട്രസ്റ്റിന്റെ അമൃതം പദ്ധതിയുടെ ഉദ്ഘാടനത്തിൽ പങ്കെടുക്കുകയും, ട്രസ്റ്റിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലേക്ക് 2000/- രൂപ സംഭാവന നൽകുകയും ചെയ്തു.
- കുടിയാന്മല MSS & CU മാതൃവേദിയുമായി സഹകരിച്ച് മാതാ പ്രൊഡക്ട്സ് (സ്വാഭിമാൻ) പരിശീലനക്ലാസ് സംഘടിപ്പിച്ചു. ബഹു. സേവ്യർ പുത്തൻപുര അച്ചന്റെ സ്മരണക്കായി 3 വിദ്യാർത്ഥികൾക്കായി 30000/- രൂപ വിദ്യാഭ്യാസ സ്കോളർഷിപ് നൽകി. കുടിയാന്മല ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ബഹു. ഷിൻസ് അച്ചന്റെ അനുസ്മരണ പ്രസംഗമത്സരം സംഘടിപ്പിച്ചു.
- അധ്യാപകദിനത്തിൽ നെടുംപുറംചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ അധ്യാപകരെ ആദരിക്കുകയും, ലോകഹൃദയദിനത്തോടനുബന്ധിച്ച് ബോധവൽക്കരണക്ലാസ്സ് നടത്തുകയും, ഓണാഘോഷ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.
- ആലക്കോട്, മേരിഗിരി യൂണിറ്റുകൾ സംയുക്തമായി ആലക്കോട് വച്ച് മദ്യവർജ്ജന നിരോധന ലഹരിവിരുദ്ധദിനം ആചരിച്ചു
- ഏറ്റുപ്പാറ യൂണിറ്റ് ഒക്ടോബർ 8-ന് ക്രെഡിറ്റ് യൂണിയൻ ദിനമായി ആചരിക്കുകയും, പതാക ഉയർത്തുകയും, ക്വിസ് മത്സരം നടത്തുകയും ചെയ്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

**1. സന്തോഷവാർത്ത**

തലശ്ശേരി അതിരൂപതയിലെ 19 ഫൊറോനകളുടെയും എയ്ഞ്ചൽ ഡയാലിസിസിന്റെ കണക്കുകൾ കൃത്യതയോടെ ക്രമീകരിക്കുവാൻ എല്ലാ ഫൊറോനാകളിലും Accounting Software (Comptes) Install ചെയ്ത കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ. 2024 ഏപ്രിൽ 1 മുതലുള്ള വരവുചിലവുകളും ഈ സോഫ്റ്റ്‌വെയറിൽ ചെയ്യേണ്ട താണ്. 2025 ജനുവരി ആദ്യം എല്ലാ ഫൊറോനാകളുടെയും കണക്കു കളും എല്ലാ രേഖകളും പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്.

**2. കുടിശിക തീർക്കുക**

കരുവഞ്ചാൽ, ഇരിട്ടി സെന്ററുകളിൽ കൃത്യസമയത്ത് പണം നല്കാത്തതിന്റെ പേരിൽ വന്ന കുടിശ്ശികകൾ നിർദിഷ്ട ഫൊറോന കൾ ഡിസംബറിനുള്ളിൽ തീർത്തു നല്കുവാൻ സഹകരിക്കുമല്ലോ. ഫൊറോനാ മാസധ്യാനസമയത്ത് എല്ലാ ഫൊറോനകളിലും ഓരോ ഇടവകയ്ക്കും നിശ്ചയിക്കപ്പെട്ടിരിക്കുന്ന പണം സ്വരൂപിച്ച് ഫൊറോ നാതല അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതി കൃത്യതയോടെ തുടരണം. എല്ലാ വരവുചിലവുകൾക്കും രേഖ ഉണ്ടായിരിക്കുകയും തുകകൾ ബാങ്കുവഴി മാത്രം കൈകാര്യം ചെയ്യുകയും വേണം. വലിയ തുകകൾ സംഭാവനയായി സ്വീകരിക്കുമ്പോൾ തരുന്ന വ്യക്തികളുടെ ആധാർ കാർഡ്, പാൻ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തണം.

**3. നന്ദി ... സ്വാഗതം**

കഴിഞ്ഞ 6 മാസക്കാലം തീക്ഷ്ണതയോടും സ്നേഹത്തോടും കൂടെ ഓഫീസിൽ റീജൻസി ചെയ്ത ബ്രദർ ജോസഫ് കലവനാലിന് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. പുതുതായി റീജൻസിക്കായി എത്തിയിരിക്കുന്ന ബ്രദർ ഡോണൽ കൊടുവേലിപ്പറമ്പിലിന് ഹൃദ്യ മായ സ്വാഗതം...

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

### ആനുവൽ ജനറൽ ബോഡി

സെപ്റ്റംബർ 2 ന് സന്ദേശഭവനിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ 5-ാമത് ആനുവൽ ജനറൽ ബോഡി മീറ്റിംഗ് നടത്തി. കമ്പനിയുടെ 2023-24 സാമ്പത്തിക വർഷത്തിലെ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അവതരിപ്പി ക്കുകയും ഷെയർ സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു.

### ആശംസകൾ

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി സ്ഥാനം ഏറ്റെടുത്ത ബഹു. ഫാ. അരുൺ മുണ്ടപ്ലാക്കലിന് സ്വാഗതവും ഒപ്പം ആശംസകളും നേരുന്നു.

### വെഞ്ചിരിപ്പ് കർമ്മം

ബയോ മൗണ്ടൻ കമ്പനിയുടെ പുതിയ ഓഫീസിന്റെയും സെയിൽസ് കൗണ്ടറിന്റെയും വെഞ്ചിരിപ്പുകർമ്മവും ഉദ്ഘാടനവും സെപ്റ്റംബർ 28-ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു.

### പുതിയ യൂണിറ്റുകൾ

മുളപ്ര, ആയന്നൂർ, ഇരിട്ടി, ചെമ്പേരി, ചായോത്ത്, കോലുവള്ളി എന്നീ ഇടവകകളിൽ ബയോ മൗണ്ടൻ കമ്പനിയുടെ യൂണിറ്റിന് രൂപം കൊടുത്തു.

### ഇടവകകളിലെ ഷെയർ

ഇരിട്ടി, ചായോത്ത്, കോലുവള്ളി എന്നീ ഇടവകകളിൽ ബയോ മൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. ഷെയർ എടുത്ത എല്ലാ ബഹു. വികാരി അച്ചൻമാർക്കും അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പ ത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോ മൗണ്ടൻ കമ്പനി യുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻ മാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹ

കരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കു മ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺ നമ്പറും സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. കാരണം എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ.

**നമ്മുടെ സംരംഭങ്ങൾ**

നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

**കമ്പനി ഓഫീസ്**

കമ്പനി ഓഫീസ് കുന്നോത്ത് പ്രവർത്തനം ആരംഭിച്ചു. ഫുൾടൈം പ്രവർത്തിക്കുന്ന ഓഫീസും സ്റ്റാഫും വാഹനങ്ങളും കുന്നോത്ത് ഉണ്ട്. നമ്മൾ ആരംഭിച്ച പതിനൊന്നോളം വരുന്ന മസാല പൗഡറുകളുടെ ഉൽപാദനവും വിൽപ്പനയുമെല്ലാം നടന്നു വരുന്നു. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും.

**ഫോൺ: 9656054322**

**Mail.id: tsssbiomountain@gmail.com**

നവംബർ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ട് വരുവാനും ബഹുമാനപ്പെട്ട വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെതന്നെ മാതൃകയാക്കി മാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

**ഫാ. അരുൺ മുണ്ടപ്ലാക്കൽ**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2024 നവംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

<u>നവംബർ</u> 03-07 : ആന്തരീക സൗഖ്യ ധ്യാനം
09 : വചനാഗ്നി (Live 9 am -2.30 pm) ഏകദിന കൺവെൻഷൻ
10-13 : കന്നഡ ധ്യാനം
17-21 : ആന്തരീക സൗഖ്യ ധ്യാനം
22 (10 am) - : RHEMA - 5
27 (5 pm) വിശ്വാസപരിശീലകരുടെ ധ്യാനം (തലശ്ശേരി അതിരൂപത)

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

<u>നവം.</u> 02,16,23,30 : ഏകദിന ധ്യാനം
02-06 : ആന്തരീക സൗഖ്യ ധ്യാനം
15 : പ്രേഷിത കൂട്ടായ്മ
16-20 : പരിശുദ്ധാത്മാഭിഷേക ധ്യാനം
29 : ജാഗരണ പ്രാർത്ഥന

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

<u>നവംബർ</u> 07 : ഏകദിന ധ്യാനം (9 am - 2 pm)
08-11 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
19-22 : ദിവ്യകാരുണ്യാനുഭവ ധ്യാനം
21 : മദ്ധ്യസ്ഥ പ്രാർത്ഥന (2 pm - 4 pm)
27-29 : മരിയൻ ധ്യാനം

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

<u>നവംബർ</u> 02 : ഏകദിന ശുശ്രൂഷ (അഖണ്ഡ ജപമാല, Spiritual Sharing , 10 am - 3 pm)
08 : ജാഗരണ പ്രാർത്ഥന
08-12 : ആന്തരീക സൗഖ്യ ധ്യാനം
23 : സീയോൺ വിങ്സ്
26-28 : കുടുംബ നവീകരണ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### സെപ്റ്റംബർ 2024

21 ചെമ്പന്തൊട്ടിയിൽവച്ച് നയനാർമല ക്വാറി വിരുദ്ധ സമിതി സംഘടിപ്പിച്ച ഉപവാസസമരം ഉദ്ഘാടനം ചെയ്തു. ചെമ്പേരിയിൽവച്ച് നടത്തിയ അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെ ജൂബിലി സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനൊരുക്കമായി മുത്താറിക്കുളം, പയ്യാവൂർ, കനകക്കുന്ന് ഇടവകകൾ സന്ദർശിച്ചു. തുടർന്ന് ചന്ദനക്കാംപാറയിൽവച്ച് കെ.സി. വൈ.എം പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. രാത്രി ഒൻപതുമണിയോടെ ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

22 തടിക്കടവ് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

23 നിർമ്മലഗിരിയിൽ പുതുതായി നിർമ്മിച്ച എഫ്.സി.സി കോൺവെന്റ് വെഞ്ചരിച്ചു. വൈകുന്നേരം സന്ദേശഭവനിൽവച്ച് നടത്തിയ കുന്നോത്ത് മേജർ സെമിനാരിയിലെ ഡീക്കന്മാരുടെ കൂട്ടായ്മാ മീറ്റിംഗ് അധ്യക്ഷത വഹിച്ചു.

24 പരിയാരത്ത് വാർഷിക ധ്യാനത്തിലായിരിക്കുന്ന വൈദികരുമായി സംവദിച്ചു.

25 തലശ്ശേരി വികസന സമിതിയുടെ നേതൃത്വത്തിൽ റെയിൽവെ സ്റ്റേഷൻ വികസനവുമായി ബന്ധപ്പെട്ട് തലശ്ശേരി റെയിൽവെ സ്റ്റേഷനിൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്തു. തുടർന്ന് തളിപ്പറമ്പ് ടി.ടി.സി ട്രെയിനിംഗ് കോളേജ് സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

26 പരിയാരത്ത് വാർഷിക ധ്യാനത്തിലായിരിക്കുന്ന വൈദികരുമായി സംവദിച്ചു.

27 വാർഷികധ്യാന സമാപന സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം കണ്ണൂർ വിഷന്റെ ഓഫീസ് സന്ദർശിച്ചു. തുടർന്ന് തലശ്ശേരി സന്ദേശഭവനിൽവച്ച് ചേർന്ന ഇൻഫാം സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന സീറോ മലബാർ ബിഷപ്സ് മീറ്റിംഗിൽ പങ്കെടുത്തു.

28 രാവിലെ കുന്നോത്ത് മേജർ സെമിനാരിയിലെ ഡീക്കന്മാർക്കുവേണ്ടി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം ബയോമൗണ്ടൻ ഓഫീസ് വെഞ്ചരിച്ചു.

29 അരീക്കമല ഇടവകയിൽ ഇടയസന്ദർശനം നടത്തി.

30 രാവിലെ കുന്നോത്ത് മേജർ സെമിനാരിയിലെ ഡീക്കന്മാർക്കുവേണ്ടി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. രാത്രിയോടെ റോമിലേക്ക് യാത്ര തിരിച്ചു.

**ഒക്ടോബർ 2024**

01-20 റോമിൽവച്ച് ചേർന്ന ബിഷപ്സ് സിനഡിൽ പങ്കെടുത്തു.

## NOVEMBER 2024 ENGAGEMENTS

### ARCHBISHOP JOSEPH PAMPLANY

| | | |
|---|---|---|
| 01 | 10:30 am - | Kunnoth: Blessing Nazareth Nature Cure Centre |
| 02 | 10:00 am - | Naduvil: FCC Convent Blessing |
| | 02:00 pm - | Cherupuzha: Catechism Regional Meeting |
| 03 | 10-01 pm - | Thalassery: Visitors Day |
| 04 | 12:00 pm - | Minor Seminary: Parents Day |
| | 07:00 pm - | Shalom Shooting |
| 05 | 09:00 am - | Karunapuram: Ordination |
| | 07:00 pm - | Shalom Shooting |
| 06 | 11:00 am - | Vayattuparamba: Jubilee |
| | 02:00 pm - | Chemperi |
| 07 | 07:00 am - | Kunnoth: NS Generalate Election |
| | 04:00 pm - | Kunnoth: GSMS Commission |
| 08 | - | Kunnoth: GSMS Commission |
| 09 | 10:00 am - | Thalassery: Alpha Convocation |
| | 03:30 pm - | Edoor |
| 10 | 03:00 pm - | Kannur: Installation Ceremony - Bishop Dennis Kuruppassery |

| | | | |
|---|---|---|---|
| 11 | 10:00 am | - | Nellikkutty: Vestition - MSMI |
| | 02:30 pm | - | Velimanam: CMC Convent Blessing |
| 12-13 | | - | Ernakulam |
| 14 | 10:00 am | - | Karunapuram: Jubilee |
| | 07:00 pm | - | Mother Home: Night Vigil |
| 15 | 10:00 am | - | Finance Council |
| 16 | 10:00 am | - | Alakode: Vianey Nidhi - Benefactors Meet |
| | 03:00 pm | - | Kunnoth: Catechism Regional Meeting |
| 17 | 07:00 am | - | Mudeyaranji: Pastoral Visit |
| | 03:00 pm | - | Perinkary: Church Blessing |
| 18 | 09-12 pm | - | Thalassery: Visitors Day |
| | 03:00 pm | - | Regency Directors Meeting |
| | 06:00 pm | - | Jubilarians Meet |
| 19 | 10:00 am | - | Presbyteral Council |
| 20 | 10:00 am | - | Consultors Meeting |
| 21 | 10:00 am | - | Inter Curia Meeting |
| 22 | 06:30 am | - | Melechovva: FCC Provincial Election |
| | 10:30 am | - | Thalassery: Charismatic Leaders Meet |
| 23 | 10:00 am | - | Thalipparamba: Jeevothsavam |
| | 03:00 pm | - | Athirumav |
| | 06:00 pm | - | Mavullal |
| 24 | 02:00 pm | - | Changanacherry: Installation Ceremony - Msgr. George Jacob Koovakad |
| 25 | 11:00 am | - | Pooparamba: Jubilee - Fusco Sisters |
| 26 | 09-12 pm | - | Thalassery: Visitors Day |
| 27 | | - | NKCBC |
| 28 | 06:30 am | - | Minor Seminary |
| | 02:00 pm | - | Edathotty: SH Convent Blessing |
| 29 | | - | Manikkadavu: Forane Retreat |
| 30 | 10:00 am | - | Presbyterium |

**Secretary to the Archbishop**

# NOVEMBER 2024 ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 10:30 am | - | Blessing, Naturopathy, Kunnoth |
| 02 | 10:30 am | - | Marriage, Kottor |
| | 04:30pm | - | Jubilee, Seethamount |
| 04 | 09:00am | - | Ordination of Dn. Alex Muthuplackal, Kozhichal |
| 05 | 10:30am | - | Holy Mass, Kurumani |
| 06 | 6:30am | - | Holy Mass, Prakruthi, Kunnoth |
| | 11:00am | - | Silver Jubilee of Fr. George Thykunnumpuram |
| 09 | 11.30am | - | Baptism, Thomapuram |
| 10 | 03:00pm | - | Episcopal Ordination, Burnacherry |
| 13 | 10:30am | - | Baptism, Chemperi |
| 14 | 11:00am | - | Golden Jubilee, Karunapuram |
| 16 | 10:30am | - | Jubilee (SMS), Pariyaram |
| 17 | 04.00pm | - | Festal Mass, Nedumunda |
| 18 | 11.30am | - | Betrothel, Thodupuzha |
| 21 | 04.00pm | - | Hospital Day, Thokkilangady |
| 23 | 10: 30am | - | Holy Mass, Ramamurthynagar, Banglore. |
| 25 | 11:30am | - | Betrothal, Manjalampuram |
| | 05:30pm | - | Anniversary: Fusco School, Pooparamba |
| 26 | 06:45am | - | Mother's Anniversary, Nadavayal |
| 27 | 10:30am | - | SVDP Jubilee, Chemperi |
| 28 | 10:30am | - | Marriage, Manimooly |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### സെപ്റ്റംബർ 2024

21 ചെമ്പേരി ബസലിക്ക പള്ളിയിൽ വച്ച് അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലിയോട് അനുബന്ധിച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ ആശംസകൾ നേർന്ന് സംസാരിച്ചു.

27 പേരാവൂരിൽ തിരുഹൃദയ സന്യാസി സഭയിൽ നിര്യാതയായ സി. മേരി ജേക്കബ് നാടീക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു.

28 കുന്നോത്ത് ബയോ മൗണ്ട് സെയിൽസ് ഓഫീസ് ഉദ്ഘാടന ചടങ്ങിൽ അഭിവന്ദ്യ പാംപ്ലാനി പിതാവിനോടൊപ്പം പങ്കുചേർന്നു.

29 കണ്ണൂർ പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സിസ്റ്റർ ആലീസ് ഞരളക്കാട്ട് FCC യെ സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 താമരശ്ശേരി രൂപതാംഗമായ ഫാ. ജോസഫ് കാപ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷ കോടോപ്പള്ളി സെന്റ് മേരീസ് പള്ളിയിൽ വച്ച് അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനോടൊപ്പം പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ ഹോസ്പിറ്റലും പ്രീസ്റ്റ് ഹോമും സന്ദർശിച്ചു.

### ഒക്ടോബർ 2024

02 തോമാപുരത്ത് വച്ച് നടന്ന ചെറുപുഷ്പം മിഷൻലീഗിന്റെ അതിരൂപതാ വാർഷികത്തിൽ ആശംസ പ്രസംഗം നടത്തുകയും തുടർന്നുള്ള റാലിയിൽ പങ്കുചേരുകയും ചെയ്തു.

05 പാലാ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിനെയും പള്ളിക്കാപറമ്പിൽ പിതാവിനെയും സന്ദർശിച്ചു. തുടർന്ന് ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു.

MST ജനറലേറ്റിൽ എത്തി ദിവംഗതനായ ബഹു. തുരുത്തേൽ അച്ചന്റെ കബറിടം സന്ദർശിച്ചു. തുടർന്ന് ചങ്ങനാശ്ശേരി അതിരൂപതയിൽ പള്ളിക്കുന്ന് ഇടവകയിൽ ഫാ. സ്കറിയ കുന്നക്കാട്ടുകുന്നേൽ അച്ചനെ സന്ദർശിച്ചു. 3 മണിക്ക് അതിരമ്പുഴ ഫൊറോന പള്ളിയിൽ എത്തി അഭിവന്ദ്യ പെരുന്തോട്ടം പിതാവിന്റെയും തറയിൽ പിതാവിന്റെയും പാടിയത്ത് പിതാവിന്റെയും സാന്നിധ്യത്തിൽ ഫാ. ഗ്രിഗറി ഓണംകുളം അച്ചന്റെ മൃതസംസ്കാര ശുശ്രൂഷക്ക് കാർമികത്വം വഹിച്ചു.

06 മാങ്ങാനം സ്പിരിചൽ സെന്ററിൽ വച്ച് മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചനെ സന്ദർശിച്ചു. തുടർന്ന് അവിടെയുള്ള SH ജനറലേറ്റ് സന്ദർശിച്ചു. ചെത്തിപ്പുഴ CMI ആശ്രമത്തിൽ എത്തി ദിവംഗതനായ ഫാ. പ്ലാസിഡ് പൊടിമറ്റത്തിന്റെ കബറിടം സന്ദർശിച്ചു. ഉച്ചയ്ക്ക് ചങ്ങനാശ്ശേരി ബിഷപ്പ്സ് ഹൗസ് സന്ദർശിച്ചു. 3 മണിക്ക് അഭിവന്ദ്യ പെരുന്തോട്ടം

പിതാവിനോടൊപ്പം വേലൂർ പള്ളിയിൽ എത്തി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മുൻ ജനറൽ മാനേജർ പി. എം. ജോബ് സാറിന്റെ ഭാര്യ മേരി ടീച്ചറിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ഭവനത്തിലും തുടർന്ന് പാലാ രൂപതയിലെ മണ്ണയ്ക്കനാട് ഇടവകയിൽ എത്തി മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം തെള്ളകത്ത് അമ്മവീട്ടിൽ കുട്ടികളെ സന്ദർശിച്ചു.

07 വെട്ടിമൂളിലുള്ള വെമ്പേനിക്കുന്നേൽ കുര്യൻ സാറിനെ സന്ദർശിച്ചു. പാദുവായിൽ പുതുക്കിപ്പണിത ദൈവാലയം സന്ദർശിക്കുകയും റോയി കടുപ്പിൽ അച്ചന്റെ ദിവംഗതനായ പിതാവിന്റെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു. വൈകുന്നേരം തൃശ്ശൂർ മൈനർ സെമിനാരിയിലെത്തി രോഗാവസ്ഥയിൽ ആയിരിക്കുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനെ സന്ദർശിച്ചു.

10 ചുങ്കക്കുന്ന് ഇടവകയിൽ വച്ച് ദീപഗിരി ഇടവകയുടെ വികാരിയായ ഫാദർ മാത്യു വാലിയത്തിൽ OFM-ന്റെ ദിവംഗതനായ പിതാവ് തോമസ് വാലിയത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് എടൂർ ഇടവകയിൽ മരണമടഞ്ഞ ജോമി മടപ്പാട്ടിന്റെ ഭവനം സന്ദർശിച്ച് ഓപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11 കോടഞ്ചേരി ഇടവകയിൽ സ്വമാതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

12 കുന്നോത്ത് ഫൊറോന പള്ളിയിൽ വച്ച് ദീൻ പോൾ വേഴാശ്ശേരിയും അഞ്ജന കോഴിയാനിക്കുന്നേലും തമ്മിലുള്ള വിവാഹത്തിന് മുഖ്യകാർമികത്വം വഹിച്ചു.

13 ഉച്ചകഴിഞ്ഞ് കുന്നോത്ത് ഫൊറോന പള്ളിയിൽ വച്ച് വർഗ്ഗീസ് മടത്തിക്കുന്നത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

17 കോട്ടൂർ ഇടവകയിൽ വച്ച് പി.ഡി. ജോസഫ് വട്ടക്കാവുങ്കലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

**NOVEMBER 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | | |
|---|---|---|---|
| 02 | 10:00 am | - | Anamanjal: Jubilee |
| 10 | | - | Kannur: Consecration |
| 14 | 10:00 am | - | Karunapuram:Jubilee |
| 15 | 4:00 pm | - | Edoor: Parish Feast |

**Secretary to the Archbishop Emeritus**

CONGRATULATIONS...

50 Years Golden Jubilee

# GOLDEN JUBILERIANS



Rev. Fr. Joseph
**Karakunnel**



Rev. Fr. George
**Pulickal**

CONGRATULATIONS...

# SILVER JUBILERIANS

25 years Silver Jubilee



Rev. Fr. James
**Chellamkottu**



Rev. Fr. Thomas
**Edattu**



Rev. Fr. Mathew
**Mulayolil**



Rev. Fr. Scaria
**Nirappel**



Rev. Fr. Abraham
**Puthussery**



Rev. Fr. Johnson
**Thottathil**



Rev. Fr. George
**Thykunnumpuram**

RNI Reg. No. 5910 Date of Publication: 28/10/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 11 വില : ₹10

# നവംബർ 01

# സകല വിശുദ്ധരുടെയും തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.